Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 ഇടവം 5 ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 മേയ് 19 | ലക്കം 37

## പൌരസ്ത്യറീത്തുകൾ

(ജെ. കെ. തയ്യിൽ എസ്. ജെ.)

കത്തോലിക്കാസഭയുടെ പ്രത്യേകതയാണു് അവളുടെ അപ്പസ്തോലപൌരാണികത്വവും, വിശ്വാസഐക്യവും. "വൈവിദ്ധ്യം ഭംഗികൂട്ടും" എന്ന മഹദ്വാക്യം കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം അന്വർത്ഥമാണു്.

അപ്പസ്തോലന്മാർ ലോകത്തിൻെറ നാനാഭാഗങ്ങളിലുംപോയി ക്രിസ്തുവിൻെറ സ്വർഗ്ഗീയസന്ദേശം, സ്നേഹത്തിൻെറയും ത്യാഗത്തിൻെറയും കാൽവരിയിലെ പരമയാഗം സകല സൃഷ്ടികളോടും പ്രസംഗിച്ചു അവരെ പിതാവിൻെറയും, പുത്രൻെറയും, പരിശുദ്ധാത്മാവിൻെറയും നാമത്തിൽ സ്നാനപ്പെടുത്തി ഏകവിശ്വാസത്തിൽ കേന്ദ്രീകരിച്ചപ്പോൾ, കത്തോലിക്കാസഭ വൈദേശികമെന്നോ, സാമുദായികാചാരങ്ങൾക്കും, ദേശീയസമ്പ്രദായങ്ങൾക്കും വിരുദ്ധമെന്നോ ഒരിക്കലും സമർത്ഥിച്ചില്ല. ക്രിസ്തു സകല ലോകത്തിൻെറയും രക്ഷകനായിരിക്കുന്നതുപോലെ ക്രിസ്തുവിൻെറ ദിവ്യസന്ദേശവും സകല ലോകത്തിനും പൊതുവാകുന്നു. അവിടെ യഹൂദനെന്നോ, ബർബരനെന്നോ, ലാററിനെന്നോ, ഗ്രീക്കെന്നോ വ്യത്യാസമില്ലാതെ എല്ലാവരിലും മിശിഹായായ ക്രിസ്തുവിൽ അവരെല്ലാം ഒരേ സ്വർഗ്ഗീയ പിതാവിൻെറ വത്സലസന്താനങ്ങളും, ഒരേ ദൈവപുത്രൻെറ ശ്രേഷ്ഠസഹോദരങ്ങളും, ഒരേ പരിശുദ്ധാത്മപിയുടെ വിശുദ്ധാലയങ്ങളും ആകുന്നുവെന്നു ക്രിസ്തു മുതൽ അവസാനത്തെ അപ്പസ്തോലൻവരെ ഉച്ചൈസ്തരം ഘോഷിച്ചു; തദ്വാരാ ഏകയോഗമായി പ്രവർത്തിച്ചു.

കത്തോലിക്കാസഭയിൽ വിശ്വാസത്തിനും സന്മാർഗ്ഗത്തിനും, അപ്പസ്തോലപൌരാണികത്വത്തിനും, ഐക്യത്തിനും, പവിത്രീകരണത്തിനും ഈഷദീഷദ്വ്യത്യാസമില്ലെങ്കിലും അവർ സകലരുടെയും ഭാഷാപ്രതിപത്തിയേയും, സാമുദായികാചാരങ്ങളേയും, ദേശീയനടപടികളേയും സർവ്വത്ര ആദരിക്കുന്നു എന്നതിൻെറ ഒരു പ്രത്യക്ഷലക്ഷണമാണു് കത്തോലിക്കാസഭയിൽ നാമിന്നു കണ്ടുവരുന്ന റീത്തുകൾ അഥവാ വിശ്വാസാചാരങ്ങൾ.

റീത്തെന്നു പറഞ്ഞാൽ ഇവിടെ വിവക്ഷചെയ്യുന്നതു ആരാധനാക്രമത്തിൻെറ വിധം അല്ലെങ്കിൽ രീതി എന്നുമാത്രമാണു്. ഈ രീതിയിൽ, അഥവാ ആരാധനാച്ചടങ്ങുകളിൽ വിവിധ ഭാഷകളും വിവിധ കർമ്മാചാരങ്ങളും പൌരാണികമായി സ്ഥലംപിടിച്ചുവന്നു. ഇന്നു അങ്ങനെ ക്രിസ്ത്യാനികളുടെയിടയിൽ ആരാധനാക്രമത്തിനായി പാശ്ചാത്യറീത്തും പൌരസ്ത്യറീത്തും ഉപയോഗത്തിലിരിക്കുന്നു. അകത്തോലിക്കരുടെ ഇടയിലുള്ള റീത്തുവ്യത്യാസങ്ങളെപ്പററിയോ, പാശ്ചാത്യറീത്തിൻെറ മാഹാത്മ്യത്തെക്കുറിച്ചോ ഇവിടെ വിസ്തരിക്കണമെന്നു വിചാരിക്കുന്നില്ല.

എണ്ണംകൊണ്ടും വണ്ണംകൊണ്ടും പാശ്ചാത്യറീത്താണു് ഒന്നാംസ്ഥാനം കരസ്ഥമാക്കിയിരിക്കുന്നതു്. പാശ്ചാത്യറീത്തിൽ പ്രഥമസ്ഥാനം അർഹിക്കുന്നതു് റോമൻ അഥവാ ലത്തീൻറീത്തും, വളരെ ചുരുക്കമായിമാത്രം ഉപയോഗിക്കുന്ന ഗാല്ലിക്കൻ, അംബ്രോസിയൻ അഥവാ മിലനീസ്, മോസ്സാരാബിക് റീത്തുകളുമാണ്. ഓരോ റീത്തിനും അതിൻെറ ആചാരക്രമങ്ങൾ പ്രഥമവും പ്രധാനവുമായുപയോഗിക്കുന്നതു ദിവ്യപൂജാർപ്പണത്തിലും, കൂദാശകളിലും, വൈദികരുടെ പ്രാർത്ഥനാക്രമത്തിലും, കൂദാശപര(Sacramentals) പ്രവൃത്തികളിലുമാണ്. ഈ ആചാരങ്ങളിലും ആരാധനാക്രമത്തിലും ഓരോ റീത്തും സാധാരണ ഓരോ ഭാഷയാണുപയോഗിക്കുന്നതു്. ഇങ്ങനെ പാശ്ചാത്യറീത്തു് ലത്തീനും, അല്പാല്പമായി അറബിഭാഷയും ഉപയോഗിക്കുന്നു. അംബ്രോസിയൻ റീത്തും അല്പസ്വല്പമായി ഇററാലിയനും ഉപയോഗിക്കുന്നപോൽ. അതുപോലെതന്നെ പൌരസ്ത്യറീത്തിൽ അനേക പൌരസ്ത്യഭാഷകൾ ഉപയോഗിക്കുന്നുണ്ടു്. ഇന്നു നമ്മുടെ മലയാളവും ഒരു റീത്തുഭാഷയായി തീർന്നിരിക്കുന്നു.



ബാലനായ ക്രിസ്തു ബാലമദ്ധ്യത്തിൽ

"അവൻ അവരോടൊന്നിച്ചു നസ്രത്തിലേക്കു മടങ്ങി അവിടെ അവർക്കു കീഴ്പ്പെട്ടു ജീവിച്ചു......ഈശോ ജ്ഞാനത്തിലും, പ്രായത്തിലും, ദൈവത്തിൻെറയും മനുഷ്യരുടേയും മുമ്പിൽ പ്രസാദവരത്തിലും വളർന്നുവന്നു."

4-ാംപ്രമാണം പ്രത്യേകിച്ചും ബാലികാബാലന്മാരുടെ പ്രമാണമാണു്.

പൌരസ്ത്യറീത്തിലെ സകല കത്തോലിക്കരും പാശ്ചാത്യപാത്രിയർക്കീസായ റോമാ മാർപ്പാപ്പായെ കത്തോലിക്കാ തിരുസ്സഭയുടെ പരമാദ്ധ്യക്ഷനായി സ്വീകരിച്ചു് അദ്ദേഹത്തിൻെറ പരമാധികാരത്തേയും അപ്രമാദിത്വത്തേയും അംഗീകരിച്ചിരിക്കുന്നു. ഈ പരമാദ്ധ്യക്ഷനായ മാർപ്പാപ്പായുടെ കീഴിൽ അലക്സാണ്ഡ്റിയാ, ആൻറിയോക്ക്, ജറുസലേം, കോൺസ്റ്റൻറിനോപ്പിൾ എന്നീ നാലു കേന്ദ്രങ്ങളിലായി നാലു പാത്രിയർക്കീസന്മാരും, ബിസൈൻറൻ, അലക്സാണ്ഡ്റിയൻ, അന്ത്യോക്യൻ, അർമീനിയൻ, കൽഡയൻ എന്നു അഞ്ചു റീത്തുകളുമുണ്ടു്. ബിസൈൻറൻ റീത്തു് ജറുസലേമിലെ ഒന്നാമത്തെ മെത്രാനായ വി. യാക്കോബ് അപ്പസ്തോലൻ നടപ്പിൽ വരുത്തിയെന്നും, അതിനെ വി. ബാസിൽ, ക്രിസോസ്തോം, എന്നീ പുണ്യവരേണ്യരും പണ്ഡിതശിരോമണികളും വേണ്ടത്ര പരിഷ്കാരങ്ങളോടെ റോമൻ സാമ്രാജ്യത്തിൻെറ പുതിയ തലസ്ഥാനമായ കോൺസ്റ്റാൻറിനോപ്പിളിൽ നടപ്പിലാക്കിയെന്നും ഘോഷിക്കുന്നു. അലക്സാണ്ഡ്റിയായിൽ ക്രിസ്തുമതം പ്രസംഗിച്ചു വീരമരണമടഞ്ഞ സുവിശേഷകൻ വി. മാർക്കിൻെറ റീത്താണു് അലക്സാണ്ഡ്റിയൻ റീത്തെന്നു പറയുന്നു. ഇതുതന്നെ അല്പസ്വല്പ വ്യതിയാനങ്ങളോടുകൂടി കോപ്റ്ററിക്കു് സഭയും, മെൽക്കൈററു് സഭയും ഉപയോഗിച്ചുതുടങ്ങി. അന്ത്യോക്യൻറീത്തു് പഴയ ബിസൈൻറൻ റീത്തിൻെറ ഒരു വകഭേദമാണെന്നും അതു കാലാന്തരത്തിൽ അന്ത്യോക്യാ പാത്രിയർക്കീസ് തൻെറ കീഴിലുള്ള സകല സഭകളിലും ഉപയോഗിച്ചുവന്നുവെന്നും പറയുന്നു. അർമീനിയൻ റീത്തു് വി. ബാസിൽ നടപ്പിൽ വരുത്തിയ ഗ്രീക്കു് ആരാധനാക്രമത്തിൻെറ ഒരു പുതിയ പതിപ്പാണെന്നും, അതു അർമീനിയൻസഭ മുഴുവൻ ഉപയോഗിക്കുവാൻ തുടങ്ങിയെന്നും രേഖപ്പെടുത്തിയിരിക്കുന്നു. കൽഡയൻ റീത്തു് ഒരു വിശിഷ്ടവും വ്യത്യസ്തവുമായ പൌരസ്ത്യറീത്താണെന്നു പൌരസ്ത്യറീത്തുകളുടെ തിരുസംഘം സമർത്ഥിക്കുന്നു. അതിനു ചരിത്രപരമായി അന്ത്യോക്യൻ റീത്തുമായി ബന്ധമുണ്ടു്. ഈ കൽദായറീത്താണു് കൽഡിയൻസഭക്കാരും, മലബാറിലെ സുറിയാനികൽദായറീത്തുകാരും ഉപയോഗിക്കുന്നതു്.

പൌരസ്ത്യറീത്തുകളും പാശ്ചാത്യറീത്തുകളും തമ്മിൽ വേർതിരിയുവാനുള്ള പ്രധാനപ്പെട്ട കാരണങ്ങൾ വിശ്വാസത്തേയും ആചാരത്തേയുംകാൾ അധികമായി പാശ്ചാത്യരാജ്യങ്ങളിലുണ്ടായ രാഷ്ട്രീയവിപ്ലവങ്ങളും, സാമ്രാജ്യസ്ഥാപനങ്ങളും തജ്ജന്യമായ യുദ്ധങ്ങളും, ഭരണവൈപരീത്യങ്ങളുമാണു്. ഡയക്ലീഷൻ (-84—305), തിയഡോഷ്യസ് (395—408), ഹൊണോറിയസ് (395—423), വി. റോമൻ സാമ്രാജ്യ

സ്ഥാപനം (800) എന്നീ സമ്രാട്ടുകളുടേയും, സാമ്രാജ്യസ്ഥാപനങ്ങളുടേയും ചരിത്രം ഇതിനു വേണ്ടത്ര സാക്ഷ്യം വഹിക്കും. സംസ്കാരപരമായ വൈപരീത്യങ്ങളും ഈ വിഭജനത്തിനു സഹായകമായിനിന്നു. പൗരസ്ത്യറീത്തുകളിൽ കത്തോലിക്കാസഭയുമായി ഐക്യപ്പെട്ടുനില്ക്കുന്നകോപ്റ്റിക്ക്, എത്തിയോപ്യൻ, സിറിയൻ, കൽഡയൻ, അർമീനിയൻ, കൽദായസുറിയാനി, അന്ത്യോക്യൻ മലങ്കര, ബിസൻൈൻറൻ, മാറോനൈററ് എന്നീ റീത്തുകൾക്കെല്ലാം വേണ്ടപ്പെട്ട ധമ്മാദ്ധ്യക്ഷഘടനകളും, വൈദികരും, അത്മേനികളും ലോകത്തിൻെറ നാനാഭാഗത്തുമുണ്ട്. കോപ്റ്റിക്ക് സഭയ്ക്കു സ്വന്തം പാത്രിയക്കീസും 63000 വിശ്വാസികളുമുണ്ട്. ഈ സഭ അലക്സാണ്ഡ്റിയൻ റീത്തിൻെറ ഒരു ശാഖയാണ്. ഇന്നു അറബിഭാഷയും റീത്തുഭാഷയായിത്തീർന്നിരിക്കുന്നു. വിശ്വാസികൾ ഈജിപ്റ്റ്, പലസ്തീനാ, എറിട്രെയാ എന്നിവിടങ്ങളിലാണ് താമസിക്കുന്നതു്. കോപ്റ്റിക്ക് സഭയോടനുബന്ധപ്പെട്ട ഒരു അലക്സാണ്ഡ്റിയൻ റീത്തിൽപ്പെട്ടതാണ് എത്തിയോപ്യൻസഭ. ഇവർ ഉപയോഗിക്കുന്ന ഭാഷ ഗീസാണ്. വിശ്വാസികളുടെ എണ്ണം 38,584. അന്ത്യോക്യൻറീത്തിലെ വിവിധ സഭകളാണ് പാശ്ചാത്യസുറിയാനി, മാറോനീത്തർ, മലങ്കര എന്നീ സഭകൾ. ഏഷ്യാമൈനർ, അമേരിക്കാ, ആസ്ത്രേലിയാ എന്നിവിടങ്ങളിലായി ഏകദേശം ഒരുലക്ഷം പാശ്ചാത്യസുറിയാനിക്കാരുണ്ട്. അവർ ഉപയോഗിക്കുന്ന റീത്തുഭാഷ സുറിയാനിയും അറബിയുമാണ്. അഞ്ചുലക്ഷത്തോളംവരുന്ന മാറോനീത്താക്കാർ സമീപപൗരസ്ത്യം, ആഫ്റിക്കാ, അമേരിക്കാ, ആസ്ത്രേലിയാ എന്നിവിടങ്ങളിൽ താമസിക്കുന്നു. അവരും സുറിയാനിയും അറബിയും റീത്തുഭാഷകളായുപയോഗിക്കുന്നു. ഇന്ത്യയിലേററവും പ്രശസ്തമായ അന്ത്യോക്യൻ പൗരസ്ത്യറീത്തിലെ സഭയാണ് മലങ്കര. മാർഇവാനിയോസിൻെറ പുനരൈക്യത്തോടെ 1930-ൽസ്ഥാപിതമായ ഈ സഭയിൽ ഇന്നു ഒരു മെത്രാപ്പോലീത്തായും മൂന്നു മെത്രാന്മാരും 69,823 വിശ്വാസികളുമുണ്ട്. സുറിയാനിയും മലയാളവുമാണ് റീത്തുഭാഷകൾ. അർമീനിയൻറീത്തിൽ 150,000 വിശ്വാസികൾ സമീപപൗരസ്ത്യരാജ്യങ്ങൾ, അമേരിക്ക എന്നിവിടങ്ങളിലായി താമസിക്കുന്നു. അവരുടെ റീത്തുഭാഷ സാഹിത്യഭാഷയായ അർമീനിയനാണ്. ബിസൻൈൻറൻറീത്തിൽ ഗ്രീക്ക്, മെൽക്കൈററു്, അൽബേനിയൻ, ഇററലോഗ്രീക്ക്, രുമേനിയൻ, റഷ്യൻ, രുബുവേനിയൻ, ഹങ്കേറിയൻ, യുക്രേയിൻ, യുഗോസ്ലാവിയൻ, സേർബ്, ബൾഗേറിയൻ, ജോർജിയൻ എന്നിങ്ങനെ പതിമൂന്നു സഭകളും 8,737,535 വിശ്വാസികളും ഉണ്ട്. അവർ ഗ്രീസ്, അമേരിക്ക, ഏഷ്യാമൈനർ, റഷ്യാ, ഇററലി, ബൾഗേറിയൻ രാജ്യങ്ങൾ, പോളണ്ട് എന്നിവിടങ്ങളിലായി അധികപങ്കും മതമർദ്ദനങ്ങൾക്കു ഇരയായി ജീവിക്കുന്നു.

കൽദായറീത്തിൻെറ രണ്ടു ശാഖകളാണ് കൽദായരും, കൽദായസുറിയാനികളും. കൽദായസഭയ്ക്കു ഏഷ്യാമൈനർ, അറേബ്യ എന്നിവിടങ്ങളിലായി 116,000 വിശ്വാസികളുണ്ട്. അവരുടെ റീത്തുഭാഷ സുറിയാനിയും അറബിയുമാണ്. കൽദായസുറിയാനിക്കാരുടെ അധിവാസസ്ഥലം നമ്മുടെ മലബാറാണ്. വി. തോമ്മാശ്ലീഹായിൽനിന്നും വിശ്വാസം സ്വീകരിച്ച് റീത്തു അംഗീകരിച്ചു 1900 കൊല്ലങ്ങളായി മലയാളക്കരയിൽ നിലകൊള്ളുന്ന ഈ കൽദായസുറിയാനിസഭയ്ക്കു ഇന്നു മലബാറിൽ എറണാകുളം കേന്ദ്രമായി ഒരതിരൂപതയും, ചങ്ങനാശേരി, കോട്ടയം, പാലാ, തൃശ്ശൂർ, തലശേരി എന്നിവിടങ്ങളിലായി അഞ്ചു രൂപതകളും, പത്തുലക്ഷത്തിലധികം — 1953 ലെകണക്കിൻപ്രകാരം 947,407 — വിശ്വാസികളുമുണ്ട്. ഈ സഭ ഉപയോഗിക്കുന്ന റീത്തുഭാഷയാണ് സുറിയാനി. ഇന്നു ഈ സഭയ്ക്കു ഭാരതത്തിൽ ഒരുന്നതമായ സ്ഥാനമാണുള്ളതു്. ഈ സഭയുടെ വീരസന്താനങ്ങളായി ആയിരത്തോളം വൈദികരേയും, വൈദികവിദ്യാർത്ഥികളേയും, സഹോദരരേയും, കന്യകകളേയും ഭാരതത്തിൻെറ നാനാഭാഗങ്ങളിലും കാണാവുന്നതാണ്. പോരാ ഇന്ത്യാ, ബർമ്മാ, പാക്കിസ്ഥാൻ, സിലോൺ എന്നീ രാജ്യങ്ങളിലായുള്ള 86 രൂപതാതിരൂപതകളിലും കൽദായസുറിയാനിക്കാരായ വൈദികരും, കന്യകകളും പ്രേഷിതവൃത്തിയിൽ ഏപ്പെട്ടിട്ടുണ്ട്. സുറിയാനിക്കാരുടെ വൻപിച്ചതോതിലുള്ള കുടിയേററവും

"എൽത്തുരുത്തു സെൻറു് അലോഷ്യസ് ബോർഡിംഗ് ഹൌസ് ജൂൺ 7-ാംതിയതി തുറക്കുന്നതാണ്. പ്രവേശനത്തിനാഗ്രഹിക്കുന്നവർ ബ. റക്ടരച്ചനോട് അപേക്ഷിക്കുക."

റെക്ടർ

ഇന്നു പരിശുദ്ധ സിംഹാസനത്തെ അത്യധികം സംതൃപ്തിപ്പെടുത്തിയിരിക്കുന്നു. അതിൻെറ ഒരു പ്രത്യക്ഷലക്ഷ്യമാണ് മലബാറിൽ പുതുതായി ഈയിടെ ഉടലെടുത്തിരിക്കുന്ന തലശേരി രൂപത. പരിശുദ്ധ സിംഹാസനത്തിൻെറ വലംകൈയായി, മാർപ്പാപ്പാ കഴിഞ്ഞാൽ പ്രധാനപ്പെട്ട ഉദ്യോഗസ്ഥനായി, കർദ്ദിനാൾതിരുസംഘത്തിൻെറ ഉന്നതസ്ഥാനിയായി, കർദ്ദിനാൾ മെത്രാന്മാരിൽ പ്രഥമനായി, പൗരസ്ത്യതിരുസംഘത്തിൻെറ കാര്യദർശിയായി, വിജ്ഞാനവിത്തേശനായി നിലകൊള്ളുന്ന അത്യുന്നത കർദ്ദിനാൾ യൂജിൻ ടിസറാങ്ങ്തന്നെ വി. തോമ്മാശ്ലീഹായുടെ തിരുശേഷിപ്പു റോമായിൽനിന്നും ഔദ്യോഗികമായി മലയാളക്കരയിൽ കൊണ്ടുവന്നു. അത്യാഡംബരമായി പരിശുദ്ധ സിംഹാസനത്തിൻെറ നേരിട്ടുള്ള നേതൃത്വത്തിലും നിയന്ത്രണത്തിലുമുള്ള ഒരു തീർത്ഥാടനചൈത്യത്തിൽ സ്ഥാപിച്ചതിൽനിന്നും, സ്വന്ത കൈകൾകൊണ്ടുതന്നെ കൽദായസുറിയാനി മെത്രാപ്പോലീത്തായ്ക്കു ഒരു സഹായമെത്രാനെ വാഴിച്ചു നൽകിയതുകൊണ്ടും, സുറിയാനിക്കാർ താമസിക്കുന്ന മലബാറിൽ അങ്ങോളമിങ്ങോളം ഒരു മാസത്തിലധികം ചുററിസഞ്ചരിച്ചു തൻെറ കുഞ്ഞുമക്കളെ സവാത്സല്യം സന്ദർശിച്ചു അവരുടെ സകല അഭിലാഷങ്ങളും സാഹചര്യങ്ങൾക്കനുസരിച്ചു സാധിച്ചുകൊടുത്തതുകൊണ്ടും, അവസാനം 75000 സുറിയാനി കുടിയേററക്കാരെ ഒരുമിച്ചുചേർത്തു ഒരു പുതിയ രൂപത സ്ഥാപിച്ചു തിരുസ്സിംഹാസനം കൽദായസുറിയാനിക്കാരെ അനുഗ്രഹസമ്പന്നരാക്കിയതുകൊണ്ടും, മലബാറിലെ സുറിയാനിസഭയ്ക്കുള്ള നിലയും വിലയും എന്തെന്നു നമുക്കു ഗ്രഹിക്കാമല്ലോ. "ഓ ഭാരതമേ, നിൻെറ വത്സലതനയന്മാരാകുന്നു നിൻെറ രക്ഷാകർത്തന്മാർ" എന്നു ഭാഗ്യസ്മരണാർഹനായ പതിമൂന്നാം ലെയോ മാർപ്പാപ്പാ തിരുവാ മൊഴിഞ്ഞതു ഇന്നു പ്രവൃത്തിപഥത്തിൽ ആക്കേണ്ടതു മലബാറിലെ സൂറിയാനിക്രിസ്ത്യാനികളാകുന്നു.

ജീവചരിത്രപംക്തി

# "ചൈനായിലെ റോസ്"

(ബേബി അക്കര; ഒല്ലൂർ)

നാട്ടും വീട്ടും വിട്ട് കാട്ടും കുടിലും കയറിയിറങ്ങി ക്രിസ്തുവിനെ പ്രതി ശാരീരികവും ആത്മീയവുമായ നന്മകൾ എല്ലാവർക്കും വിതരണം ചെയ്യുന്ന മിഷനറിമാരിൽനിന്നു് സത്യമതം ഗ്രഹിച്ച് ജീവിതവിജയമടഞ്ഞ ഒരു ബാലികാരത്നമാണ് അവൾ. ചുരുങ്ങിയ കാലയളവിൽ പുണ്യസോപാനത്തിൻെറ ഉന്നതപടിയിലെത്തുവാൻ അവൾക്കു് സാധിച്ചു. അവൾ മരിച്ചു. ഇന്നവൾവഴി അനേകം അനുഗ്രഹങ്ങൾ സാധിക്കുന്നു. "കുട്ടികളിൽ പോലും വിശുദ്ധന്മാരുണ്ടാകും" എന്ന പത്താംപീയൂസ് മാർപ്പാപ്പയുടെ വാക്യം അവൾ സാക്ഷാത്കരിക്കുന്നു.

ചൈനായുടെ തലസ്ഥാനമായ പെക്കിംഗിൽ, "വാംഗ്" എന്ന കുലീനവും, പ്രശസ്തവും, ധനികവുമായ ഒരു കുടുംബത്തിൽ 1917 ഏപ്രിൽ 1-ാംനു ഈ ബാലിക ജനിച്ചു. "ടാജൻ" എന്നായിരുന്നു അവളുടെ നാമം. അമ്മ അകാലമരണം പ്രാപിക്കയാൽ പിതാവിൻെറ സഹോദരി അവളുടെ വളർത്തമ്മയായി. ദുഃഖലേശമില്ലാത്ത ഒരു ഭാസുരഭാവി അവൾക്കുണ്ടെന്നു് എല്ലാവരും പ്രതീക്ഷിച്ചു.

പന്ത്രണ്ടാമത്തെ വയസ്സിൽ അവൾ അനാരോഗ്യയായിത്തീർന്നു. ക്ഷയരോഗമാണവളെ ബാധിച്ചിരിക്കുന്നതെന്നു കാണുകയാൽ 1929 ഫെബ്രുവരി 20-ാംനു സെൻറ് മൈക്കിൾസ് ആശുപത്രിയിലേക്കു് അവൾ അയക്കപ്പെട്ടു. അവിടെ ഉപവികളുടെ കന്യാസ്ത്രീകളുടെ ശുശ്രൂഷയിൽ അവൾ ദിവസങ്ങൾ പോക്കി. അതിരാവിലെ രണ്ടാംനിലയിൽനിന്നു് ശ്രുതിമധുരമായ ഗാനങ്ങൾ അവൾ കേട്ടിരുന്നു. അതേപ്പററി അവൾ നഴ്സിനോട് ചോദിച്ചു. കന്യാസ്ത്രീകൾ കപ്പേളയിൽ കീർത്തനങ്ങളാലപിച്ച് ദൈവത്തെ സ്തുതിക്കുകയാണെന്നു അവൾ ഗ്രഹിച്ചു. സാവധാനത്തിൽ കന്യാസ്ത്രീകൾ ആരോടു് പ്രാർത്ഥിക്കുന്നുവെന്നും, ദൈവം ആരാണെന്നും, മാമ്മോദീസ എന്താണെന്നും ആ ബാലിക നഴ്സിൽനിന്നു ഗ്രഹിച്ചു. വിളംബംവിനാ അവളതെല്ലാം ഒരു പുരോഹിതനിൽനിന്നും ശരിയായി പഠിച്ചു. നിഷ്കളങ്കയായ ആ ബാലികയ്ക്കു ആ തത്വോപദേശങ്ങൾ സത്യവും, സരളവും, ആശ്വാസപ്രദവുമായി തോന്നി. ഒററദിവസംകൊണ്ടു് കൊന്ത ജപിക്കുവാൻ അവൾ പഠിച്ചു. ഭക്തിയോടെ ധ്യാനിച്ചുകൊണ്ടു സാവധാനത്തിൽ ജപമാല ജപിച്ചിരുന്നു ആ അക്രൈസ്തവബാലിക.

അവൾ കത്തോലിക്കാ മതത്തെ ശരിയായി പഠിച്ചു. ജ്ഞാനസ്നാനവും പ്രഥമ ദിവ്യകാരുണ്യവും സ്വീകരിക്കുന്നതിനു് അവളുടെ പിഞ്ചുഹൃദയം വെമ്പൽകൊണ്ടു. വൈദികാനുമതി ലഭിച്ചു ഉടനെ അനുവാദത്തിനായി അവൾ പിതാവിനെഴുതി. പിതാവു് അവൾ ചെറുപ്പമാണെന്ന കാരണത്താൽ അതിനെ തടഞ്ഞു. 21 വയസ്സു തികയട്ടെ എന്ന മറുപടിയും കൊടുത്തു. സ്ഥിരചിത്തയും, ബുദ്ധിമതിയുമായ അവൾ ആവർത്തിച്ചാവർത്തിച്ചു കത്തുകളെഴുതി. ആർദ്രമനസ്കനായ പിതാവു് തൻെറ വത്സലപുത്രി ദൃഢവ്രതയാണെന്നറിഞ്ഞു് അനുഭാവപൂർവ്വം അവൾക്കു് അനുമതി നൽകി. മറിയ ത്രേസ്യാ എന്ന പേരാണ് അവൾ തിരഞ്ഞെടുത്തതു്. അവൾ ജ്ഞാനസ്നാനം സ്വീകരിച്ചു. പിറേറദിവസം അവൾ പ്രഥമ ദിവ്യകാരുണ്യവും സ്വീകരിച്ചു, അതിരററ ആനന്ദം അവളിൽ അനുഭവപ്പെട്ടു. ദിവ്യകാരുണ്യ സ്വീകരണാനന്തരം അവൾ പ്രാർത്ഥനപ്പുസ്തകം ഉപയോഗിക്കാൻ ഇഷ്ടപ്പെട്ടിരുന്നില്ല. "എനിക്കു് ദിവ്യനാഥനുമായി വളരെയധികം പറയാനുണ്ട്. പുസ്തകവായന അതിനു തടസ്സം വരുത്തുന്നു" എന്നായിരുന്നു അവൾ അതിനു കാരണം പറഞ്ഞിരുന്നതു്. കത്തോലിക്കാ മതതത്വങ്ങൾ അവൾ നന്നായി പഠിക്കുകയും അനാരോഗ്യയെങ്കിലും അന്യർക്കായി അവിശ്രമസഹായങ്ങൾ ചെയ്തു അവയെ പ്രായോഗികമാക്കുവാൻ സദാ തല്പരയായിരിക്കുകയും ചെയ്തു. ദിവ്യനാഥൻെറ മണവാട്ടിയാകുവാൻ അവളുടെ ഹൃദയം പിടഞ്ഞു. ആ പ്രാണനാഥനുവേണ്ടി എന്തും സഹിക്കുവാൻ അവൾ ഒരുക്കമായിരുന്നു. ആ അനുഗ്രഹത്തിനുവേണ്ടി അവൾ തീവ്രമായി പ്രാർത്ഥിക്കുകയും ചെയ്തു.

ദൈവംഅവളുടെ പ്രാർത്ഥനകേട്ടു. അവൾ ഇനിയും ക്ഷയരോഗത്താൽ പീഡിതയാണ്. എങ്കിലും ജീവിത സുഖഭോഗങ്ങൾ സുലഭമായി അനുഭവിക്കുന്നതിനു് കുടുംബസ്ഥിതിയും സാഹചര്യങ്ങളും അനുകൂലങ്ങളായിരുന്നു. പക്ഷെ സുഖലോലുപവും വ്യർത്ഥവുമായ ഒരു ജീവിതം അവൾ ഇഷ്ടപ്പെട്ടില്ല. തൻെറ സ്നേഹനാഥനായക്രിസ്തുവിനുവേണ്ടി സഹിക്കുന്നതിൽ അവൾ ആനന്ദംകണ്ടെത്തി.

അവൾ ഒരു കന്യാസ്ത്രീയാകുവാൻ തീവ്രമായി ആഗ്രഹിച്ചു. പന്ത്രണ്ടുവയസ്സിൽ അതു് സാദ്ധ്യമല്ലെന്നു് പലരും അവളെ ധരിപ്പിച്ചു. "എനിക്കു് പന്ത്രണ്ടാമത്തെ വയസ്സിൽ കന്യാസ്ത്രീയാകുവാൻ അവകാശമില്ല; എങ്കിലും ഇപ്പോൾത്തുടങ്ങി അതിനൊരുങ്ങാമല്ലോ" എന്നായിരുന്നു അവളുടെ മറുപടി. അങ്ങനെ ആദ്ധ്യാത്മിക ചൈതന്യത്തിലും പ്രസാദവരത്തിലും അവൾ ദിനംപ്രതി പുരോഗമിച്ചുകൊണ്ടിരുന്നു.

"എന്നെ അനുഗമിക്കുന്നവൻ അവൻെറ കുരിശും എടുത്തുകൊണ്ടു് എൻെറ പിന്നാലെ വരട്ടെ" എന്ന ക്രൂശിതനായ ക്രിസ്തുവിൻെറ ക്ഷണം അവൾ സ്വീകരിച്ചു ക്ഷയരോഗം അവളിൽ രൂക്ഷതരമാവുകയും അസഹനീയമായ വേദന അതുളവാക്കിക്കൊണ്ടിരിക്കുകയുംചെയ്തു. അവൾ അതെല്ലാം സസന്തോഷം സ്വീകരിച്ചു സഹിച്ചും ദൈവേഷ്ടത്തിനു് പരിപൂർണ്ണമായി കീഴ്വഴങ്ങിക്കൊണ്ടിരുന്നു.

അവളുടെ രോഗം വർദ്ധിച്ചു. മരണാസന്നയായ ആ പിഞ്ചുബാലിക കഷ്ടയാതനകളുടെ കാരിരുമ്പാണികളിൽ കിടന്നു് പിടയുകയാണ്. അവൾ ക്രൂശിതരൂപം വീണ്ടും വീണ്ടും ചുംബിച്ചുകൊണ്ടു് അത്ഭുതാവഹമായ ക്ഷമയോടുകൂടി അവസാനനിമിഷത്തെ ആകാംക്ഷയോടെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു.

അവൾ കന്യകാവ്രതം മരണംവരെ അഭംഗം സൂക്ഷിക്കുവാൻ ഇഷ്ടപ്പെട്ടു ഇതവൾ അച്ഛനോടും പറഞ്ഞിരുന്നു.

ഫെബ്രുവരി 24-ാംതീയതി രാത്രി ഏഴുമണിക്കു തോട്ടത്തിൻെറ ഉടമസ്ഥൻവന്നു മനോഹരമായ ആ പനിനീർപുഷ്പം ഇറുത്തുകൊണ്ടുപോയി. അവൾ പരലോകപ്രാപ്തയായി.

"ത്രേസ്യാ, ധൈര്യമായിരിക്കുക, നിൻെറ മദ്ധ്യസ്ഥയായ ഉണ്ണീശോയുടെ കൊച്ചു ത്രേസ്യ സ്വർഗ്ഗത്തിൽ അതാ നിന്നെ കാത്തുനില്ക്കുന്നു" എന്നു വൈദികൻ അവളെ ഓർമ്മിപ്പിച്ചപ്പോൾ അവൾ കണ്ണുകൾ സ്വർഗ്ഗത്തിലേക്കുയർത്തി കൈകൾ നീട്ടുകയും ഹൃദയാവർജ്ജകമായ ഒരു പുഞ്ചിരിയോടെ കണ്ണുകൾ അടയ്ക്കുകയും ചെയ്തു. കരങ്ങൾ തളർന്നുവീണു. പിന്നീടവ ചലിച്ചില്ല.

നേരത്തെ പ്രകടിപ്പിച്ചിരുന്ന അവളുടെ ആഗ്രഹമനുസരിച്ച് ശുഭ്രവസ്ത്രങ്ങൾ അണിയിച്ചു അവളെ സാഡംബരം സംസ്കരിച്ചു. പതിവിനു വിരുദ്ധമായി സിമിത്തേരിയിൽ ഉപവിയുടെ കന്യാസ്ത്രീകൾക്കായുള്ള പ്രത്യേക ഭാഗത്താണ് അവളെ സംസ്കരിച്ചതു്. വളരെക്കാലം മഴപെയ്യാതിരുന്ന പെക്കിംഗിൽ അപ്രതീക്ഷിതമായി തൽസമയം ഒരു മഴ പെയ്തു് ഈ പുണ്യചരിതയുടെ ആദ്യത്തെ അനുഗ്രഹവർഷമായിരുന്നിരിക്കാം. ചൈനയുടെ മാനസാന്തരവും മറിയത്രേസ്യാവഴി ദൈവം സഫലമാക്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

—o—



# "ബാലരക്ഷകസൈന്യം"

ബാലികാബാലന്മാരുടെ സ്വഭാവരൂപവൽക്കരണത്തിൽ ഉത്തരവാദിത്വപ്പെട്ട മാതാപിതാക്കന്മാരെയും അദ്ധ്യാപികാദ്ധ്യാപകന്മാരെയും ഉൽക്കണ്ഠാകുലരാക്കുന്ന ഒരു കാര്യമാണ് കുട്ടികളുടെ ശിക്ഷണം. അവർ മേലധികാരികളെ അനുസരിക്കുന്നവരായിരിക്കുമോ, മാതാപിതാക്കന്മാരെ ബഹുമാനിക്കുമോ, കൂട്ടുകാരോട് അനുകമ്പയുള്ളവരായിരിക്കുമോ എന്നിങ്ങനെ അവരുടെ സ്വഭാവത്തിൽ വന്നുചേരാവുന്ന ഭവിഷ്യത്തുകളെ ആസ്പദിച്ചുള്ളതാണ് ഈ ഉൽക്കണ്ഠ. ഇക്കാര്യത്തിൽ പ്രായോഗികവും ഫലപ്രദവുമായ ഒരു നിവൃത്തിമാർഗ്ഗമുണ്ടാകുന്നതു ഏററം അഭിലഷണീയമായിരിക്കുമെന്നതിൽ പക്ഷാന്തരത്തിനവകാശമില്ല. ഈ വസ്തുതയെ ലക്ഷ്യമാക്കി സമാരബ്ധമായിട്ടുള്ള നിരവധി പ്രസ്ഥാനങ്ങളിൽ ഇന്നു പലേസ്ഥലത്തും വളരെ പ്രായോഗികമായി അനുഭവപ്പെട്ടിട്ടുള്ള ഒരു സംരംഭമാണ് "ബാലരക്ഷകസൈന്യം"—The Boy Saviour Regiment.

ഉദ്ദേശം 13കൊല്ലം മുമ്പു അമേരിക്കയിൽ റവ. ഫാദർ വില്യം എച്ച്. വാൽഷ് എസ്. ജെ. എന്ന ഒരു വൈദികനാണ് ഈ പ്രസ്ഥാനം സമാരംഭിച്ചതു്. ദീർഘകാലം അദ്ദേഹം അതിന്റെ നേതൃത്വം വഹിച്ചു. ഇപ്പോൾ അദ്ദേഹത്തിന്റെ സ്ഥാനത്തു പ്രവർത്തനം നയിച്ചുകൊണ്ടിരിക്കുന്നതു് റവ. ഫാദർ റൂസോ അലേസി എസ്സ്. ജെ. എന്ന വൈദികനാണ്. ഇന്ന് അതിന്റെ ശാഖകൾ മിക്ക സ്കൂളുകളിലും സ്ഥാപിച്ചു നടത്തിപ്പോരുന്നുണ്ട്.

### ഉദ്ദേശ്യം

ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനലക്ഷ്യം ബാലികാബാലന്മാർക്ക് അവരുടെ പ്രായത്തിനിണങ്ങിയ ഒരുത്തമ കൂട്ടുകാരനെ ബാലനായ ക്രിസ്തുവിൽ കാണിച്ചുകൊടുക്കുക എന്നുള്ളതാണ്. ബാലഹൃദയങ്ങൾ ആ മാതൃകയെ ഉത്സാഹപൂർവ്വം സ്വീകരിക്കുകയും അനുകരിക്കുകയും ചെയ്യുന്നു. അവിടത്തെ അനുസരണശീലത്തേയും, ബഹുമാനബോധത്തേയും, പരസ്നേഹതൃഷ്ണയേയും അവർ മാതൃകയാക്കുന്നു. ബാലനായ ക്രിസ്തുവിനെ അവരുടെ അനുദിനജീവിതകൃത്യങ്ങളിൽ മാതൃകയായിക്കാണുന്നതിനു അവർക്കു വിഷമമില്ല. അവരെപ്പോലെ അവിടുന്നു കളികളിലേർപ്പെട്ടിരിക്കുന്നതായും, വിദ്യാലയത്തിൽ പഠിക്കുന്നതായും, വീട്ടിലുള്ള ഉപകരണങ്ങളും കളിക്കോപ്പുകളും ഉപയോഗിക്കുന്നതായും, ഓരോ കാര്യങ്ങൾക്കു നിയോഗിക്കപ്പെടുന്നതായും ഭാവനചെയ്യുന്നതിനു അവർക്കു എളുപ്പത്തിൽ സാധിക്കും. അവയോരോന്നും സൗകര്യംപോലെ അനുകരിക്കുന്നതിന് അവർക്കു തന്മൂലം പ്രേരണലഭിക്കുന്നു. ഈ പ്രേരണകളെ സഫലമാക്കുന്നതിനുള്ള പരിശീലനമാണ് ബാലരക്ഷകസൈന്യം നൽകുന്നതു്. ബാലനായ ക്രിസ്തുവിനെ അനുസ്മരിച്ചും സമപ്രായക്കാരനായ അദ്ദേഹത്തോടുള്ള സ്നേഹത്തെ ആധാരമാക്കിയും ഒരു ദിവസത്തിൽ ഒരു സൽകൃത്യമെങ്കിലും ശ്രദ്ധാപൂർവ്വം ചെയ്യണമെന്നാണ് സൈനികനിയമം. പ്രഥമദൃഷ്ടിയിൽ ഇതു അത്ര ഗൗരവമായ ഒരു കാര്യമല്ലെന്നു വല്ലവർക്കും തോന്നിയെന്നുവരാം. പക്ഷെ അതിന്റെ പ്രേരകശക്തി അജയ്യമാണെന്നും വലുതായ ഗുണം അതുവഴിയായി സാധിക്കാമെന്നും ഇന്നുവരെയുള്ള അനുഭവം സാക്ഷ്യംവഹിക്കുന്നുണ്ട്.

### ചില അനുഭവങ്ങൾ

ന്യൂയോർക്കിലെ ഒരു വിദ്യാലയത്തിൽ "ബാലരക്ഷകസൈന്യ"ത്തെ സംബന്ധിക്കുന്ന ഒരു ഫിലിം പ്രദർശിക്കപ്പെട്ടു. ആ വിദ്യാലയത്തിലെ പട്ടുവികൃതിയായ ജോണി എന്ന ബാലനെ ഈ പ്രദർശനം ആഴമായി സ്പർശിച്ചു. ഒരാഴ്ചകഴിഞ്ഞു അവൻ ക്ലാസ്സിൽ എന്തെല്ലാം വികൃതിത്തരങ്ങളാണ് പ്രവർത്തിച്ചതെന്നറിയുവാൻ ഹെഡ്മാസ്റ്റർ രാവിലെ പരിശോധനനടത്തി. മററു കുട്ടികൾ വരുന്നതിനുമുമ്പു തന്നെ ജോണി ക്ലാസ്സിൽ വന്നിട്ടുണ്ടായിരുന്നു. അവൻ അവിടെയുണ്ടായിരുന്ന മേശയും കസേരയും ബെഞ്ചുകളും ഡസ്കുകളും എല്ലാം പൊടിതുടച്ചു വൃത്തിയാക്കുകയായിരുന്നു. ആശ്ചര്യപൂർവ്വം ഹെഡ്മാസ്റ്റർ ജോണിയോടു ഇതിന്റെ അർത്ഥമെന്താണെന്നാരാഞ്ഞു. ജോണി പറയുകയാണ്; ഞാൻ ബാലരക്ഷകനായ ക്രിസ്തുവിനെ അനുകരിക്കുവാൻ തീർച്ചപ്പെടുത്തി സംഘടനയിൽചേർന്നു കഴിഞ്ഞു. സാർ ദയവായി ഇതൊന്നും മററു കുട്ടികളോട് പറയരുതു്. എന്റെ സൽകൃത്യങ്ങൾ ആരും അറിയരുതെന്നാണ് എന്റെ ആഗ്രഹം.

സെൻറ് സ്റ്റനിസ്ലാവൂസ് സ്കൂളിൽ ബാലരക്ഷകന്റെ പണിപ്പുരയിലെ ചില രംഗങ്ങളുടെ ഒരു ഫിലിംപ്രദർശനം നടന്നു. കുട്ടികൾ നിരയായി ക്ലാസ്സുകളിലേക്കുപോകുന്നഅവസരത്തിൽപ്പോലും വഴിയിൽക്കണ്ട കടലാസുകഷണങ്ങൾപെറുക്കിക്കളയുന്നതിനു് അന്നുമുതൽ അവർ വളരെ ഉത്സാഹം പ്രദർശിപ്പിച്ചു. ഒരുദിവസം ടീച്ചർ ഒരു കുട്ടിയോട് ചോദിച്ചു, ഈവിധത്തിൽ പ്രവർത്തിക്കുന്നതിനു് അവരെ എന്താണ് പ്രേരിപ്പിച്ചതെന്നു്. ആ കുട്ടി പരമാർത്ഥമായി മറുപടി പറഞ്ഞു:- "ബാലരക്ഷകൻ പണിപ്പുരയിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന എല്ലാ മരക്കഷണങ്ങളും ചെറുചീളുകളും പെറുക്കിക്കളഞ്ഞു സ്ഥലം എപ്പോഴും വൃത്തിയായി സൂക്ഷിച്ചിരുന്നുവല്ലോ. അതുപോലെ നമ്മുടെ ക്ലാസ്സുമുറികളും സ്കൂൾ പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിൽ അദ്ദേഹത്തെ ഞങ്ങൾ അനുകരിക്കേണ്ടതല്ലേ?"

### മാർപ്പാപ്പാമാർ പ്രോത്സാഹിപ്പിക്കുന്നു

ബാലരക്ഷകസൈന്യം അവരുടെ സമപ്രായക്കാരനായ ക്രിസ്തുവിനെ അനുകരിക്കുന്നതിനുള്ള പ്രചോദനമാണ് ഈ സഖ്യം പ്രദാനം ചെയ്യുന്നതു്. പരിശുദ്ധമാർപ്പാപ്പാ പതിനൊന്നാം പീയൂസ് തിരുമനസ്സുകൊണ്ടു ഈ പ്രസ്ഥാനത്തെപ്പററി പറഞ്ഞിട്ടുള്ളതു്, "ബാലരക്ഷകപ്രസ്ഥാനം വിലമതിക്കത്തക്കതും ഫലദായകവുമാണ്. യുവജനങ്ങളുടെ പരിശീലനം അത്യധികം ആപല്ക്കരമായിത്തീർന്നിരിക്കുകയും, ചില രാജ്യങ്ങളിൽ അവരുടെ ബുദ്ധിയിലേക്കു ദൈവത്തേയും നമ്മുടെ ദിവ്യരക്ഷകനായ ക്രിസ്തുവിനേയും സംബന്ധിച്ചു വിദ്വേഷജന്യമായ വിഷം കുത്തിവയ്ക്കുന്നതിനുള്ള പൈശാചികമായ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന ഇക്കാലത്തു അതെത്ര സമീചീനമായ ഒരു പ്രസ്ഥാനമാണെന്നു വിശദമാണല്ലോ" എന്നാണ്.

പരിശുദ്ധപിതാവു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ ഈ പ്രസ്ഥാനത്തെ ഉള്ളഴിഞ്ഞു് അനുഗ്രഹിച്ചിരിക്കുകയാണ്: "ഇതു അമേരിക്കയിൽ മാത്രമല്ല, കത്തോലിക്കാലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും സംഘടിപ്പിക്കപ്പെടേണ്ടതാണു്" എന്നാണ് അവിടുന്നു് വിശദമാക്കിയിട്ടുള്ള അഭിലാഷം.

### സംഘടിപ്പിക്കേണ്ടവിധം

സംഘടനയുടെ ഇപ്പോഴത്തെ ഡയറക്ടറായ ഫാദർ റൂസോ അലേസിതന്നെ അതു സമാരംഭിക്കുന്നതിനുള്ള പ്രായോഗികനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഒരു ക്ലാസദ്ധ്യാപകനോ അദ്ധ്യാപികയോ സംഘടനയുടെ കുറെ സ്മാരകമെഡലുകൾ ഉണ്ടാക്കുക. അനന്തരം കുട്ടികളോടു ബാലനായ ക്രിസ്തുവിനെപ്പററിയും ഈ സംഘടനയെപ്പററിയും പറഞ്ഞു മനസ്സിലാക്കുക. അനന്തരം മെഡലുകൾ അവരുടെ ഇടയിൽ വിതരണം ചെയ്യുക. ഒരാഴ്ചയോ മറേറാ കഴിഞ്ഞു ബാലരക്ഷകന്റെ കുറെ ചിത്രങ്ങൾ ശേഖരിച്ചു കുട്ടികളെ ഒന്നിച്ചുകൂട്ടി സംഘടനയിൽ അംഗങ്ങളായി പ്രവർത്തിക്കുന്നതിനു ആഗ്രഹിക്കുന്നവരെ പ്രത്യേകം തിരിച്ചു അവർക്കു ഓരോ ചിത്രം കൊടുക്കുക. ബാലനായ ക്രിസ്തുവിനെ അനുകരിച്ചു അവർ അവരുടെ അനുദിനപ്രാർത്ഥനകൾ ക്രമമായും ഭക്തിയായും ചൊല്ലുന്നതിനും സഖ്യത്തിന്റെ നേതാവായ ബാലനായ ഈശോയോടുള്ള വാഗ്ദാനം ഓരോ ദിവസവും ക്ലാസിനു മുമ്പു ഒന്നിച്ചു ചെയ്യുന്നതിനും അവരെ ഉപദേശിക്കണം. സഖ്യത്തിന്റെ പ്രതിജ്ഞാജപം ഇപ്രകാരമാണ്:—

"എന്റെ നേതാവായ ബാലരക്ഷകനോടുള്ള എന്റെ ഭക്തിയെ ഞാൻ ഏററുപറയുന്നു. എന്റെ മേലധികാരികളോടു അനുസരണയും സഹപാഠികളോടു സ്നേഹവും ഞാൻ വാഗ്ദാനം ചെയ്യുന്നു. ഏവംവിധം പ്രായത്തിൽ വളരുന്നതോടൊപ്പം ദൈവത്തിന്റേയും മനുഷ്യരുടേയും മുമ്പിൽ ദൈവപ്രസാദവരത്തിലും ഞാൻ വളരുമാറാകട്ടെ"

ഈവിധത്തിൽ സമാരംഭിക്കുന്ന ഒരു സംഘടന പൂർത്തിയാകുന്നതിനും ബാലരക്ഷകസൈന്യത്തിന്റെ ഒരു പൂർണ്ണശാഖയാകുന്നതിനും നാലു വ്യവസ്ഥകളാണുള്ളതു:—

1. ഒരാൾ പൂർണ്ണഅംഗമാകുന്നതിനു മുമ്പു ഒരു പരീക്ഷകാലം ആവശ്യമുണ്ട്. അംഗമാകാൻ ആഗ്രഹിക്കുന്ന ആൾക്കു അതേപ്പററി പഠിക്കുന്നതിനും അതിന്റെ ആദർശത്തെ പ്രായോഗികമാക്കി പരിചയിക്കുന്നതിനും, സംഘടനയുടെ മേലധികാരികൾക്കു അവരെപ്പററി മനസ്സിലാക്കുന്നതിനും ഉള്ള കാലമാണിതു്. ഇതു പ്രായേണ ഒരു മാസത്തിൽ അധികമാകേണ്ടതില്ലെന്നാണ് വ്യവസ്ഥ.

2. അംഗമായി ചേരുന്നതിനു പേരുകൊടുക്കുന്ന ഓരോരുത്തരും അദ്ധ്യാപകനോ മേലധികാരിയോ ചൂണ്ടിക്കാണിക്കുന്ന ഒരു തെററു തിരുത്തുന്നതിനു പ്രത്യേകം ശ്രദ്ധിക്കണം. ഉദാഹരണം:- പുസ്തകങ്ങൾ വൃത്തിയായി സൂക്ഷിക്കാതിരിക്കുക, നഖം കടിക്കുക, ചീത്തവാക്കു പറയുക മുതലായവ. കുട്ടി അക്കാര്യത്തിൽ ശ്രദ്ധിക്കുന്നില്ല എന്നു കാണുകയാണെങ്കിൽ അംഗത്വത്തിനുള്ള യോഗ്യതയില്ലെന്നു തീരുമാനിക്കുകയും മെഡൽ മടക്കി വാങ്ങി ആ കുട്ടിയെ ഉപേക്ഷിക്കുകയും ചെയ്യണം. ഈ പരീക്ഷണം വീണ്ടും ആവർത്തിക്കാവുന്നതാണ്.

3. ബാലനായ ക്രിസ്തുവിനെ അനുസ്മരിച്ചു ഓരോരുത്തരും പ്രതിദിനം ഒരു സൽകൃത്യമെങ്കിലും ചെയ്യണം.

4. ബാലരക്ഷകസൈന്യത്തിന്റെ ഔദ്യോഗികമീററിംഗുകളിൽ അംഗങ്ങളെല്ലാം സംബന്ധിക്കുകയും പൊതുദിവ്യകാരുണ്യസ്വീകരണത്തിനുള്ള അവസരങ്ങളിൽ വിശുദ്ധകുർബാന സ്വീകരിക്കുകയും ചെയ്യണം.

ഈ നാലു വ്യവസ്ഥകൾ അനുസരിച്ചു മുന്നോട്ടു പോകുവാൻ തയ്യാറായിക്കഴിയുമ്പോൾ ഒരു പൊതുപരിപാടി നിശ്ചയിക്കുകയും ആഘോഷമായി സൈന്യരൂപവൽക്കരണചടങ്ങു നിർവ്വഹിക്കുകയും ചെയ്യാം. അംഗങ്ങളുടെ പേരു വിളിച്ചു എല്ലാവരും നിരയായി നിന്നു ഒരു ഭക്തഗാനം ആലപിക്കുകയും ആത്മീയോപദേഷ്ടാവു അവർക്കായി ഒരുപദേശം പറയുകയും അനന്തരം പ്രതിജ്ഞാജപം കൂട്ടമായി ചൊല്ലുകയും ചെയ്യണം. ആഴ്ചതോറും നടത്തുന്ന പൊതുമീററിംഗിൽ ഒരു പ്രത്യേക സൽകൃത്യം ആ ആഴ്ചയ്ക്കു നിർദ്ദേശിക്കണം. ഈ സംഘടനയുടെ ഫലം വിസ്മയാവഹമാണ്.

# ക്രൈസ്തവമിഷ്യനറിമാരെപ്പററി ഈ ശബ്ദഘോഷമെല്ലാം എന്തിനു്?

### ആർച്ചുബിഷപ്പ് ഡോക്ടർ പി. തോമസ്

ഇന്ത്യൻ കാത്തലിക്ക് ബിഷപ്സ് കോൺഫറൻസിന്റെ സിക്രട്ടറിയും ബാംഗളൂർ ആർച്ചുബിഷപ്പുമായ മോസ്റ്റ റവ. ഡോക്ടർ തോമസ് പോത്തക്കാമുറി തിരുമനസ്സുകൊണ്ടു് ഈയിടെ ബാംഗളൂരിൽ നടന്ന സമ്മർസ്കൂളിന്റെ 13-ാമത്തെ സമ്മേളനത്തിൽ പ്രസംഗിക്കവെ, ഇന്നു ഇന്ത്യൻ പാർലമെൻറിലും പുറമേയും മിഷനറിപ്രവർത്തനങ്ങളെ സംബന്ധിച്ചുണ്ടായിക്കൊണ്ടിരിക്കുന്ന നിരവധി പ്രസ്താവനകളെപ്പററി പരാമർശിക്കുകയുണ്ടായി. അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു:—

മിഷനറിമാർ അവരുടെ പ്രവർത്തനങ്ങളെല്ലാം വിദ്യാഭ്യാസപരവും പരസ്നേഹപരവുമായ കൃത്യങ്ങളിൽ ഒതുക്കിനിർത്തിക്കൊള്ളണമെന്നു പറയുന്നതിൽ യാതൊരർത്ഥവുമില്ല. അവരിവിടെ വരുന്നതു വ്യക്തിപരമായ ഒരു നിലയിലല്ല. ക്രിസ്തുവിന്റെ മതം പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തെ പുരസ്കരിച്ചാണ് അവരുടെ പ്രവർത്തനങ്ങൾ നയിക്കപ്പെടുന്നതു്. അവരുടെ അനിവാര്യമായ കർത്തവ്യങ്ങളുടെ നിർവ്വഹണത്തെ തടസ്സപ്പെടുത്തുന്നതിനുള്ള ഈ സംരംഭം, മതസ്വാതന്ത്ര്യവും എല്ലാ മതവിശ്വാസങ്ങൾക്കും തുല്യമായ സംരക്ഷണവും ഉറപ്പുനൽകിയിട്ടുള്ള ഒരു മതേതരരാഷ്ട്രത്തിൽ അവർക്കു സിദ്ധിച്ചിട്ടുള്ള ഭരണഘടനാപരമായ അവകാശങ്ങളെ ലംഘിക്കുന്ന ഒരു പ്രവൃത്തിയായിരിക്കും. ഭാരതത്തിൽ ക്രിസ്തുമതം ഒരു പുതിയ മതമല്ല. നമ്മുടെ വിശ്വാസാനുഷ്ഠാനങ്ങൾ ഒരുകാലത്തും നമ്മുടെ സഹപൗരന്മാർക്കു ശല്യത്തിനോ പ്രകോപനത്തിനോ കാരണമായിരുന്നിട്ടില്ല; അവ ഇന്നാകട്ടെ മേലിൽ എന്നെങ്കിലുമാകട്ടെ ഒരിക്കലും അത്തരത്തിൽ ആയിരിക്കുന്നതുമല്ല. പിന്നെന്തിനാണ് വിദേശമിഷനറിമാരേയും അവരുടെ പ്രേഷിതപ്രവർത്തനത്തേയുംപററി ഇടതടവില്ലാതെ ഈ ശബ്ദഘോഷം മുഴക്കുന്നതു്?

> "കത്തോലിക്കാസഭയ്ക്കെതിരായ ആരോപണങ്ങളിൽ പത്തിൽ ഒമ്പതും അസത്യമാണ്. വളരെയെണ്ണം വ്യഥാ കെട്ടിച്ചമച്ചവയാണ്."
>
> —സർ ആർണോൾഡ് ലൺ—

ഇന്ത്യയിൽ കത്തോലിക്കാസഭ പടിപടിയായി ഭാരതീകരിച്ചുകൊണ്ടിരിക്കുകയാണ്. 1947-ൽ ഇവിടെ 14 ഇന്ത്യൻ മെത്രാന്മാർ മാത്രമാണുണ്ടായിരുന്നതു്. ഇന്നാകട്ടെ, 30 പേർ ഏതദ്ദേശീയരാണ്. ആകെ 14 ആർച്ചുബിഷപ്പന്മാരുള്ളതിൽ 9 പേർ ഇന്ത്യാക്കാരാണ്. നമ്മുടെ മതസ്വാതന്ത്ര്യവും മതതാല്പര്യങ്ങളും ഇവിടെ സംരക്ഷിക്കപ്പെടുന്നതിനും അംഗീകരിക്കപ്പെടുന്നതിനും എല്ലാവരും ഒത്തൊരുമിച്ചു പരിശ്രമിക്കണമെന്നുൽബോധിപ്പിച്ചുകൊണ്ടു തിരുമേനി പ്രസംഗം ഉപസംഹരിച്ചു.

# "അമ്മയെ കാണണമോ?"

(വർഗ്ഗീസ് ജെ. മാളിയേക്കൽ)

("അമ്പിളി അമ്മാവാ" എന്നപോലെ)

ഉണ്ണിയെ കൈയിലേന്തി വിളങ്ങുന്നൊ-
രമ്മയെ കാണണമോ?
വർണ്ണിച്ചു ചൊന്നിടാം ഞാൻ കുറഞ്ഞൊന്നു
നിങ്ങളും കേട്ടിടുമോ?
പത്തൊടു രണ്ടു ചേർന്ന നക്ഷത്രമാ-
ത്തലചൂഴ്ന്നു നിൽപ്പൂ.
ഉത്തമഭക്തിപൂർവ്വം പാദാംബുജം
തിങ്കളും താങ്ങി നിൽപ്പൂ.
വാരൊളിച്ചന്ദ്രികയും വണങ്ങിടും
തൂവെൺനിറം കലരും
മേലങ്കിയും തലയിൽ നീലവർണ്ണ-
ലോലമാം കഞ്ചുകവും
പട്ടരവാറുചുററി അതിന്റെ
രണ്ടററവും തൊങ്ങലാക്കി
മട്ടോലും വാണിമാരിൽ ശ്രേഷ്ഠയമ്മ-
ചട്ടററഭംഗി പൂൽകി,
തൻവലംകൈയിയേററം മനോഹര
പൊൻജപമാലയോടും
നന്മുഖത്തുമലരിൽ മനോജ്ഞമാം
പൂഞ്ചിരിത്തൂമയോടും
മേഘവലയമതിൽ വിരിഞ്ഞിട്ടും
മോഹനതേജസ്സായി
മാനസകോരകങ്ങൾ വിടുത്തിട്ടും
മേദുരദീപ്തിയായി
വാനവരാവഹിക്കും മഹോന്നത
സ്നേഹസിംഹാസനത്തിൽ
മോക്ഷറാണി വരുന്നു കൂപ്പുകരം
കാഴ്ചകൾ വച്ചിടാനായ്.

തിരുസഭാചരിത്രം 28

# ആദിമസഭയിലെ ആചാരാനുഷ്ഠാനങ്ങൾ

(പ്രഫസർ പി. ററി. തോമസ് എം. എ.)

ആദ്യത്തെ മൂന്നു ശതകങ്ങളിൽ ക്രിസ്തുമതം റോമാസാമ്രാജ്യത്തിനകത്തും പുറത്തും അത്ഭുതകരമായ വളർച്ചയെ പ്രാപിച്ചു. ഇക്കാലത്തു് സഭയ്ക്കു് അതിൻെറ അസ്തിത്വം നിലനിർത്തുന്നതിനു വേണ്ടിയുള്ള ഒരു തീവ്രസമരത്തിൽ ഏർപ്പെടേണ്ടിവന്നു എങ്കിലും വിശ്വാസസത്യങ്ങൾ ക്രോഡീകരിക്കുന്നതിലും, ആരാധനക്രമം, കൂദാശക്രമം, ഭക്താനുഷ്ഠാനചര്യകൾ, ക്രിസ്തീയമായ സാമൂഹ്യക്രമം, സഭാഭരണക്രമം ഇവ സംവിധാനം ചെയ്യുന്നതിലും അവൾ ബദ്ധശ്രദ്ധയായിരുന്നു.

## ജ്ഞാനസ്നാനം

ആദിമസഭയിൽ നടപ്പിലിരുന്നിരുന്ന കൂദാശക്രമത്തെപ്പററിയാണു് ഈ ലേഖനത്തിൽ പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നതു്. ഒരാൾ തിരുസ്സഭയുടെ അംഗമായിത്തീരുന്നതിനു് ജ്ഞാനസ്നാനം സ്വീകരിക്കേണ്ടതാവശ്യമായിരുന്നു. തിരുസ്സഭാസ്ഥാപനത്തോടടുത്തുള്ള കാലത്തു് ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏതൊരുവനും ഉടനേതന്നെ ജ്ഞാനസ്നാനം നൽകപ്പെട്ടിരുന്നു. എന്നാൽ, പിന്നീടു് ഒരാൾ ക്രിസ്തുവിൽ വിശ്വസിച്ചാൽത്തന്നെയും രണ്ടോ മൂന്നോ സംവത്സരത്തെ പ്രത്യേകമായ ഒരുക്കത്തിനു ശേഷമേ അയാൾക്കു് ജ്ഞാനസ്നാനം നൽകാവു എന്നുള്ള നിബന്ധന നടപ്പിലായി. അദ്ധ്യയനകാലം (Catechumenate) എന്നാണു് ഈ കാലഘട്ടത്തെ വിളിച്ചുവന്നിരുന്നതു്. ജ്ഞാനസ്നാനത്തിനുവേണ്ടിയുള്ള ഈ ശിക്ഷണത്തിൽ ഏർപ്പെട്ടിരുന്നവർ അദ്ധ്യേതാക്കൾ (Catechumens) എന്നപേരിൽ അറിയപ്പെട്ടിരുന്നു. അവസാനത്തെ അപ്പസ്തോലൻെറ മരണത്തിനു മുൻപുതന്നെ ഈ ഏർപ്പാടു് നടപ്പിൽവരികയുണ്ടായി. വിശുദ്ധ കുർബാനയുടെ കാഴ്ചവെയ്പുവരെയുള്ള ഭാഗത്തിൽ മാത്രമേ ഈ അദ്ധ്യേതാക്കൾക്കു് (Catechumens) സംബന്ധിക്കുവാൻ അനുവാദമുണ്ടായിരുന്നുള്ളൂ. ദിവ്യബലിയുടെ പ്രസ്തുത ഭാഗത്തിനു് മതാദ്ധ്യേതാക്കളുടെ കുർബാന (the Mass of the Catechumens) എന്ന പേരു് ലഭിക്കുകയുണ്ടായി. ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനു മുൻപുള്ള കുറേ ആഴ്ചകളിൽ അദ്ധ്യേതാക്കൾ (Catechumens) അടുത്തടുത്തു് ദൈവാലയത്തിൽ പോകേണ്ടിയിരുന്നു. അപ്പോഴൊക്കെയും മെത്രാനോ അദ്ദേഹത്തിൻെറ കീഴിലുള്ള വൈദികരിൽ ആരെങ്കിലുമോ അവരുടെ ശിരസ്സിൽ കൈവയ്ക്കുകയും, അതേസമയം വിശുദ്ധ ത്രിത്വത്തിൻെറ നാമത്തിൽ അവർ പിശാചിൻെറ അധിപത്യത്തിൽനിന്നു വിമോചിതരാകണമേ എന്നുള്ള പ്രാർത്ഥന മറെറാരാൾ ചൊല്ലുകയും ചെയ്തിരുന്നു. വിശ്വാസപ്രമാണത്തെ അധികരിച്ചുള്ള പ്രത്യേക പ്രബോധനങ്ങളും അവർക്കു നൽകപ്പെട്ടിരുന്നു. എന്നാൽ വിശ്വാസപ്രമാണത്തിൻെറയും "ആകാശങ്ങളിലിരിക്കുന്ന". എന്ന ജപത്തിൻെറയും പൂർണ്ണരൂപം ജ്ഞാനസ്നാനമണ്ഡപത്തിലേക്കു പ്രവേശിക്കുമ്പോൾ മാത്രമേ അവരെ ധരിപ്പിച്ചിരുന്നുള്ളൂ. ക്രിസ്തുമതത്തെ സംബന്ധിച്ചുള്ള ഗഹനങ്ങളായ രഹസ്യങ്ങൾ, പ്രത്യേകിച്ചു് പരിശുദ്ധ കുർബാനയെ സംബന്ധിക്കുന്നവ, ജ്ഞാനസ്നാനത്തിനു ശേഷമേ അവർക്കു വ്യാഖ്യാനിച്ചുകൊടുത്തിരുന്നുള്ളൂ. വളരെ കരുതലോടും നിർദ്ദിഷ്ടക്രമമനുസരിച്ചുമാണു് ഈ രഹസ്യങ്ങൾ അവക്കു് വെളിപ്പെടുത്തിക്കൊടുത്തിരുന്നതു്. അവയെപ്പററി എഴുതുന്നതും സംസാരിക്കുന്നതും വളരെ രഹസ്യം പാലിച്ചുകൊണ്ടായിരുന്നു. ഈ ഏർപ്പാടു് രഹസ്യശിക്ഷണം (the Discipline of the Secret) എന്നപേരിൽ അറിയപ്പെട്ടുപോന്നു.

ആദിമസഭയിലെ ജ്ഞാനസ്നാനക്രമത്തെപ്പററി തെർത്തുല്യൻ നൽകുന്ന വിവരണം താഴെ ചേർക്കുന്നു. ആദ്യമായി മാമ്മോദീസാ സ്വീകരിക്കേണ്ടവർ പിശാചിനേയും അവൻെറ പ്രവൃത്തികളേയും ആഡംബരങ്ങളേയും ഉപേക്ഷിക്കുന്നതായി ഏററുപറയുന്നു. പിന്നീടു് അവർ വിശ്വാസപ്രമാണവും "ആകാശങ്ങളിലിരിക്കുന്ന" എന്ന ജപവും ചൊല്ലുന്നു. വൈദികരുടെയും ശമ്മാശന്മാരുടേയും സഹായത്തോടുകൂടി മെത്രാനാണു് ജ്ഞാനസ്നാനം നൽകിയിരുന്നതു്. സ്ത്രീകൾക്കു മാമ്മോദീസാ നൽകുന്ന അവസരത്തിൽ സഹകാർമ്മികരായിരുന്നതു് ശമ്മാശ്സ്ഥാനികളായ സ്ത്രീകൾ (Deaconesses) തന്നെയായിരുന്നു. മേല്പറഞ്ഞ ജപങ്ങൾ ഉച്ചരിച്ചശേഷം കൂദാശാർത്ഥികളെ മൂന്നുവട്ടം വെള്ളത്തിൽ മുക്കുന്നു. ആദ്യകാലത്തു് നദികളിലോ, കുളങ്ങളിലോ, കടലിലോ ആണു് മുക്കിയിരുന്നതു്. പിന്നീടാണു് സഭയുടെ വകയായുള്ള കെട്ടിടങ്ങളുടെ ഉള്ളിൽവച്ചു് കൂദാശ നൽകുന്ന ഏർപ്പാടു നടപ്പിൽ വന്നതു്.

ജ്ഞാനസ്നാനം കഴിഞ്ഞാലുടനേതന്നെ തൈലാഭിഷേചനവും (മുമ്പിലത്തെ ഒപ്രൂശുമാ) നൽകപ്പെട്ടിരുന്നു. അപ്പസ്തോലകാലത്തു് ജ്ഞാനസ്നാനം നൽകുന്നതിനു് പ്രത്യേക ദിവസങ്ങൾ നിശ്ചയിക്കപ്പെട്ടിരുന്നില്ല. എന്നാൽ പിന്നീടു് വലിയശനിയാഴ്ച (Holy Saturday) മാത്രം ആഘോഷമായി മാമ്മോദീസാ നൽകുന്ന പതിവു് നടപ്പിലായി. മാമ്മോദീസാ സംബന്ധിച്ചുള്ള ആഘോഷങ്ങൾ എട്ടുദിവസത്തേക്കുണ്ടായിരുന്നു. പുതുതായി ജ്ഞാനസ്നാനം സ്വീകരിച്ചവർ (Neophytes) ഈ ദിവസങ്ങളിൽ വെള്ളനിറത്തിലുള്ള വസ്ത്രം ധരിച്ചിരിക്കണമെന്നായിരുന്നു മുറ. ഉയിർപ്പുതിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച മാത്രമേ ഈ വെള്ളവസ്ത്രം നീക്കിയിരുന്നുള്ളൂ.

അഞ്ചാംശതാബ്ദത്തിൻെറ പ്രാരംഭഘട്ടംവരെയും ശിശുക്കളെ മാമ്മോദീസാ മുക്കുക വളരെ അപൂർവ്വമായിരുന്നു. സാധാരണയായി ജ്ഞാനസ്നാനസ്വീകരണം കഴിയുന്നത്ര നീട്ടിവയ്ക്കുകയായിരുന്നു പതിവു്. ക്രിസ്തീയജീവിതത്തിൻെറ ഗൗരവമേറിയ കർത്തവ്യങ്ങൾ ഏറെറടുക്കുന്നതിലുള്ള ഭീതിയായിരുന്നിരിക്കാം ഇതിൻെറ കാരണം. എങ്കിലും മരണം ആസന്നമാകുന്നു എന്നു കണ്ടാൽ ഉടൻതന്നെ മാമ്മോദീസാ സ്വീകരണവും നടത്തപ്പെട്ടിരുന്നു. ശിശുക്കളുടെ ജ്ഞാനസ്നാനം അത്ര സാധാരണയായിരുന്നില്ലെങ്കിലും അതു് സാധുവും അപ്പസ്തോലിക പാരമ്പര്യത്തിനനുയോജ്യവുമായിരുന്നു എന്നുള്ളതിനു് ഇറേനിയൂസ്, ഓറിജൻ, സിപ്രിയാൻ എന്നിവർ സാക്ഷ്യം വഹിക്കുന്നുണ്ടു്. A. D. 200-ാമാണ്ടോടടുത്തു് നടന്നിട്ടുള്ള ശിശുജ്ഞാനസ്നാനത്തെപ്പററി തെർത്തുല്യൻ പ്രസ്താവിക്കുന്നുണ്ടു്.

ജ്ഞാനസ്നാനം സ്വീകരിക്കുന്നതോടുകൂടി ഒരാൾ സഭയുടെ അവിഭാജ്യഘടകമായിത്തീരുന്നു. അന്നുമുതൽ വിശ്വാസസംബന്ധമായ എല്ലാ അവകാശങ്ങളും അയാൾക്കു സ്വായത്തമായിത്തീരുന്നു. ഇവയിൽ ഏററം പ്രധാനമായിട്ടുള്ളതു് ദിവ്യബലിയിൽ സംബന്ധിക്കുന്നതിനും പരിശുദ്ധ കുർബാന സ്വീകരിക്കുന്നതിനുമുള്ള അവകാശമാണു്.

ചെറുകഥ

# പണപ്പിരിവ്

(ജയിംസ് കെ. സി., മണിമല)

"തൊമ്മച്ചനില്ലേ ഇവിടെ?"

"ബൗ വൂ—ബൗ .."

"പട്ടി കടിക്കരുതെ".

"ബൗവൂ ..ബൗ—ബൗ..."

"തൊമ്മച്ചാ പട്ടി കടിക്കല്ലേ?"

"ബൗ..ബൗ. ബൗ വൂ..ബൗ..."

ഉദഗ്രഗംഭീരനായ ആ ശ്വാനൻ ഞങ്ങളുടെനേരെ ചാടി. വീട്ടിൽനിന്നു് ഒരു നിരോധനവാക്കുപോലും പുറപ്പെടുന്നില്ല. വരുന്നവരെയൊക്കെ കടിക്കാൻ പട്ടിയെ നിയോഗിച്ചിരിക്കുകയാണെന്നുതോന്നി.

തെല്ലൊരാശങ്കയോടെ മടിച്ചുമടിച്ചു ഞങ്ങൾ മുററത്തേക്കു കയറി.

"പട്ടി കടിക്കരുതെ."

ഞാൻ പിന്നെയും അപേക്ഷാരൂപത്തിൽ പറഞ്ഞു.

"ഉമ്പോ ... ഉമ്പോ....ഇവിടെ വാടാ സീസറെ.." അടുക്കളയിൽനിന്നു് ഒരു സ്ത്രീസ്വരം പുറപ്പെട്ടു.

അനുസരണമുള്ള സീസർ അപ്പുറത്തേക്കുപോയി. ഞങ്ങൾ വരാന്തയിലേക്കു കയറി. കതകുപലകയ്ക്കുള്ള നീളത്തിൽ മുറിച്ച ഉരുൾത്തടിപോലെ ഒരു രൂപം അരമതിലിൽ കിടക്കുന്നു. തടിച്ചു കുടവയർ ഭൂരിഭാഗവും മതിലിനു പുറത്താണു്. ആറുമുഴം നീളമുള്ള മുണ്ടു് വളരെ ഞെരുങ്ങിയാണുടുത്തിരിക്കുന്നതു്. അയാളുടെ തടിച്ചുരുണ്ടിയ മാംസപേശികൾ "അതിഭക്ഷണം ആപല്ക്കരം" എന്നുദ്ബോധിപ്പിക്കുന്നതുപോലെ തോന്നും.

"തൊമ്മച്ചൻ ഇവിടെയുണ്ടായിട്ടും പട്ടിയെ വിലക്കിയില്ലല്ലോ?" എൻെറ സ്നേഹിതൻ ജോസഫ് പറഞ്ഞു പട്ടിയുടെ കാര്യമോർത്തപ്പോൾ പിന്നെയും ഞങ്ങൾക്കു ഭയമായി. അവൻെറ മുരുമുരുപ്പുപോലെ ഒരു ശബ്ദവും. സീസർ പാത്തുപതുങ്ങി അടുത്തെത്താനുംവന്നു് നിയന്ത്രിതസ്വരത്തിൽ വെല്ലുവിളിക്കുകയാണെന്നു ഞങ്ങൾ വിചാരിച്ചു. അതുകൊണ്ടു് ആ നിദ്രാവശഗൻെറ കുക്കംവലിയെപ്പററി ശരിയായി മനസ്സിലാക്കാൻ അല്പസമയം വേണ്ടിവന്നു.

"തൊമ്മച്ചാ! തൊമ്മച്ചാ." ജോസഫ് കുലുക്കിവിളിച്ചു. ആ മനുഷ്യൻ കൈയും കാലുമൊക്കെ ഒന്നു നിവർത്തുവച്ചു് കണ്ണുതുറന്നു. ഉറക്കവും അയാളുംകൂടി ഞങ്ങളെ ഉറുനോക്കി.

"എന്താണു് ഈ നട്ടുച്ചയ്ക്കു്?"

"എന്നാ പറയാനാ" അയാൾ അരമതിലിൽത്തന്നെ എഴുന്നേററിരുന്നു പറഞ്ഞു. "ഓരോരുത്തനൊക്കെ വന്നോളും രാത്രിയിലും ശല്യപ്പെടുത്താൻ. വായനശാലയായി; ആശുപത്രിയായി; കോളെജായി; അങ്ങനെ തൊട്ടതിനൊക്കെ പണപ്പിരിവിനു വന്നോളും. ഒന്നുറങ്ങാനെങ്കിലും സമ്മതിക്കുമോ?"

"ഉറക്കം തികഞ്ഞില്ലെങ്കിൽ ഉറങ്ങാം. ഞങ്ങൾ ഇനി ഒരവസരത്തിൽ വരാം."

"ഹേ, ഇപ്പോഴത്തെക്കാര്യമല്ല. അങ്ങനെ രാത്രി ഉറക്കം കുറയുന്നതുകൊണ്ടാണു പകലുറക്കം വരുന്നതു്. അപ്പോൾ നിങ്ങളും, പണപ്പിരിവിനിറങ്ങിയതാണല്ലെ" തൊമ്മച്ചൻെറ സ്വരത്തിലെ പാരുഷ്യം അല്പംകൂടെ വർദ്ധിച്ചു.

"അതെ നമ്മുടെ പ്രൈമറിസ്കൂളിനു ചില പണികൾ അത്യാവശ്യമായിരിക്കുന്നു. പുതിയ ക്ലാസ്സിനു ഗ്രാൻറും അംഗീകാരവും കിട്ടണമെങ്കിൽ അതു നിർവ്വഹിച്ചേതീരൂ. രണ്ടുവർഷമായി മൂന്നദ്ധ്യാപകർ പട്ടിണിയിരുന്നു ജോലി ചെയ്യുകയല്ലേ?"

"ആരു്, പൊന്നാരിമംഗലത്തെ വാദ്ധ്യാരല്ലെ? അവനതു വരണം. എൻെറ പെണ്ണിൻെറ കുഞ്ഞിൻെറ തുട തല്ലിപ്പൊട്ടിച്ചവനാണവൻ. ഞാൻ ഇതിനു് ഒററക്കാശു തരിയേല. ഗ്രാൻറു കിട്ടാതെ അവൻ ഒന്നു വിഷമിക്കട്ടെ." പ്രതികാരത്തിൻെറ ഒരു പ്രോജ്ജ്വലനം തൊമ്മച്ചൻെറ വട്ടമുഖത്തു കാണാമായിരുന്നു. വലതു കൈയിലെ മൂണ്ടുവിരൽ അയാളെക്കാൾ അധികം പ്രസംഗിച്ചിരുന്നതുകൊണ്ടു ഞങ്ങൾ ശരീരാരോഗ്യം കരുതി അല്പം മാറി നിന്നു.

"അങ്ങനെ പറയരുതു തൊമ്മച്ചാ! അവർ ചെയ്യുന്ന സേവനം അമൂല്യമാണു്." ജോസഫ് ആ ഉറച്ച പാറയിൽ പിന്നെയും സൂചികൊണ്ടു് കുത്തിനോക്കുകയാണു്.

"ഉം— മാങ്ങാത്തൊലിയാണു്." എന്നെ ലക്ഷീകരിച്ചുകൊണ്ടു് അയാൾ തുടന്നു: "ഈ സാർ പിണങ്ങുമായിരിക്കും. എന്നാലും ഞാൻ ഉള്ളതുപറയും. വാദ്ധ്യാന്മാരെല്ലാം പിഴയാണു്. അവർ കൈക്കൂലി വാങ്ങിക്കും. പള്ളിക്കൂടത്തിൽ കുട്ടികൾ ചേരാൻ ചെല്ലുമ്പോൾ സംഭാവനസർട്ടിഫിക്കററു് മേടിക്കുമ്പം ഒക്ഷിണ. പിന്നെ തൊട്ടതിനെല്ലാം പിരിവു്. എന്നാലും ഓല കൊണ്ടുചെന്നില്ലെന്നും പറഞ്ഞു് ചിലപ്പോൾ പിള്ളേരെ ഇറക്കിവിട്ടുകളയും. പരീക്ഷകഴിഞ്ഞാൽ ജയിപ്പിക്കുമോ? അതുമില്ല."

"ഇതൊക്കെ അവരുടെ ഗുണത്തിനുവേണ്ടിയാണോ?"

"പിന്നെയാരുടെ?"

"നമ്മുടെ കുട്ടികൾ നന്നാകാൻ വേണ്ടിയല്ലേ?"

"ഓ പിന്നെ! എന്തെല്ലാം പറഞ്ഞാലും ഞാൻ ഇതിനു് അരച്ചക്രവും തരില്ല. പള്ളിക്കൂടംപണി വകയ്ക്കു രൂപാ ഒന്നരതന്നതു ഞാനാ. അന്നേ പറഞ്ഞിരുന്നു ഇനി ഒന്നും ചോദിച്ചേക്കരുതെന്നു ."

"രൂപാ ഒന്നര." അയാളുടെ അഭിമാനവും ഔദാര്യവും മുഴുവൻ ആ ഒന്നരരൂപയിൽ തൂങ്ങിനിൽക്കുകയാണു്. മുപ്പത്തിരായിരം നാളികേരവും അരക്കണ്ടി കുരുമുളകും, നാലുമ്പ്ളോക്കു റബ്ബറുമുള്ള മുതലാളി പള്ളിക്കൂടം പണിക്കു് ഒന്നരരൂപാ കൊടുത്തുപോലും!

"തൊമ്മച്ചാ, ആ കൂലിവേലക്കാരൻ പരമു അഞ്ചുരൂപാ തന്നിട്ടുണ്ടല്ലോ. ആ കണക്കിനു് തൊമ്മച്ചൻ എത്ര കൊടുക്കണം." ജോസഫ് ചില കണക്കുകളുടെ മാനദണ്ഡം അവതരിപ്പിച്ചു

"അവൻെറ പിള്ളേരു നാലെണ്ണമല്ലെ പഠിക്കുന്നതു്. ചിരട്ടയും നാഴിയുംപോലെ പിറകേപിറകേ വരാൻ എത്രവണമെങ്കിലും ഉണ്ടുതാനും എൻെറ മകളുടെ ഒരു കൊച്ചുമാത്രമല്ലാതെ പഠിക്കുന്നുള്ളോ? ആ കണക്കൊന്നു കൂട്ടിനോക്കൂ." തൊമ്മച്ചൻ ഒററശ്വാസത്തിൽ തിരിച്ചടിച്ചുകളഞ്ഞു.

"ഇപ്പം ഇതൊന്നും പറയേണ്ടല്ലോ. ഉണ്ടെങ്കിൽ എട്ടണയുടെ കാശവക്കു കൊടുത്തേരെന്നേ." അടുക്കളയിൽനിന്നു ഞങ്ങൾക്കു വേണ്ടി ഒരു ശുപാശ ഉയന്നു.

എൻെറ അഭിമാനം മുറിപ്പെട്ടതുപോലെ തോന്നി. അത്താഴത്തിനരിയില്ലാതെ ആ സമ്പന്നൻെറ മുമ്പിൽ പിച്ചപ്പാളയുമായി നില്ക്കുന്നവരല്ല ഞങ്ങൾ. നാളത്തെ പൗരാവലിയെ വാർത്തെടുക്കുവാനുള്ള ഒരു സ്ഥാപനത്തിനു വേണ്ടി പണപ്പിരിവിനിറങ്ങിയവരാണു്. ആയിരക്കണക്കിനു് പിഞ്ചുഹൃദയങ്ങളാണു് ഞങ്ങളുടെ പിമ്പിൽനിന്നു് അയാളോടു് ധനസഹായമഭ്യർത്ഥിക്കുന്നതു്. ഒരാൺകുഞ്ഞിൻെറ മുഖംകാണാൻ ഭാഗ്യമില്ലാത്ത ആ പണക്കാരൻ ഞങ്ങളുടെ മുമ്പിലിരുന്നു മടിശ്ശീലകളുടെ വാ മുറുക്കികെട്ടിവയ്ക്കുന്നതായി എനിക്കുതോന്നി. നാളത്തെ തലമുറയാണു് ആ ഇരുമ്പുപെട്ടിയുടെ വാതില്ക്കൽ മുട്ടുന്നതു . പക്ഷെ അയാൾ കണ്ണുതുറക്കുന്നില്ല, എന്തു ചെയ്യാം.

"നീ പോടി, ഞാൻ പറഞ്ഞിട്ടുണ്ടു് അഭിപ്രായമൊന്നും ഇങ്ങോട്ടെഴുന്നള്ളിക്കേണ്ടെന്നു്. ചക്രമുണ്ടാക്കുന്നവനേ അതിൻെറ നൊമ്പരമുള്ളൂ. നിനക്കിരുന്നു തിന്നാൽമതി." ആ എട്ടണയുടെ പ്രമേയംപോലും തള്ളപ്പെട്ടു.

"നമുക്കു പോകാം. ഇവിടെ ചെലവാക്കുന്ന സമയംകൊണ്ടു് നാലു പാവപ്പെട്ടവരുടെ വീടുകൾ കയറിയിറങ്ങാം." ഞാൻ സ്നേഹിതനോടായിപ്പറഞ്ഞു.

"ഓ താനങ്ങോട്ടു പിണങ്ങിപ്പോയേച്ചാൽ എൻെറ കഞ്ഞിക്കരി വേകേലായിരിക്കും." തൊമ്മച്ചൻ തികഞ്ഞ അവജ്ഞയോടെ എന്നെ നോക്കി.

"തൊമ്മച്ചാ! നിലയും വിലയുമനുസരിച്ചു പൊതുസ്ഥാപനങ്ങളെ സഹായിക്കണം. അല്ലെങ്കിൽ ആശാനുകൊടുക്കാത്തതു വൈദ്യനുകൊടുക്കേണ്ടിവരും." ജോസഫ് പ്രതിവചിച്ചു.

"ഓ അതു ഞാൻ കൊടുത്തോളാം. ഇപ്പോഴൊന്നിറങ്ങിയാട്ടെ."

ഞങ്ങൾ പിന്നെ അരക്ഷണംപോലും അവിടെ നിന്നില്ല ഉടനെതന്നെ ഗേററിങ്കലേക്കു നടന്നു.

"ഇവിടത്തെ മുതലാളിയുണ്ടോ?" ജൃംഭിച്ചുയന്ന മേൽമീശ തടവിക്കൊണ്ടു് ഗേററുകടന്നു

സുറിയാനി കമ്മലീത്താ സഭയുടെ തിരുഹൃദയപ്രോവിൻസിൽ ചേർന്നു വൈദികരായി മതസേവനം ചെയ്യുന്നതിനു യോഗ്യരായ സ്കൂൾഫൈനൽ വിദ്യാർത്ഥികളെ സ്വീകരിക്കുന്നതാണു്.

ഉടനെ അപേക്ഷിക്കുക.

V. Rev. Fr Provincial, St. Antony's Monastery,
Alwaye P. O.

വന്ന ഒരു മനുഷ്യൻ ചോദിച്ചു. ആൾ കൃശഗാത്രനാണ്. ആ മേൽമീശ താങ്ങുവാൻ ആ തോളുകളിൽനിന്നും ഓരോ മുട്ടുതൂൺ നിറുത്തിയാൽ കൊള്ളാമെന്ന് എനിക്കുതോന്നി.

"ഉണ്ട്. എന്താണു കാര്യം." എൻെറ സ്നേഹിതൻ ചോദിച്ചു.


"ഈ പറമ്പിലെ തെങ്ങിൽനിന്നു വീണു കാലൊടിഞ്ഞ സഖാവു പരമുവിനു് അയാൾ ഇതുവരെ ഒററക്കാശു കൊടുത്തില്ല. ഇന്നു് നാളെ എന്നുപറഞ്ഞു് കളിപ്പിക്കാനുള്ള ഭാവമാണ്. കിട്ടുമോ എന്നൊന്നു നോക്കാനാണു്". പറഞ്ഞുതീർന്നപ്പോഴേക്കു് അയാൾ നടകയറിക്കഴിഞ്ഞു. സീസർ അവൻെറ ജോലി തുടർന്നു.

"അയാൾ ആരാണ്?" മുമ്പോട്ടു നടന്നപ്പോൾ ഞാൻ ജോസഫിനോടു ചോദിച്ചു.

"ഇവിടെവന്നു പ്രവർത്തിക്കുന്ന ഒരു ചോട്ടാ സഖാവല്ലേ? ആലപ്പുഴക്കാരനോ മററോ ആണ്. അവൻ ഇന്നു് ആ മുരാച്ചിയോടു രൂപായും തട്ടിക്കൊണ്ടേ പോകൂ."

"എന്തിനാണു് അയാൾ പണമാവശ്യപ്പെടുന്നതു്. എനിക്കു മനസ്സിലായില്ലല്ലോ"

"ആ തെങ്ങുകയററക്കാരൻ പരമു ഇന്നാൾ തൊമ്മച്ചൻെറ പറമ്പിൽ തേങ്ങായിടാൻ ചെന്ന




For favours received
Mannanthuruth
Varapuzha

പ്പോൾ ചെറുതായിട്ടൊന്നു വീണു."

"എന്നിട്ടു് പരുക്കു് അപകടകരമാണോ? സാരമില്ലെന്നാണല്ലോ അന്നു കേട്ടതു്."

"ഓ, വെറും നിസ്സാരം. പുറം കുറെ ഉരഞ്ഞെന്നുമാത്രം" ജോസഫ് തുടർന്നു "അവനെ കുറെ വച്ചുകെട്ടുംകെട്ടി ആശുപത്രിയിൽ താമസിപ്പിച്ചുകൊണ്ടു് സഖാക്കൾ പണംപിടുങ്ങുവാൻ ശ്രമിക്കുകയല്ലേ? ഇന്നവൻ 50 രൂപയെങ്കിലും വിക്കും. ഞാൻ പറഞ്ഞില്ലേ "ആശാനുകൊടുക്കാത്തതു ആക്കെങ്കിലും കൊടുത്തേ തീരൂ."

"ഓ, അയാൾ കൊടുക്കുകയില്ലന്നേ. നാം കണ്ടില്ലേ പ്രകൃതം."

ഞങ്ങൾ മുതലാളിയുടെ പറമ്പിൽ താമസിക്കുന്ന ഒരു കൂലിവേലക്കാരൻെറ കുടിലിൽ ചെന്നു.

"സാറെ! ഇങ്ങോട്ടു നടത്തിയതിൽ സങ്കടമുണ്ടു്." ഞങ്ങൾ മുററത്തു കയറിയപ്പോഴെ ആ വീട്ടുകാരൻ പറഞ്ഞു. "ഞാൻ ഒരു രൂപാ തരാം. അതിനേ ഇപ്പോൾ വശമുള്ളു. സാർ ഇനി ഇങ്ങോട്ടു നടക്കരുതു്. നാളെ വൈകിട്ടു ഞാൻ അവിടെ കൊണ്ടുവന്നുതരാം."

എൻെറ ചിന്ത പെട്ടെന്നു് ഒരു താരതമ്യപഠനത്തിലേക്കു പാഞ്ഞു. ധനസ്ഥിതിയുള്ളിടത്തു് കണികാണാൻ കിട്ടാത്ത ആ മനസ്ഥിതിയെ എത്ര പ്രശംസിച്ചാലും മതിയാകയില്ലല്ലോ.

* * *

സൂര്യൻ പടിഞ്ഞാറെ കുരുതിക്കളത്തിലേക്കിറങ്ങുകയാണ്. ആ പ്രഭാപൂർണ്ണഗംഭീരനെ കുത്തിവീഴ്ത്തുവാൻ രാത്രിയുടെ കൈയിലുയർന്ന കഠാരിപോലെ ശശികല പൂർവ്വചക്രവാളത്തിൽ ഉയർന്നുവന്നു.

"അയ്യോ, ഓടിവരണെ! അയ്യോ......" തൊമ്മച്ചൻെറ വീട്ടിൽനിന്നു പുറപ്പെട്ടതാണു് ആ നിലവിളി. ഞങ്ങൾക്കു് എട്ടണ തരുവാൻ കൃപാശ്ചെയ്ത ആ സ്ത്രീയുടെ സ്വരമാണെന്നു തോന്നുന്നു.

ഒരു നിമിഷം കളയാതെ ഞങ്ങൾ അങ്ങോട്ടു പാഞ്ഞെത്തി. മിനുമിനുത്ത മാർബിൾതളത്തിൽ ചാരിയിരിക്കുന്ന തൊമ്മച്ചൻെറ കഴുത്തിനു് ഒരാൾ ഞെക്കിപ്പിടിച്ചിരിക്കുന്നു. അയാളുടെ വലതു കൈയിൽ കഠാരി! അല്പംമുമ്പേ അങ്ങോട്ടു കയറിപ്പോയ സഖാവാണതു്.

. "വയ്ക്കെടോ രൂപാ അമ്പതു്. തൻെറ പിത്തലാട്ടമൊക്കെയങ്ങു വച്ചേരു്." അയാൾ അലറി.

സീസർ ദയനീയമായി മോങ്ങിക്കൊണ്ടു മുററത്തിൻെറ ഒരു കോണിൽ · മാറിനില്ക്കുകയാണു്. അവൻെറ മുഖത്തുനിന്നു് രക്തം ധാരധാരയായി വീഴുകയാണു്. പണച്ചാക്കുകളുടെ കാവൽപ്പട്ടിയായ ആ മുതലാളിയുടെ "കാവൽപ്പട്ടി"ക്കു് സഖാവു് ആദ്യത്തെ സമ്മാനം നൽകിക്കഴിഞ്ഞിരുന്നു.

"ദൈവത്തെയോർത്തു് ചതിക്കരുതെ! ഇതാ നിങ്ങൾ ചോദിച്ചിടത്തോളം രൂപാ." തൊമ്മച്ചൻെറ ഭാര്യ ഭയന്നു വിറച്ചുകൊണ്ടു് അഞ്ചു പുത്തൻ പത്തുരൂപാ നോട്ടുകൾ സഖാവിൻെറ കൈയിലേക്കു തിരുകിക്കൊടുത്തു.

ഞങ്ങൾ അങ്ങോട്ടടുത്തുചെന്നു. സഖാവിൻെറ കൈ മുതലാളിയുടെ കണ്ഠത്തിൽനിന്നുമയഞ്ഞു. ഇടതുകൈയിൽ രൂപയും മററേ കൈയിൽ കഠാരിയുമായി അയാൾ അതിശീഘ്രം പാഞ്ഞുമറഞ്ഞു.

ഞങ്ങൾ അമ്പരന്നുനിന്നുപോയി. അല്പമകലെ ചീവീടുകളുടെ കൂട്ടക്കരച്ചിൽ മുഴങ്ങി.

## വിനോദവീഥി

അന്നു് അദ്ദേഹത്തിൻെറ ശതവർഷപൂർത്തിദിനമായിരുന്നു. പത്രപ്രതിനിധികൾ ഈ നൂറുകാരനെ ചുററിക്കൂടി ചോദ്യങ്ങൾ ചോദിച്ചുതുടങ്ങി.

പ. പ്ര:- "സർ, അങ്ങെ ഈ ദീർഘകാലജീവിതത്തിൻെറ രഹസ്യമെന്താണ്?"

വൃദ്ധൻ:- "ഞാൻ എൻെറ ജീവിതത്തിൽ ഒരിക്കലും പുക വലിച്ചിട്ടില്ല, മദ്യപാനം ചെയ്തിട്ടില്ല. ഞാൻ പരിപൂർണ്ണമായും ഒരു സസ്യഭുക്കാണ്. ഇതൊക്കെയാണു കാരണം."

പ. പ്ര:- "അതാകാൻ തരമില്ല. എൻെറ അമ്മാവനും അങ്ങിനെയൊക്കെയാണു് ജീവിച്ചിരുന്നതു്. അദ്ദേഹം എൺപതിൽ മരിച്ചു."


വൃദ്ധൻ:- "എന്തിനു മരിച്ചു? നീണ്ടു ജീവിക്കാമായിരുന്നില്ലേ?"

* * *

ഡയറക്ടർ:- (പുതിയ ക്ലാർക്കിനോടു) "നിങ്ങൾ ഞാനിന്നലെ അയയ്ക്കണമെന്നു പറഞ്ഞ സർക്കുലർ ലെറേറഴ്സെല്ലാം ഡിസ്പാച്ചു ചെയ്തുകഴിഞ്ഞോ?"

ക്ലാർക്ക്:- സർ, ഞാനതിനു ഇന്നലെ മുതൽ കടകൾ കയറിയിറങ്ങുകയാണ്. ഈ ടൌണിലുള്ള ഒരു കടയിലും കവർ കിട്ടുന്നില്ല. ചതുരത്തിലും നീളത്തിലും എല്ലാം ഉണ്ടു്. സർക്കുലറായി (വട്ടത്തിൽ) ഒരിടത്തും ഇല്ലെന്നു പറയുന്നു!

* * *




"ഒരത്യാവശ്യകാര്യം! എനിക്കേ, ആ കോളേജിലൊന്നു പോണം. ആ വാച്ചും, കണ്ണടയും ഒന്നിങ്ങു തന്നെ. പിടിന്നുപോയിട്ടുവന്നേക്കാം!"

"നിവൃത്തിയില്ല സാർ, ഞാനാക്കും കൊടുക്കുകയില്ലെന്നു പറഞ്ഞു വാങ്ങിച്ചിരിക്കുന്നതാണ്."

## തിരുക്കൊച്ചിവാർത്തകൾ

### ഹൈക്കോടതിയുടെ തിരുവനന്തപുരം ബഞ്ചിൽ

തിരുവനന്തപുരത്തേക്കു് മാററുവാൻ തീരുമാനിച്ചിരിക്കുന്ന ഹൈക്കോടതി ബഞ്ചിലേക്കു് ജസ്റ്റിസ്മാരായ മെ. ടി. കെ. ജോസഫ്, കെ. എസ്. ഗോവിന്ദപ്പിള്ള എന്നിവരെ നിയോഗിച്ചിരിക്കുന്നു.

### കുടിയാൻ സത്യഗ്രഹം

വിശദമായ ഒരു ഭൂനിയമനിർമ്മാണ ഉണ്ടാകുന്നതുവരെ കുടിയാന്മാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ഒരു ഓർഡിനൻസുമൂലം സ്റ്റേചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടു് തിരുക്കൊച്ചി കുടിയാൻസംഘത്തിൻെറ പ്രതിനിധികൾ തിരുവനന്തപുരത്തു സെക്രട്ടറിയേററിൻെറ പ്രധാന ഗയിററിനുമുമ്പിൽ മേയ് 10-ാംനു- മുതൽ സത്യഗ്രഹമാരംഭിച്ചിരിക്കുന്നു. ഇതേത്തുടർന്നു് കുടിയാൻ സംഘം പ്രസിഡണ്ടു് മി. കെ എ. മാത്യു തൽസ്ഥാനം രാജിവയ്ക്കുകയും പകരം മി. ദാനിയേൽ പ്രസിഡണ്ടായി തിരഞ്ഞെടുക്ക

വി. കൊച്ചുത്രേസ്യാമ്മയുടെയും തിരുക്കുടുംബത്തിൻെറയും സഹായത്താലും ബ. അല്ഫോൻസാമ്മയുടെ മാദ്ധ്യസ്ഥതാലും ഈശോയുടെ പ. ഹൃദയം എനിക്കു സുഖം തന്നതിനു് കൃതജ്ഞത.

തെരസമ്മാൾ

പ്പെടുകയും ചെയ്തിരിക്കുന്നു. ആരോഗ്യപരമായ കാരണങ്ങളും, സത്യഗ്രഹം പി. എസ്. പി. ഗവർമ്മെൻറിനെ തകിടംമറിക്കുവാനാണോ എന്ന സംശയവുംമൂലമാണു് താൻ രാജിവക്കുന്നതെന്നു് മി. മാത്യു തൻെറ പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു.

### അരിവിലയും അളവും ഏകീകരിക്കുന്നു

റേഷൻ സമ്പ്രദായമനുസരിച്ചു ഇപ്പോൾ നൽകപ്പെടുന്ന അരിക്കു് തിരുവിതാംകൂർ ഭാഗങ്ങളിൽ യൂണിററിനും കൊച്ചിയിൽ ഇടങ്ങഴിക്കുമാണല്ലോ വില നിശ്ചയിച്ചിരിക്കുന്നതു്. എന്നാൽ തിരുക്കൊച്ചി ഒട്ടാകെ ഭക്ഷ്യധാന്യങ്ങളുടെ വിലയും അളവും ഏകീകരിക്കുവാൻ ഇപ്പോൾ ഗവർമ്മെൻറു് തീരുമാനിച്ചിരിക്കുന്നു. ഇടങ്ങഴി പൊതു അളവായി സ്വീകരിക്കപ്പെടുന്നതും ഇതനുസരിച്ചു് മേയ് 16-ാംനു- മുതൽ മൊത്തഡിപ്പോകളിൽനിന്നു വിതരണമാരംഭിക്കുന്നതുമാണ്. ഈ ഭേദഗതിയോടുകൂടിത്തന്നെ ഇടങ്ങഴി അരിക്കു് ഇപ്പോഴുള്ള വിലയിൽ 3 പൈ കുറവുചെയ്യുവാനും തീരുമാനിച്ചിട്ടുണ്ടു്.

### ശ്രീ ദേശമുഖ് തിരുക്കൊച്ചിയിൽ

കേന്ദ്രധനകാര്യമന്ത്രി ശ്രീ ദേശ്മുഖ് ജൂൺ 15-ാംനു- സംസ്ഥാനത്തെത്തുന്നതും ഒരാഴ്ചക്കാലം ഇവിടെ പര്യടനം നടത്തുന്നതുമാണെന്നറിയുന്നു.

### തമിഴ്നാടുകോൺഗ്രസ

തിരുക്കൊച്ചി തമിഴ്നാടുകോൺഗ്രസ് സ്റ്റേററുകോൺഗ്രസിൽ ലയിപ്പിക്കുന്നതു സംബന്ധിച്ചു് ഇരുകക്ഷികളുടേയും പ്രതിനിധികൾ ചേർന്നു് കൂടിയാലോചനകൾ നടത്തിവരുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. അടുത്ത ബദ്ധറവുസമ്മേളനത്തോടുകൂടിപ്രസ്തുത ലയനം നടപ്പിലാക്കുന്നതാണെന്നും സംഘടനാപരമായി നെയ്യാററിൻകരയൊഴിച്ചുള്ള തെക്കൻ തിരുവിതാംകൂർ താലൂക്കുകളും ദേവികുളം, പീരുമേട്, ചെങ്കോട്ട, ചിററൂർ എന്നീ താലൂക്കുകളും മദ്രാസ് തമിഴ്നാടുകോൺഗ്രസ് കമ്മിററിയോടുചേർന്നു് പ്രവർത്തിക്കേണ്ടതാണെന്നുമുള്ള അഭിപ്രായങ്ങൾകൂടിയാലോചനയിൽ പ്രബലപ്പെട്ടിട്ടുള്ളതായുമറിയുന്നു

## ഇൻഡ്യാവാർത്തകൾ

### ഹെലിക്കോപ്ററർ സർവ്വീസ്

വിമാനത്താവളങ്ങളില്ലാത്ത ഇൻഡ്യയിലെ പ്രധാന പട്ടണങ്ങളിൽ ഹെലിക്കോപ്ററർ വിമാനങ്ങൾവഴി തപാലുരുപ്പടികൾ എത്തിച്ചുകൊടുക്കുവാൻ ഇൻഡ്യാ ഗവമ്മെൻറു് തീരുമാനിച്ചിരിക്കുന്നതായറിയുന്നു. ഇതിൻെറ ആവശ്യത്തിലേക്കു് തപാൽവകുപ്പുവകയായി ഏതാനും ഹെലിക്കോപ്ററർവിമാനങ്ങൾ താമസിയാതെ വാങ്ങുന്നതാണത്രെ വിമാനത്താവളങ്ങളോ മററു പ്രത്യേക സൗകര്യങ്ങളോ കൂടാതെ തന്നെ എവിടെയും ഇറങ്ങാൻ സാധിക്കുന്ന ഒരു തരം വിമാനമാണു് ഹെലിക്കോപ്ററർ. ആദ്യമായി ബോംബെയ്ക്കും ഹുബ്ളിക്കും മദ്ധ്യേയാണു് ഈ സർവ്വീസ് ആരംഭിക്കാനുദ്ദേശിച്ചിരിക്കുന്നതു.

### "ലോകസഭ" കേന്ദ്രജനസഭയുടെ പുതിയ പേർ

ഹൗസ് ഓഫ് പീപ്പിൾ എന്നു് ഇതുവരെ പറയപ്പെട്ടിരുന്ന കേന്ദ്രജനസഭ മേലിൽ "ലോകസഭ" എന്ന ഔദ്യോഗിക പേരിൽ അറിയപ്പെടുന്നതാണെന്നു് സ്പീക്കർ മി മൗലങ്കർ പ്രഖ്യാപിച്ചിരിക്കുന്നു. ഹിന്ദി ദേശീയ ഭാഷയായി സ്വീകരിക്കുന്നതിൽ ഒരു പടികൂടെ മുന്നോട്ടുവയ്ക്കുന്നു എന്നതിനു് ഒരു തെളിവാണിതെന്നു് അദ്ദേഹം തുടർന്നു പ്രസ്താവിച്ചു. സെക്രട്ടറിയേററിൻെറ പേരു് "ലോകസഭാ സചിവാലയാ" എന്നായിരിക്കുന്നതാണ്.

### സ്കോളർഷിപ്പുകൾ


സാഹിത്യം, സംസ്കാരം തുടങ്ങിയ വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനു മാസം 200ക. വീതമുള്ള നൂറു സ്കോളർഷിപ്പുകൾ ഇൻഡ്യാ ഗവമ്മെൻറു ഏർപ്പെടുത്തിയിരിക്കുന്നു. ഇതിലേക്കുള്ള അപേക്ഷകൾ കേന്ദ്രവിദ്യാഭ്യാസമിനിസ്ട്രിക്കയക്കേണ്ടതാണ്.

—o—

### ത്രിമാന എക്സ്റേ

ത്രിമാന എക്സ്റേ ചിത്രങ്ങൾ എടുക്കുന്നതിനുള്ള ഒരു മാർഗ്ഗം ജനറൽ ഇലക്ട്രിക്കു് കമ്പനി ഇദംപ്രഥമമായി കണ്ടുപിടിച്ചിരിക്കുന്നു. സാധാരണ എക്സ്റേ ചിത്രങ്ങൾ എടുക്കുന്നതിനു വേണ്ടത്ര ചെലവോ സമയമോ ഇതിനാവശ്യമില്ല പുതിയ സമ്പ്രദായം ഉപയോഗിച്ചു് രണ്ടു മിനിററുകൊണ്ടു് ഒരു എക്സ്റേ പ്ലേററു് തയ്യാർ ചെയ്യെടുക്കാം. ചെലവു് പഴയതിൻെറ പകുതിയേ ആകുകയുള്ളു. ത്രിമാന എക്സ്റേ ചിത്രത്തിൽ അസ്ഥികളുടെ ഒരു ആകൃതി വ്യക്തമായി കാണാൻ കഴിയും.

For favours received




Inserted by a Believer

### വിവാഹങ്ങൾ

കടുത്തുരുത്തി:—കാഞ്ഞിരത്തുങ്കൽ ശ്രീ അവരാ അവർകളുടെ മകൻ വക്കച്ചനും കുഴിവേലി ശ്രീ പത്രോസ് അവർകളുടെ പുത്രി കുമാരി ഏലമ്മയും തമ്മിലുള്ള വിവാഹം കടുത്തുരുത്തി താഴത്തുപള്ളിയിൽവച്ചു് ഈ മാസം 3-ാംതീയതി സമംഗളം നടത്തിയിരിക്കുന്നു. സുറിയാനി മല്പാൻ റവ. ഫാ ജോർജ്ജ് പുത്തൻപുര അവർകളാണു് വിവാഹകർമ്മം ആശീർവ്വദിച്ചതു്.

മണ്ണപ്പുറം:—ശ്രീ കെ പി. വറുഗീസ് കോട്ടുതാ അവർകളുടെ പുത്രൻ പൗലോസും ശ്രീ കെ. ജെ. ജോസഫ് കാട്ടുമന ബി. എ. ബി. എൽ. അവർകളുടെ പുത്രി റീത്താമ്മയും തമ്മിലുള്ള വിവാഹം തെക്കാട്ടുശ്ശേരി പള്ളിയിൽവച്ചു നടത്തപ്പെട്ടിരിക്കുന്നു.

വട്ടുതല:—സെൻറു് ആൻറണിസ് പള്ളി ഇടവക ചക്കാലയ്ക്കൽ പീയൂസു് ജോസഫും തെ. ചിററൂർപള്ളി ഇടവക ചക്കാലയ്ക്കൽ ഔസേഫ് മകൾ എലിസബത്തും തമ്മിലുള്ള വിവാഹം മേയ് 12-ാംനു- തെ. ചിററൂർ പള്ളിയിൽവച്ചു് നടന്നിരിക്കുന്നു.

ചാത്യാത്തു്:— ഈ ഇടവക പയ്യപ്പിള്ളിൽ വറുഗീസ് മകൾ ഫിലോമിനായും ഇളമക്കര പോണേപള്ളി ഇടവക എലവുങ്കൽ സേവ്യർ സെബാസ്റ്റിനും തമ്മിലുള്ള വിവാഹം മേയ് 12-ാംനു- ചാത്യാത്തു് പള്ളിയിൽവച്ചു് നടന്നിരിക്കുന്നു.

പച്ചാളം:— ചാത്യാത്തുപള്ളി ഇടവക കൊട്ടുവേലിപ്പറമ്പിൽ തോമസ് മകൾ ഫിലോമിനായും പെരുമ്പടപ്പുപള്ളി ഇടവക കൊമരോത്തു് ജോസഫ് ജോസഫും തമ്മിലുള്ള വിവാഹം മേയ് 10-ാംനു- ചാത്യാത്തു് പള്ളിയിൽവച്ചു നടന്നിരിക്കുന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol· 27 ‖ ERNAKULAM, MAY 19, 1954 ‖ No. 37


## മരിയവത്സരത്തിലെ ബാലദിന-

പ്രഖ്യാപിതമായിരിക്കുന്ന മരിയ ജൂബിലിവർഷത്തിലെ വിവിധ പരിപാടികൾ മുറയ്ക്കു തുടന്നുകൊണ്ടിരിക്കുകയാണല്ലോ. ആണ്ടുവട്ടത്തിൽ ഇപ്പോൾ സമാരബ്ധമായിരിക്കുന്ന മരിയമാസത്തിനു അതിൽ ഒരു പ്രത്യേക സ്ഥാനമുണ്ട്. അതനുസരിച്ച് ജൂബിലിയാ ഘോഷപരിപാടികളെ നിയന്ത്രിക്കുന്നതിനു മോസ്റ്റ് റവ. ഡോക്ടർ ട്രാഗ്ലിയാ മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ റോമയിൽ സംഘടിപ്പിച്ചിട്ടുള്ള കേന്ദ്രക്കമ്മററി ഈ മാസത്തിലേക്കു പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നു. മരിയവത്സരം സംബന്ധിച്ചുള്ള പരിശുദ്ധമാർപ്പാപ്പാ തിരുമനസ്സിലെ പ്രഖ്യാതമായ "ഫൾജൻസ് കൊറോണാ" എന്ന തിരുവെഴുത്തിലെ ആശയമനുസരിച്ചു ലോകമാസകലമുള്ള വിശ്വാസികൾ തീക്ഷ്ണമായി പ്രാർത്ഥിക്കുന്നതിനുള്ള പ്രത്യേകനിയോഗങ്ങൾ ഈ മാസത്തിലെ ഓരോ ഞായറാഴ്ചക്കുമായി കമ്മററിയിൽനിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആദ്യ ഞായറാഴ്ച പരിശുദ്ധപിതാവിനുവേണ്ടിയും, രണ്ടാമത്തെ ഞായറാഴ്ച മർദ്ദനമനുഭവിക്കുന്ന സഹോദരർക്കുവേണ്ടിയും, മൂന്നാമത്തെ ഞായറാഴ്ച മാതൃരാജ്യത്തിനുവേണ്ടിയും, നാലാമത്തെ ഞായറാഴ്ച ലോകസമാധാനത്തിനുവേണ്ടിയും, അവസാന ഞായറാഴ്ച വൈദികർക്കും വൈദികാന്തസ്സിലേക്കും സന്യാസാന്തസ്സിലേക്കുമുള്ള ദൈവവിളികൾക്കുവേണ്ടിയുമാണ് പ്രാർത്ഥിക്കുന്നതിനു നിയോഗിച്ചിട്ടുള്ളത്. അതനുസരിച്ചു അടുത്ത ഞായറാഴ്ച ലോകസമാധാനത്തിനുവേണ്ടി എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കേണ്ട ദിവസമാണ്.

### ലോകത്തിലെ അസ്വസ്ഥത

കഴിഞ്ഞ ഈസ്റ്റർപ്രഭാഷണത്തിൽ 12-ാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ആ മഹാവസരത്തിന്റെ ആനന്ദദായകമായ സന്ദേശത്തെപ്പററി പ്രതിപാദിക്കവെ ഇന്നത്തെ ലോകത്തിലെ അസ്വസ്ഥതയെ സ്പർശിക്കുകയുണ്ടായി. പരിശുദ്ധപിതാവു പറഞ്ഞു: "സ്വർഗ്ഗത്തിൽ എല്ലാം സമാധാനവും സന്തോഷവുമാണ്. എന്നാൽ ഇന്നു ലോകത്തിൽ കാണുന്ന വസ്തുത അതിനു കടകവിരുദ്ധമാണ്. ക്രിസ്തു ലോകത്തിനു സാക്ഷാത്തായ സന്തോഷത്തിന്റെ രഹസ്യത്തെ വെളിപ്പെടുത്തി. എന്നാൽ തൽസ്ഥാനത്തു, പ്രതിവർഷം വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ഉൽക്കണ്ഠയും പരിഭ്രമവുമാണ് ലോകജനതയിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നതു്. അത്യധികം ഭയാനകമായ പുതിയ പുതിയ നശീകരായുധങ്ങളുടെ പ്രയോഗങ്ങൾക്കിടയായിത്തീരുന്ന ഒരു മൂന്നാം ലോകമഹായുദ്ധത്തെപ്പററിയും അതിന്റെ ദാരുണഫലങ്ങളെക്കുറിച്ചുമുള്ള ഭയാശങ്കകളാണ് ഈ പരിഭ്രമത്തിനുള്ള ഹേതു.

"ഈ നശീകരായുധങ്ങൾക്കു നാം അധിവസിക്കുന്ന ഭൂമിയെ ഒന്നാകെ നശിപ്പിക്കുന്നതിനു കഴിയുന്നതാണു്. ഭൂമുഖത്തുള്ള സസ്യലോകത്തേയും മൃഗലോകത്തേയും അതോടൊപ്പം മനുഷ്യൻ ഇന്നുവരെ സാധിച്ചിട്ടുള്ള എല്ലാ പരിഷ്കാരാഭിവൃദ്ധികളേയും പാടെ നശിപ്പിക്കുന്നതിനു അവയ്ക്കു ശക്തിയുണ്ട്. 1943 ഫെബ്രുവരിമാസത്തിൽതന്നെ സന്ദർഭവശാൽ നാം ഇതു പ്രസ്താവിച്ചിട്ടുള്ളതാണല്ലോ."

ഇത്ര ഭീകരമായ ഒരന്തരീക്ഷമാണ് ഇന്നു ഭൂമുഖത്തു യഥാർത്ഥത്തിൽ സ്ഥിതിചെയ്യുന്നതു്. ഇതിനെ നേരിടുന്നതിനുള്ള മാർഗ്ഗം രാഷ്ട്രങ്ങൾ പരസ്പരം മത്സരിച്ചു കൂടുതൽ ശക്തങ്ങളായ നശീകരണോപകരണങ്ങൾ—അണുബോമ്പുകൾ—കണ്ടുപിടിച്ചു സംഭരിക്കുന്നതല്ല എന്നും പ്രത്യുത സ്വയമനസ്സാലെ നീതിബോധത്തേയും ക്രിസ്തീയസ്നേഹത്തേയും ആശ്ലേഷിക്കുകയാണെന്നും തിരുമേനി സമർത്ഥിച്ചു. ഈ പരമാർത്ഥങ്ങളെ കൺമുമ്പിൽ കണ്ടുവേണം നാം ലോകസമാധാനത്തിനുവേണ്ടി പരിശ്രമിക്കുന്നതിനും അനുഗ്രഹനിധിയായ ദൈവസന്നിധിയിൽ ഭക്തിപൂർവ്വം പ്രാർത്ഥിക്കുന്നതിനും.

### ബാലദിനാചരണം

ജൂബിലിവത്സരത്തിൽ കുട്ടികൾക്കായി ഒരു പ്രത്യേകദിനം നിർണ്ണയിക്കണമെന്നും അവരുടെ പ്രത്യേകമായ ഭക്തപരിപാടികൾ നിർവ്വഹിക്കപ്പെടണമെന്നും പരിശുദ്ധ പിതാവ് സവിശേഷം ഉൽബോധിപ്പിച്ചിട്ടുള്ളതാണു്. സെൻട്രൽ കമ്മിററി പരിശുദ്ധപിതാവിന്റെ അഭിലാഷമനുസരിച്ചും പാക്സ്ക്രിസ്തി, കാത്തലിക്ക് ഇൻറർനാഷനൽ ചിൽഡ്റൻസ് ബ്യൂറോ മുതലായ സംഘടനകളുടെ അഭ്യർത്ഥനയെ അംഗീകരിച്ചും സമാധാനപ്രാർത്ഥനയ്ക്കുള്ള മേയ് 23-ാംനു- ഞായറാഴ്ച തന്നെ ബാലദിനമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ലോകസമാധാനത്തിനുവേണ്ടിയുള്ള പ്രാർത്ഥനാസമരത്തിൽ ലോകത്തിലുള്ള എല്ലാ കത്തോലിക്കാ ബാലികാബാലന്മാരും സവിശേഷം പങ്കെടുക്കണമെന്നുള്ളതാണ് ഇതിന്റെ ഉദ്ദേശ്യം. പരിശുദ്ധ മാർപ്പാപ്പാതന്നെ ഈ അവസരത്തിൽ ഉപയോഗിക്കുന്നതിനു ഒരു പ്രത്യേക പ്രാർത്ഥന രചിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതിൽനിന്നു അവിടുന്ന് ലോകസമാധാനലബ്ധിയിൽ ബാലികാബാലന്മാരുടെ പ്രാർത്ഥനയ്ക്കു എത്രമാത്രം പ്രാധാന്യം കല്പിക്കുന്നുവെന്നു വിശദമാകുന്നുണ്ടല്ലോ. അന്യത്ര ചേർത്തിട്ടുള്ള പ്രസ്തുത മനോഹരപ്രാർത്ഥനയിലേക്ക് എല്ലാവരുടേയും പ്രത്യേകിച്ചു ബാലികാബാലന്മാരുടേയും സവിശേഷമായ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. അതിൽ പരിശുദ്ധ പിതാവ് ഉള്ളടക്കിയിട്ടുള്ള ആശയങ്ങൾക്കനുസൃതമായ ഒരു മനോഭാവത്തോടുകൂടി ലോകസമാധാനത്തിനുവേണ്ടി എല്ലാവരും ദൈവസന്നിധിയിൽ ഉള്ളഴിഞ്ഞു പ്രാർത്ഥിക്കട്ടെ. സമരാശങ്കയാൽ പരിഭ്രാന്തമായ ലോകം പരിശുദ്ധ കന്യകമറിയത്തിന്റെ പ്രബലമായ മാദ്ധ്യസ്ഥത്തിൽ സാക്ഷാത്തായ സമാധാനത്തിലേക്കാനയിക്കപ്പെടുന്നതിനു ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

നിർമ്മലമായ ബാലഹൃദയങ്ങളിൽനിന്നുയരുന്ന പ്രാർത്ഥനകൾക്കുള്ള ശക്തി അജയ്യമാണ്. ആരെയും അടിപ്പെടുത്തത്തക്ക ഒരു വശ്യശക്തിയാണ് പാവനമായ ആ സ്നേഹഹൃദയങ്ങളിലും വദനങ്ങളിലും കളിയാടുന്നതു്. ക്രിസ്തുവിന്റെ ജീവിതത്തിൽത്തന്നെ ഇതിനുദാഹരണങ്ങൾ സുലഭങ്ങളാണ്: "കുട്ടികൾ എന്റെ അടുത്തു വരുന്നതിനു അനുവദിക്കുക; അവരെ തടയരുതു്" എന്നാണല്ലോ ക്ഷീണപരവശനായിരുന്ന ക്രിസ്തു അവിടുത്തെ ശിഷ്യന്മാർക്കു നൽകിയ താക്കീതു്. നിഷ്കളങ്കത തുളുമ്പിനില്ക്കുന്നതും പരമപരിശുദ്ധമായ സ്നേഹം വഴിഞ്ഞൊഴുകുന്നതുമായ ബാലഹൃദയങ്ങളുടെ പ്രേരണാശക്തിയെ പ്രതിബന്ധിക്കുന്നതിനു മനുഷ്യർക്കുപോലും സാദ്ധ്യമല്ലാതിരിക്കെ, നിർമ്മലതയുടെ നികേതനവും സ്നേഹത്തിന്റെ കേദാരവുമായ ദൈവപിതാവിനു് അവ എത്രമേൽ സ്വീകാര്യമായിരിക്കയില്ല? അതുകൊണ്ട് ഈ ബാലദിനത്തിൽ ലോകമാസകലമുള്ള ബാലഹൃദയങ്ങളിൽ നിന്നുയരുന്ന തീക്ഷ്ണമായ പ്രാർത്ഥനകൾ അവരുടെ സ്നേഹമാതാവായ മറിയംവഴി ലോകസമാധാനമാകുന്ന ദൈവാനുഗ്രഹത്തെ നമുക്കു സാധിച്ചുതരുമെന്നു ഉറച്ചുവിശ്വസിക്കാം.

### ഭക്തപരിപാടികൾ

ബാലദിനാചരണത്തിൽ ലോകസമാധാനത്തിനുവേണ്ടിയുള്ള പ്രാർത്ഥനയാണ് പ്രധാനമായി ലക്ഷ്യമാക്കിയിട്ടുള്ളതെങ്കിലും അതിനെ ഭക്തിസംവർദ്ധകമാക്കിച്ചെയ്യുന്ന പരിതസ്ഥിതികളെ സൃഷ്ടിക്കത്തക്കവണ്ണം സമുചിതമായ ഇതരപരിപാടികളും ഈ ദിനത്തിൽ സ്വാഗതാർഹമാണ്. ഭക്തിയുടെ നിസ്സർഗ്ഗസുന്ദരമായ പ്രസരണത്തിനു് പ്രബുദ്ധത, പ്രോത്സാഹനം, സഹകരണം ആദിയായ പലേ ഘടകങ്ങളും സഹായകങ്ങളാണ് മനസ്സിന്റെ ബോദ്ധ്യത കൂടാതെയുള്ള പ്രാർത്ഥന ചൈതന്യമുള്ളതായിരിക്കയില്ല; അതു വെറും യാന്ത്രികമായിരിക്കും. ഭക്തവികാരങ്ങളെ ഉത്തേജിപ്പിക്കുന്നതിനു് മററുള്ളവരുടെ സഹകരണവും പ്രോത്സാഹനവും വളരെ സഹായകങ്ങളാണെന്നുള്ളതു് മനുഷ്യസഹജമായ ഒരു സ്വഭാവഗതിയാണ്. തന്മൂലം പ്രാർത്ഥനാസമരം വിജയപ്രദമാക്കുന്നതിനു് ഈ ഉപാധികളെക്കൂടി ഉപയോഗപ്പെടുത്തേണ്ടതു് ആവശ്യമത്രെ. ബാലസംഘടനകളാണ് ഇക്കാര്യത്തിൽ ഉണർന്നുപ്രവർത്തിക്കേണ്ടതു്. അവ കഴിയുന്നതും വിപുലമായ പരിപാടികൾ സജ്ജീകരിച്ചു് ഈ ദിവസത്തെ ഏററവും ഫലപ്രദമാക്കണം. പൊതുവായ ദിവ്യകാരുണ്യസ്വീകരണം, പരിഹാരപ്രദക്ഷിണം, ഭക്തപ്രദക്ഷിണം, പല സംഘടനകളുടെ പൊതുറാലി, പൊതുയോഗം എന്നിങ്ങനെ ഭക്തിദ്യോതകവും, ത്യാഗസമന്വിതവും, വിജ്ഞാനപ്രദവുമായ പരിപാടികൾ ഈ ദിവസത്തിന്റെ ഒരു പ്രത്യേകതയായിരിക്കണം. ഏവംവിധം ആലോകവ്യാപകമായ ഒരു പ്രാർത്ഥനാസമരം തീർച്ചയായും ലോകസമാധാനത്തിന്റെ സുപ്രഭാതത്തിലെ വെള്ളിനക്ഷത്രമായി തീരാതിരിക്കയില്ല. ക്രിസ്തീയസമാധാനത്തിന്റെ പൊൻകതിരുകൾ അതേത്തുടന്നു് ലോകചക്രവാളത്തിൽ പ്രകാശം വീശുകയും ചെയ്യും.

### ബാലശിക്ഷണം

ബാല്യകാലത്തിന്റെ മനോഹരതയും ഹൃദയാവർജ്ജകതയും വശ്യശക്തിയുമെല്ലാം ബാലമനസ്സുകളുടെ നൈർമ്മല്യത്തിലാണ് നിലകൊള്ളുന്നതെന്നും ഈ അവസരത്തിൽ അനുസ്മരിക്കുന്നതു സമീചീനമായിരിക്കും. അതിനെ നിലനിർത്തുന്നതിൽ ബാലലോകവും മാതാപിതാക്കളും അദ്ധ്യാപകരും ആത്മീയോപദേഷ്ടാക്കളും ഒരുപോലെ ശ്രദ്ധ പതിക്കേണ്ടതുണ്ട്. ആധുനികലോകത്തിന്റെ വിപത്തുകളിൽ ഏററവും വിനാശകരമായി കരുതേണ്ടതു് ബാലഗണത്തിന്റെ അധഃപ്പതനമാണ്. കാരണം അതിന്റെ വിനാശകരമായ ഫലങ്ങൾ ദൂരവ്യാപകങ്ങളത്രെ. സുഭഗമായ ഒരു ഭാവിതലമുറയെ കരുപ്പിടിക്കുന്നതിനു സാധിക്കാത്തതാണ് ഏതൊരു കാലത്തിന്റേയും വലിയ പരാജയം. ഈ വസ്തുതകളുടെ മുമ്പിൽ ഇന്നത്തെ നമ്മുടെ നിലപാട് ശോഭനമാണോ ഇരുളടഞ്ഞതാണോ എന്നു പരിശോധിക്കുമ്പോഴാണ് ഉത്തരവാദിത്വബോധമുള്ള ഒരു മനുഷ്യനു് ഹൃദയശല്യം വരുത്തുന്ന അസമാധാനത ഉളവാകുന്നതു്. ബാലികാബാലന്മാരുടെ ശിക്ഷണകാര്യത്തിൽ കത്തോലിക്കാസഭ എപ്പോഴും അത്യധികം ശ്രദ്ധയും ഉൽക്കണ്ഠയും പ്രദർശിപ്പിക്കുന്നതിന്റെ രഹസ്യം ഇതാണ്. കുടുംബഭദ്രതയെ സംബന്ധിച്ചും, കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ചും തിരുസഭയാതൊരയവും കൂടാതെ പ്രഖ്യാപിതതത്വങ്ങളിൽ നിർബന്ധം പിടിക്കുന്നതു കാണുമ്പോൾ ചിലർ അതൊരു മർക്കടമുഷ്ടിയാണെന്നു തെററിധരിക്കാറുണ്ട്. അതുപോലെതന്നെ ബാലമനസ്സുകളെ വ്യതിചലിപ്പിക്കുകയും ബാലഹൃദയങ്ങളെ വഴിപിഴപ്പിക്കുകയും ചെയ്യുന്ന ചീത്തപ്പുസ്തകങ്ങളുടേയും അശ്ലീലവും അബദ്ധസമ്മിളിതവുമായ മററു പ്രസിദ്ധീകരണങ്ങളുടേയും പാരായണത്തേയും, അഴുക്കായ സിനിമ, നാടകം, നൃത്തങ്ങൾ മുതലായവയുടെ പ്രദർശനങ്ങളേയും തിരുസഭ വിവേകത്തോടും കർത്തവ്യബോധത്തോടുംകൂടി നിരോധിക്കുമ്പോൾ അതു ചിലർക്കു ആവശ്യമില്ലാത്ത ഒരിടപെടലായി തോന്നുകയും അതു സ്വാതന്ത്ര്യഭഞ്ജനമായിവ്യാഖ്യാനിക്കപ്പെടുകയുംചെയ്യാറുണ്ട്. ആ ദുസ്സ്വാതന്ത്ര്യബോധത്തോടുകൂടി ബാലികാബാലന്മാർതന്നെ താദൃശാജ്ഞകളെ പ്രതിഷേധിക്കുകയോ അവജ്ഞയോടുകൂടി അവയെ അവഗണിക്കുകയോചെയ്യുന്ന അവസരങ്ങളും ഇല്ലാതില്ല. ദൈവസ്ഥാപിതമായ തിരുസ്സഭയ്ക്കു അവളുടെ കർത്തവ്യനിർവ്വഹണത്തിൽ ദൈവം വാഗ്ദാനം ചെയ്തിട്ടുള്ള പ്രത്യേക സംരക്ഷണത്തേയും, ഇരുപതു നൂററാണ്ടുകാലത്തെ അവളുടെ പരിചയസമ്പത്തിനേയും വേണ്ടവിധത്തിൽ ഗ്രഹിക്കാത്തതാണ് ഇതിനു കാരണം. വിനാശകരമായ ഈ മനസ്ഥിതി ഇന്നത്തെത്തലമുറയിൽനിന്നു നീക്കിക്കളയുന്നതിനും തിരുസഭയുടെ ആദർശങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസരിച്ചു ബാലശി

## ബാലദിനത്തിൽ ചൊല്ലുവാനായി

### മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് രചിച്ച പ്രാർത്ഥന

പ്രിയ ഈശോ, ഒരിക്കൽ നീയും ഞങ്ങളെപ്പോലെ ഒരു കുട്ടിയായിരുന്നല്ലോ. കുട്ടികൾ ചുററും കൂടുന്നതു നീ ഇഷ്ടപ്പെട്ടിരുന്നുവെന്നും ഞങ്ങൾ കേട്ടിട്ടുണ്ട്. അതിനാൽ ലോകത്തിലെ എല്ലാ രാജ്യങ്ങളിലെയും കുട്ടികളായ ഞങ്ങൾ നിന്നോടുള്ള ഞങ്ങളുടെ നന്ദി പ്രകാശിപ്പിക്കുന്നതിനും സമാധാനത്തിനുവേണ്ടിയുള്ള ഞങ്ങളുടെ പ്രാർത്ഥനകൾ സമർപ്പിക്കുന്നതിനുമായി ഇതാ വരുന്നു.



എല്ലായിടത്തും എല്ലായ്പോഴും ഞങ്ങളോടൊന്നിച്ചിരിപ്പാൻ നീ ആഗ്രഹിക്കുന്നുവല്ലോ. അതിനാൽ ഞങ്ങളുടെ ഹൃദയങ്ങളെ നിന്റെ വാസസ്ഥലവും, ബലിപീഠവും, സിംഹാസനവും ആക്കണമെ. നിന്റെ സംരക്ഷണയിലും സ്നേഹത്തിലും യോജിപ്പിക്കപ്പെട്ടു് ഞങ്ങളെല്ലാവരും ഒരു വലിയ കുടുംബമായിത്തീരുവാൻ ഇടവരുത്തണമെ. ചെറുപ്പക്കാരിൽനിന്നും വൃദ്ധരിൽനിന്നും സ്വാർത്ഥപരമായ ചിന്തകളും പ്രവൃത്തികളും ദൂരത്തിൽ അകറ്റണമെ. അവയാണല്ലോ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളെ തമ്മിൽ തമ്മിലും നിന്നിൽനിന്നും അകറ്റുന്നതു്. നിന്റെ അനുഗ്രഹം നിന്റേയും നിന്റെ പിതാവിന്റേയും ശത്രുക്കളിൽനിന്നു രക്ഷനേടുവാൻ ഞങ്ങൾക്കൊരു കവചമായിരിക്കട്ടെ. കർത്താവെ, അവരോടു ക്ഷമിക്കണമെ, എന്തുകൊണ്ടെന്നാൽ അവരെന്താണു ചെയ്യുന്നതെന്നു അവരറിയുന്നില്ല. നിന്റെ സഹായത്താൽ മനുഷ്യരെല്ലാവരും പരസ്പരം സ്നേഹിക്കുവാനിടയാകുമെങ്കിൽ ലോകത്തിൽ യഥാർത്ഥമായ സമാധാനം ഉണ്ടാവും; കുട്ടികളായ ഞങ്ങൾക്ക് ഒരു പുതിയ യുദ്ധത്തിന്റെ ഭയങ്കരതകളെപ്പററിയുള്ള ഭീതികൂടാതെ ജീവിക്കാൻ സാധിക്കുകയും ചെയ്യും.

സമാധാനത്തിനുവേണ്ടിയുള്ള ഞങ്ങളുടെ ഈ പ്രാർത്ഥന നിനക്കു സമർപ്പിക്കുന്നതിനു് നിന്റേയും ഞങ്ങളുടേയും മാതാവായ നിർമ്മല മറിയത്തോടു ഞങ്ങൾ അപേക്ഷിക്കുന്നു. തീർച്ചയായും അവൾവഴിയായുള്ള ഞങ്ങളുടെ അപേക്ഷ നീ സാധിച്ചുതരാതിരിക്കയില്ലല്ലോ. പ്രിയ ഈശോ, നിനക്കു ഞങ്ങൾ നന്ദിപറയുന്നു. ആമ്മേൻ.

ക്ഷണവും അവരുടെ സ്വഭാവരൂപവൽക്കരണവും സാധിക്കുന്നതിനും പരിശ്രമിക്കുന്നു എങ്കിൽ അതു വിജയപര്യവസായിയായിത്തീരുകയും ശാശ്വതമായ സമാധാനത്തിനു അതു വഴിതെളിക്കുകയും ചെയ്യും.

ബാലദിനാചരണത്തിൽ സഹകരിക്കുകയും, ബാലസംഘടനകളെ അവയുടെ സദുദ്യമങ്ങളിൽ പ്രോത്സാഹിപ്പിക്കുകയും, ബാലലോകത്തിന്റെ പരിപാടികളെ ഭംഗിയായി നിർവ്വഹിക്കുന്നതിനു അവരെ സഹായിക്കുകയും, അവയെ ശരിയായി നിയന്ത്രിക്കുകയും ചെയ്യുന്നതിനു എല്ലാവരും ആത്മാർത്ഥമായി ഒത്തൊരുമിച്ചു പരിശ്രമിക്കട്ടെ. ഭൂമിയിൽ നന്മനസ്സുള്ളവർക്കു ക്രിസ്തു വാഗ്ദാനം ചെയ്തിരിക്കുന്ന അഭൗമികസമാധാനത്തിന്റെ സാന്ദ്രമായ ലോകത്തിൽ നിഴലിക്കുന്നതിനു പരിശുദ്ധ കന്യകമറിയംവഴി ഇടയാകട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### അമേരിക്കയിലെ തൊഴിലാളികൾ ഏററവുമുയർന്ന ജീവിതത്തോതിൽ

ബോംബെ സർവ്വകലാശാലയിലെ സാമ്പത്തികശാസ്ത്രവിദ്യാസ്ഥാപനത്തിന്റെ ഡയറക്ടരായ പ്രഫസർ സി. എൻ. വക്കീൽ യു. എസ്. എ. യിൽ മൂന്നുമാസം പര്യടനം നടത്തി കുറെനാൾ മുൻപു മടങ്ങിവന്നതിനുശേഷം വിവിധതരക്കാരായ അഭ്യസ്തവിദ്യരുടെ ഒരു സദസ്സിൽ അമേരിക്കൻ സാമ്പത്തികസ്ഥിതിയെപ്പററി ചില ചർച്ചകൾനടത്തി. അതിനിടയിൽ അവിടത്തെ തൊഴിലാളികളെപ്പററി അദ്ദേഹം പറഞ്ഞതു്, അവർ സുഖസൗകര്യങ്ങളോടുകൂടിയാണു് ജീവിക്കുന്നതെന്നും ആധുനികകാലത്തിലെ സുഖാനുഭവങ്ങളിൽ ഒരു വലിയ പങ്കു് അവർക്കു ലഭിക്കുന്നുണ്ടെന്നുമാണു്. "തൊഴിലാളിയുടെയും ധനികവർഗ്ഗക്കാരുടെയും ജീവിതത്തോതിലുള്ള വ്യത്യാസം മററു പല രാജ്യങ്ങളിലെപ്പോലെ അത്ര വലുതല്ല. പ്രായപൂർത്തിവന്ന മിക്കവാറും എല്ലാവരും സ്ത്രീപുരുഷവ്യത്യാസം കൂടാതെ കാലയാപനത്തിനുവേണ്ടി ജോലിയെടുക്കുന്നു. അതിനുള്ള പ്രതിഫലം വളരെ വിശിഷ്ടമാകയാൽ കൂടുതലായും മെച്ചമായും ജോലിചെയ്യുവാൻ അവർക്കു പ്രേരണയുണ്ടു്. ഓരോ ആളും മണിക്കൂറിൽ വളരെയധികം ഉല്പാദനം നടത്തുന്നു. ഉല്പാദനം വർദ്ധിക്കുന്നതൊപ്പിച്ചു് തങ്ങൾക്കുള്ള പ്രതിഫലവും വർദ്ധിക്കുമെന്നുള്ള തൊഴിലാളിയുടെ ബോധവും യന്ത്രസഹായവുമാണിതിനു കാരണം.

### ഹോഫ്മാന്റെ കണക്കു്

യു. എസ്. എ. യിലെ സാമ്പത്തികരംഗത്തിലെ സുപ്രസിദ്ധ ഭരണകർത്താക്കളിലൊരാളായ മി. പോൾ ഹോഫ്മാൻ(Hoffman) എഴുതിയ ഒരു ലേഖനത്തിലെ കണക്കു ശ്രദ്ധേയമാണു്. യു. എസ്. എ. യിൽ വ്യവസായത്തിലും കൃഷിയിലും ഇന്നത്തെ ഉല്പാദനം 1900 ത്തേതിന്റെ ഏകദേശം മൂന്നിരട്ടിയാണു്. യു. എസ്. എ. യിലെ കരഭൂമി ലോകത്തിലേതിന്റെ 15 ൽ ഒന്നുമാത്രം; യു. എസ്. എ. യിലെ ജനസംഖ്യ ലോകത്തിന്റേതിലെ 15 ൽ ഒന്നുമാത്രം; യു. എസ്. എ. യിലെ പ്രകൃതിസമ്പത്തു് ലോകത്തിലേതിന്റെ 15 ൽ ഒന്നുമാത്രം; എന്നുവരികിലും ലോകത്തിൽ ആകെയുള്ള വിഭവങ്ങളിൽ മൂന്നിലൊന്നു് യു. എസ്. എ. ഉല്പാദിപ്പിക്കുന്നു; ലോകത്തിൽ യന്ത്രങ്ങൾവഴി നിർമ്മിക്കപ്പെടുന്ന വസ്തുക്കളിൽ പകുതിയും യു. എസ്. എ. യിൽ ഉണ്ടാക്കപ്പെടുന്നു. യൂറോപ്പിൽ ഓരോ തൊഴിലാളിയും രണ്ടുകുതിരശക്തി ഉപയോഗിച്ചു വേലചെയ്യുമ്പോൾ യു. എസ്. എ. യിലെ തൊഴിലാളി എട്ടുകുതിരശക്തി ഉപയോഗിച്ചു ജോലിചെയ്യുന്നു. 1900 ത്തിൽ യു എസ്. എ. യിലെ ജനസംഖ്യ 75,000,000 ആയിരുന്നപ്പോൾ അവിടെ 27,000,000 ത്തിൽപ്പരം ജോലിയുണ്ടായിരുന്നു. ഇന്നാകട്ടെ ജനസംഖ്യ 160,000,000 ആയപ്പോൾ ജോലി 63,000,000 ത്തിൽ അധികമായി. ഈ ജോലികൾ 50 കൊല്ലം മുൻപിലത്തേതിനേക്കാൾ വളരെ മെച്ചവുമാണു. ഫാക്ടറി തൊഴിലാളി 1900 ൽ ഒരു മണിക്കൂറിൽ ശരാശരി സമ്പാദിച്ചതു് 21 സെൻറു് ആയിരുന്നു. (ഒരു ഡോളറിന്റെ നൂറിലൊരംശം ഒരു സെൻറു്. ഒരു ഡോളറിനു് ഇന്നു് നാലേമുക്കാൽ രൂപായോളം വിലയുണ്ടു്.) ഇന്നാകട്ടെ തൊഴിലാളിയുടെ മണിക്കൂർതോറുമുള്ള കൂലി ഒരുഡോളർ 76 സെൻറാണു്. അതിനുംപുറമെ അനേകംതരം സഹായങ്ങൾ നിയമമനുസരിച്ചു് അയാൾക്കു ലഭിക്കുകയുംചെയ്യുന്നു. 1900 ൽ ഒരാഴ്ചയിലെ ശരാശരി ജോലി 49 മണിക്കൂർ ആയിരുന്നു. ഇന്നാകട്ടെ 40 മണിക്കൂറിൽ അല്പം കൂടുതൽമാത്രം. യു. എസ്. എ. യിലെ തൊഴിലില്ലാത്തവർ ആകെയുള്ള തൊഴിലാളികളുടെ മൂന്നുശതമാനത്തിൽ കുറവാണു്. തൊഴിലാളികൾക്കിഷ്ടംപോലെ ജോലി തെരഞ്ഞെടുക്കാനും വേണ്ടെന്നുവയ്ക്കുവാനും സ്വാതന്ത്ര്യമുള്ള വ്യവസ്ഥിതിയിൽ ഇത്രയും തൊഴിലില്ലാത്തവർ ഉണ്ടാകാതിരിക്കുക സാദ്ധ്യമല്ലെന്നാണു് സാമ്പത്തികശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ഈ മൂന്നു ശതമാനത്തിൽ മിക്കവരും യഥാർത്ഥത്തിൽ ജോലിയില്ലാത്തവരല്ല, പ്രത്യുത ഒരു തൊഴിലിൽനിന്നു മാറുന്ന ഘട്ടത്തിൽ തൊഴിലില്ലാതാകുന്നവരാണു്.

അമേരിക്കയിലെ തൊഴിലാളികളുടെ ജീവിതനിലവാരം ഇത്ര ഉയർന്നതാകാൻ കാരണം അവിടത്തെ സാമ്പത്തികവ്യവസ്ഥിതി കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലെപ്പോലെ ഗവർമ്മെൻറുകളുടെ കുത്തകയിലാകാതെ സ്വകാര്യോദ്യമങ്ങൾക്കു് ന്യായമായ സ്ഥാനം അനുവദിക്കുന്നുവെന്നതാണു്.

* * *

### സോവ്യററയൂണിയനിലെ തൊഴിലാളികൾ അടിമകൾ

കമ്മ്യൂണിസ്റ്റു സാമ്പത്തിക വ്യവസ്ഥിതിയിൽ തൊഴിലാളികൾ സാമാന്യമായി യാതൊരു സ്വാതന്ത്ര്യവുമില്ലാതെ അടിമകളെപ്പോലെയാണു കഴിഞ്ഞുകൂടുന്നതെന്നു് വിശ്വാസയോഗ്യന്മാരായ സാക്ഷികളുടെ വാക്കുകൾ ഉദ്ധരിച്ചു് ഈ പംക്തികളിൽ പലപ്പോഴും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണല്ലോ. അതിനൊരു പുതിയ തെളിവു് ഈയിടെ പുറത്തുവന്നിട്ടുണ്ടു്. "സോവ്യററയൂണിയനിലെ തൊഴിലാളികളുടെമേൽ നിർബന്ധം ചെലുത്തൽ" (Coercion of the Worker in the Soviet Union) എന്നൊരു പുതിയ പുസ്തകമാണതു്. അതിൽ ഉദ്ധരിച്ചിരിക്കുന്ന യു. എസ്. എസ്. ആറിലെ തൊഴിലാളിനിയമങ്ങൾ എത്രയോ കഠിനങ്ങളും കർശനങ്ങളുമാണെന്നു് ആ[illegible]പ്പെടാതെ ഗത്യന്തരമില്ല. ഏതെതൊരു തത്വങ്ങൾക്കു വേണ്ടിയാണോ റഷ്യയിൽ കമ്മ്യൂണിസ്റ്റു വിപ്ലവം ഏററവും ഭീകരതയോടുകൂടി നടത്തപ്പെട്ടതു് ആ തത്വങ്ങളെ മുപ്പതിൽപ്പരം കൊല്ലങ്ങൾക്കുള്ളിൽ കമ്മ്യൂണിസ്റ്റുകാർതന്നെ ചവുട്ടി മെതിച്ചിരിക്കുകയാണു്. അതിനോടു് താരതമ്യം ചെയ്യുമ്പോൾ സാർ ചക്രവർത്തിമാരുടെ ഭരണം സ്വാതന്ത്ര്യവും ഗുണപ്രദവുമായിരുന്നെന്നു് ഇപ്പോൾ തോന്നുന്നു. സോവ്യററു തൊഴിലാളികളെ ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കുന്ന നിയമങ്ങൾ ഏതോ കടുത്ത കാരാഗൃഹത്തിലെ നിയമങ്ങൾപോലെയാണു് കാണപ്പെടുന്നതു്. വാസ്തവത്തിൽ റഷ്യ മുഴുവനും അവിടത്തെ ജനങ്ങൾക്കു് കടുത്ത കാരാഗൃഹം തന്നെയാണു്.

താൻ ചെയ്യുന്ന ജോലി ഇന്നതരമായിരിക്കണമെന്നു് സാമാന്യതൊഴിലാളിക്കു പറയുവാനവകാശമില്ല. അവനു യോജിച്ച ജോലി ഏതെന്നു് അധികാരി നിശ്ചയിക്കുന്നു. ആ നിശ്ചയം അനുസരിക്കുവാൻ അവൻ നിർബന്ധിക്കപ്പെടുന്നു. സ്വമനസ്സാ ഒരിക്കലും അതിൽനിന്നു വിട്ടുമാറാൻ അവനു സ്വാതന്ത്ര്യമില്ല. അതിനെക്കാൾ ഉയർന്നതോ കൂടുതൽ മെച്ചമായതോ ആയ ജോലിയിലേക്കു തന്നെ നിയമിക്കണമെന്നു് ആവശ്യപ്പെടാൻപോലും അവനു അനുവാദമില്ല. ജോലിയിൽ വല്ല താല്പര്യക്കുറവും കാണിച്ചാൽ, അതു് ഉപേക്ഷയോ നിസ്സഹകരണമോ ആയി പരിഗണിച്ചു് അവനു തടവുശിക്ഷനൽകാവുന്നതാണു്. വാസസ്ഥലം മാറാനും തൊഴിലാളിക്കു് ഒരിക്കലും അനുവാദമില്ല. പാസ്പ്പോർട്ടുകളുടേയും വേലപ്പുസ്തകങ്ങളുടേയും കഴഞ്ഞുമറിഞ്ഞ ഏർപ്പാടുകളാൽ ഈ അവകാശം നിയന്ത്രിക്കപ്പെടുന്നു. "താക്കോൽ വ്യവസായങ്ങളായി" ഗണിക്കപ്പെടുന്ന ചില വ്യവസായങ്ങളുടെ കാര്യത്തിൽ തൊഴിലാളിയുടെനേരെയുള്ളനിയന്ത്രണങ്ങൾകൂടുതൽ കർക്കശമാണു്. ഇത്ര അസ്വാതന്ത്ര്യങ്ങളായ പരിതസ്ഥിതികളിൽ കഴിഞ്ഞുകൂടുന്ന തൊഴിലാളികൾക്കു് ഉല്പാദനം വർദ്ധിപ്പിക്കുവാനും കാര്യക്ഷമമാക്കാനും സാദ്ധ്യമാണോ?

* * *

### കമ്മ്യൂണിസ്റ്റുചൈനയിൽ പഞ്ഞത്തിന്റെ ഗുരുതരഭീഷണി

ചൈനയിലെ പീപ്പിൾസ് റിപ്പബ്ലിക്കിനെ ഗുരുതരമായ പഞ്ഞം ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഈ വാർത്ത "മുതലാളിപത്രങ്ങൾ പ്രചരിപ്പിക്കുന്ന ദുഷ്ടമായ കള്ളം" അല്ല. കമ്മ്യൂണിസ്റ്റു് ഭരണയന്ത്രത്തിന്റെ നാവുകളായ പത്രങ്ങൾതന്നെ ഔദ്യോഗികമായി സമ്മതിച്ചിട്ടുള്ളതും അധികൃതമായി പ്രസ്താവിച്ചിട്ടുള്ളതുമാണതു്. ആ രാജ്യത്തു നിലവിലുള്ള ഭക്ഷ്യദാരിദ്ര്യത്തെപ്പററി ഒരു റിപ്പോർട്ടു് ന്യൂ ചൈനാന്യൂസ് ഏജൻസി എന്ന ഔദ്യോഗിക വാർത്താവിതരണക്കാർ റിപ്പോർട്ടുചെയ്തിട്ടുണ്ടു്. ഈ ദാരിദ്ര്യംമൂലം ദുരിതമനുഭവിക്കുന്നവരുടെ സംഖ്യ 2000 ലക്ഷം, അതായതു് ചൈനയിലെ ആകെ ജനസംഖ്യയിൽ പകുതി, ആണെന്നു് അവർ കണക്കാക്കുകയും ചെയ്തിരിക്കുന്നു. നാട്ടിൻ പ്രദേശങ്ങളിൽ വളർന്നുവരുന്ന അതൃപ്തി, അതുഅമർത്തിവയ്ക്കാൻ സ്വീകരിക്കുന്ന മർദ്ദനനടപടികളും കർഷകരെ വെടിവെച്ചു വീഴ്ത്തുന്നതും, ധാന്യങ്ങൾ പ്രൈവററായി കച്ചവടം ചെയ്യുന്നതു് നിയമവിരുദ്ധമാക്കാൻ പുറപ്പെടുവിച്ചിട്ടുള്ള കർശനങ്ങളായ പുതിയ ചട്ടങ്ങൾ, നിശ്ചിത വിലയ്ക്കു് തങ്ങളുടെ ധാന്യങ്ങൾ സർക്കാരിനു വില്ക്കാൻ കർഷകരിൽ ചെലുത്തുന്ന നിർബന്ധം ഇവയെപ്പററിയും പ്രസ്തുത വാർത്താവിതരണക്കാരുടെ റിപ്പോർട്ടുകൾ ഉണ്ടു്. പഞ്ഞം പിടിപെട്ട കർഷകർ ഭക്ഷണംതേടി പട്ടണങ്ങളിലേക്കു് ഓടിപ്പോകുന്നതിനെ തടയുന്നതിനും നിർബന്ധനടപടികൾ എടുക്കുന്നുണ്ടു്. മാർച്ചു് 12-ാംതീയതി ആഭ്യന്തരവും തൊഴിലും വകുപ്പുകളിൽ ഉൾപ്പെട്ട മന്ത്രിമാർ പ്രസിദ്ധംചെയ്ത ഒരുത്തരവിൽ സമ്മതിച്ചിട്ടുണ്ടു്, "ചില പ്രദേശങ്ങളിൽ ദിവസം ചെല്ലുന്തോറും സ്ഥിതിഗതികൾ ഗുരുതരമായതോതിൽ എത്തിക്കൊണ്ടിരിക്കുകയാണു്" എന്നു്. ചൈനയിൽ ഇന്നു നിലവിലുള്ള കൃഷിയുടെയും ഭക്ഷ്യവിഭവങ്ങളുടെയും സ്ഥിതിയെപ്പററി അധികൃതങ്ങളായ റിപ്പോർട്ടുകൾ ഇങ്ങനെയിരിക്കെ, ചൈനയിൽ കാർഷികപ്രശ്നത്തെ വിജയകരമായി പരിഹരിക്കുവാൻ കമ്മ്യൂണിസ്റ്റു് ഭരണത്തിനു് സാധിച്ചിട്ടുണ്ടെന്നുള്ള പ്രസംഗങ്ങളും പ്രസ്താവനകളും കേവലം കള്ളപ്രചരണങ്ങളാണെന്നും സ്പഷ്ടമാണല്ലോ.

### അടുത്തയാഴ്ചയിൽ

മേയ്

23 ഞാ: ഉയിപ്പ്
5-ാംഞായർ
24 തി: ക്രിസ്ത്യാനികളുടെ
സഹായമായ മറിയം
25 ചൊ: ഉർബാനോസ്
26 ബു: ഫീലിപ്പ് നേരി
27 വ്യാ: കർത്താവിന്റെ
സ്വർഗ്ഗാരോഹണം
28 വെ: ഗ്രിഗോരിയോസ്
29 ശ: ഉബാൾദോസ്

സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6— 8—0
ഇൻഡ്യക്കുപുറമെ " 8—12—0

ആദ്ധ്യാത്മികവീഥി 23

## പ്രാർത്ഥന

ദൈവത്തിന്റെ വത്സലമക്കളേ,

ധ്യാനം അഥവാ മനഃപ്രാർത്ഥനയെക്കുറിച്ചു പറയുന്നതിനു മുൻപുതന്നെ പ്രാർത്ഥനയെക്കുറിച്ചു പൊതുവെ ചിലതെല്ലാം അറിഞ്ഞിരിക്കുന്നതു കൊള്ളാം. ബാൾട്ടിമൂർ വേദോപദേശം പ്രാർത്ഥനയെ നിർവ്വചിച്ചിരിക്കുന്നതു് ഇങ്ങനെയാണു്. "ദൈവത്തെ ആരാധിക്കുന്നതിനും, അവിടുത്തെ ഉപകാരങ്ങൾക്കു നന്ദിപറയുന്നതിനും അവിടുത്തോടു ക്ഷമാപണം ചെയ്യുന്നതിനും നമ്മുടെ ആത്മാവിനും ശരീരത്തിനും ആവശ്യമായിട്ടുള്ള നന്മകളെ അപേക്ഷിക്കുന്നതിനുമായി ദൈവത്തിൻപക്കലേക്കുള്ള നമ്മുടെ മനസ്സിന്റെയും ഹൃദയത്തിന്റെയും ഉയർത്തലാകുന്നു പ്രാർത്ഥന." ഈ നിർവ്വചനത്തിനു രണ്ടു ഭാഗങ്ങളുണ്ടു്. ഒരു ഭാഗത്തിൽ പ്രാർത്ഥനയുടെ ഉദ്ദേശവും മറെറ ഭാഗത്തിൽ അതിന്റെ സാരാംശവും അടങ്ങിയിരിക്കുന്നു. ആരാധന, സ്തോത്രം, ക്ഷമാപണം, അപേക്ഷ ഇവയാകുന്നു ഉദ്ദേശം. ദൈവത്തിൻപക്കലേക്കുള്ള മനസ്സിന്റെയും ഹൃദയത്തിന്റെയും ഉയർത്തലാണു് സാരാംശം.

നാം ആരുടെയെങ്കിലും പക്കൽനിന്നു നേരിട്ടു ഒരു കാര്യം സാധിക്കണമെന്നു കരുതുമ്പോൾ അയാളുടെ അടുക്കൽ പോകുകയും ആത്മാർത്ഥമായി ഹൃദയപൂർവ്വം അയാളോടു സംസാരിക്കയും ചെയ്യാറില്ലയോ? അതുപോലെ പ്രാർത്ഥിക്കുമ്പോൾ നാം ദൈവത്തെ സമീപിക്കുകയും അവിടുത്തോടു സംസാരിക്കയും അത്രെ ചെയ്യുന്നതു്. എന്നാൽ ദൈവം ശാരീരികദൃഷ്ടികൾക്കു അദൃശ്യനാകയാൽ അവിടുത്തെ നമ്മുടെ മാനസികനേത്രങ്ങൾക്കു മുൻപിൽ വരുത്തണം. അതിനാണു നമ്മുടെ മനസ്സിനെ ദൈവത്തിൻപക്കലേക്കു ഉയർത്തണമെന്നു പറയുന്നതു്. അങ്ങനെ ദൈവത്തെ നമ്മുടെ ബോധത്തിൽ വരുത്തിയതിനുശേഷം നമ്മുടെ മുൻപിൽ നിൽക്കുന്ന ഒരാളോടെന്നവണ്ണം ഹൃദയപൂർവ്വം സശ്രദ്ധം അങ്ങയോടു സംസാരിക്കണം. പ്രാർത്ഥനയുടെ സാരാംശം ഇതിലത്രെ അടങ്ങിയിരിക്കുന്നതു്.

ദൈവത്തെക്കുറിച്ചു സ്മരിക്കാതെയോ എന്താണു പറയുന്നതെന്നു ശ്രദ്ധിക്കാതെയോ ചുണ്ടുകൊണ്ടുമാത്രം കുറെ സ്വരം ഉണ്ടാക്കിയാൽ അതു യഥാർത്ഥ പ്രാർത്ഥനയായിരിക്കയില്ല. ഇതു നാം പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു സത്യമാണു്. പ്രാർത്ഥന ചിന്താരഹിതമായ ഒരു പ്രകരണമല്ല. അതിനാൽ ഉറക്കത്തിലോ സന്നിപാതിച്ചു് ബോധമില്ലാതെയോ എന്തെങ്കിലും ജപം ഉച്ചരിച്ചാൽ അതു പ്രാർത്ഥനയായിരിക്കയില്ല.

അതുപോലെ ഒരു ജപത്തിന്റെ ഗ്രാമഫോൺ റെക്കാർഡു പാടിച്ചാൽ അതും പ്രാർത്ഥനയായിരിക്കയില്ല. തത്ത പഠിച്ചു ചൊല്ലുന്ന ജപവും പ്രാർത്ഥനയല്ല.

ടിബററുകാർക്കു ഒരുതരം പ്രാർത്ഥനച്ചക്രമുണ്ടെന്നു പറഞ്ഞുകേട്ടിട്ടുണ്ടു്. പത്തു പ്രാവശ്യം ഒരു ജപം എഴുതിയിട്ടുള്ള അത്തരം ഒരു ചക്രം മിനിററിൽ പത്തുവീതം കറക്കുകയാണെങ്കിൽ നൂറുപ്രാവശ്യം ആ ജപം ചൊല്ലിയ ഫലമുള്ളതായിട്ടാണു് വയ്പു്. വളരെ എളുപ്പമുള്ള ഒരു വിദ്യയാണെങ്കിലും അതു പ്രാർത്ഥനയാകുകയില്ല. യാതൊരു ശ്രദ്ധയുമില്ലാതെ മനപ്പൂർവ്വം അന്യകാര്യങ്ങളിൽ ശ്രദ്ധ വ്യതിചലിപ്പിച്ചുകൊണ്ടുള്ള വാചാപ്രാർത്ഥന ടിബററുകാരുടെ പ്രസ്തുത പ്രാർത്ഥനയിൽനിന്നു വ്യത്യസ്തമല്ലതന്നെ.

പ്രാർത്ഥന പൂർണ്ണഅറിവോടും സ്വാതന്ത്ര്യത്തോടും സമ്മതത്തോടുംകൂടി ചെയ്യേണ്ട ഒരു മാനുഷികപ്രവൃത്തിയാണു്. സാധാരണ അറിവു, സ്വാതന്ത്ര്യം, സമ്മതം എന്നീ മൂന്നു കാര്യങ്ങൾ ഒരു പ്രവൃത്തിയുടെ തിന്മയെക്കുറിച്ചു ചിന്തിക്കുമ്പോൾ മാത്രമേ പരിഗണിക്കാറുള്ളു. അതബദ്ധമാണു്. ഒരു പ്രവൃത്തി നന്മയാകുന്നതിനും മേല്പറഞ്ഞ ലക്ഷണങ്ങളെല്ലാം ആവശ്യമാണു്. അവയുടെ കൂടുതൽ കുറവു പാപത്തിന്റെ തിന്മയെ എങ്ങനെ ബാധിക്കുന്നുവോ അതുപോലെതന്നെ സൽപ്രവൃത്തികളുടെ നന്മയേയും ബാധിക്കും.

അതിനാൽ നല്ലവണ്ണം ഒരുങ്ങിവേണം പ്രാർത്ഥിക്കുവാൻ. ആരു് ആരുടെ പക്കൽ, എന്തിനു പോകുന്നു എന്ന പൂർണ്ണബോധം വരുത്തി എന്താണു പറയുന്നതെന്നുള്ള ശ്രദ്ധയോടുകൂടി ദൈവത്തോടു നമ്മുടെ കാര്യം പറയുവാൻ ശ്രമിക്കാം.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

—o—

## ഇടവകവാർത്തകൾ

**മണിമല:** ഇവിടെ സ്ഥാപിതമായിരിക്കുന്ന ചെ. പു. മിഷൻലീഗ്, സൊഡാലിററി എന്നിവയുടെ സംയുക്തവാർഷികം 1954 മേയ് 2-ാംനു റവ. ഫാ. ജോസഫ് പുതിയാപറമ്പിൽ ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തദവസരത്തിൽ മി. എം. കെ. ജോസഫ് ബി. എ. ഓണേഴ്സും, റോസലി ചാക്കോയും, പ്രസംഗിച്ചു.

**ഇരിഞ്ഞാലക്കുട:** ഫാത്തിമാബാലസംഘത്തിൻെറ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഫാത്തിമാ ബുക്ക്സ്റ്റാൾ കഴിഞ്ഞവർഷത്തിൽ കുട്ടികളുടെ പരിശ്രമഫലമായി 550 രൂപയ്ക്കുള്ള പുസ്തകങ്ങൾ വിതരണം ചെയ്യുകയുണ്ടായി. ഈ കൊല്ലവും വളരെയധികം പുസ്തകങ്ങൾ അവർ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്.

**അതിരമ്പുഴ:** സ്ഥലം സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററി പർട്ടിക്കുലർ കൗൺസിലിൻെറ ആഭിമുഖ്യത്തിൽ മാന്നാനം ഹൈസ്കൂളിൽവച്ച് ജൂൺ 2-ാംനു വൈകുന്നേരം ആരംഭിച്ച് 6-ാംനു രാവിലെ അവസാനിപ്പിക്കത്തക്കവിധം പുരുഷന്മാർക്ക് ഒരു ഏകാന്തധ്യാനം നടത്തപ്പെടുന്നതാണ്. ധ്യാനഗുരു റവ. ഫാദർ മാത്യു മങ്കുഴിക്കരി അവർകളാണ്. ധ്യാനത്തിൽ സംബന്ധിക്കുവാനാഗ്രഹിക്കുന്നവർ മേയ് 22-ാംനു ക്കുമുമ്പുതന്നെ കൗൺസിൽ സെക്രട്ടറി, അതിരമ്പുഴ എന്ന വിലാസത്തിൽ വിവരം അറിയിക്കേണ്ടതാണ്.

**വല്ലച്ചിറ:** വല്ലച്ചിറ കപ്പേളയിൽ വി. അന്തോണീസിൻെറ തിരുനാൾ ഈ കൊല്ലം മേയ് 21, 22, 23 തീയതികളിൽ കൊണ്ടാടുന്നതിനു് നിശ്ചയിച്ചിരിക്കുന്നു. മേയ് 23-ാംനു ഞായറാഴ്ച എ. പെ പെ. ബ. തൃശ്ശൂർ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട്, നവമായി പണികഴിച്ചിരിക്കുന്ന ഇടവകപ്പള്ളി വെഞ്ചിരിപ്പ് നടത്തുന്നതും സ്ഥൈര്യലേപനം നൽകുക മുതലായ ചടങ്ങുകൾ നിർവ്വഹിക്കുന്നതുമാണ്.

**കൊട്ടാങ്ങൽ:** ഈ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന ലീജിയൻ ഓഫ് മേരിയുടെയും ചെറുപുഷ്പ മിഷൻലീഗിൻെറയും ഏകോപിച്ചുള്ള വാർഷികം ഏപ്രിൽ 27-ാംനു ചൊവ്വാഴ്ച റവ. ഫാദർ ജേക്കബ് മടിയം അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തദവസരത്തിൽ പി. സി. ഏബ്രാഹം മുതലായവർ പ്രസംഗിച്ചു. മരിയവത്സരം പ്രമാണിച്ച് സത്യാരാധനസഖ്യക്കാരുടെ സഹകരണത്തിൽ ഇവിടെനിന്നും ചെറുവള്ളി പള്ളിയിലേക്കും കുളത്തൂർ പള്ളിയിലേക്കും, ദുഃഖശനിയാഴ്ച ചുങ്കപ്പാറ റീത്തുപള്ളിയിലേക്കും ഓരോ പരിഹാരപ്രദക്ഷിണം നടത്തപ്പെട്ടു.

**മഞ്ഞപ്ര:** മരിയൻജൂബിലി ദണ്ഡവിമോചനം പ്രാപിക്കുന്നതിനായി ഇവിടെനിന്നു് ആയിരത്തോളം വരുന്ന ഒരു തീർത്ഥകജാഥ കുരിശുകൾ പിടിച്ചും ജപമാല ജപിച്ചും നിരയായി നടുവട്ടം പള്ളിയും മലയാററൂർ മലമുകളിലെ പള്ളിയും സന്ദർശിച്ചിരിക്കുന്നു. ജാഥയെ നയിച്ചിരുന്നതു വടക്കുഞ്ചേരി ബ. ലൂയീസച്ചനാണ്. അദ്ദേഹം മലമുകളിൽ അവർക്കുവേണ്ടി വി. കുർബാന ചൊല്ലുകയും എല്ലാവരും വി. കുർബാന സ്വീകരിക്കുകയുംചെയ്തു. മലയാററൂർ താഴത്തെപ്പള്ളി, കൊററമത്തി എന്നീ പള്ളികളും സന്ദർശിച്ച് തീർത്ഥാടനം പൂർത്തിയാക്കി മടങ്ങി.

**തോട്ടകം:** ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ എറണാകുളം അതിരൂപതാ സുപ്പീരിയർ റവ. ഫാ. ജോർജ്ജ് വട്ടംകണ്ടത്തിൽ അവർകൾ സഭക്കാർക്കുള്ള ഒരു സർക്കുലറിൽ ഇപ്രകാരം അറിയിക്കുന്നു. അതിരൂപതയിൽ ജൂബിലി തീർത്ഥകേന്ദ്രങ്ങളായി മെത്രാപ്പോലീത്താ തിരുമേനി പ്രഖ്യാപിച്ചിട്ടുള്ള ചേർത്തല (മുട്ടം), കൊരട്ടി, നാഗപ്പുഴ ഈ ദേവാലയങ്ങളിലേക്കു ഓരോ ഭാഗത്തുമുള്ള മൂന്നാംസഭാംഗങ്ങൾ കൂട്ടമായി പുണ്യയാത്ര ചെയ്യേണ്ടതാണെന്നും, അവയെ സംഘടിപ്പിക്കുന്നതിനു മുട്ടം, കൊരട്ടി, നെടിയശാല എന്നീ സ്ഥലങ്ങളിലെ മൂന്നാം സഭാശ്രേഷ്ഠന്മാരെ പ്രൊമോട്ടർമാരായി നിയോഗിച്ചിരിക്കുന്നതായും മററും വേണ്ട നിർദ്ദേശങ്ങൾ അതിൽ നൽകിയിട്ടുണ്ട്.

**മഞ്ഞുമ്മേൽ:** മഞ്ഞുമ്മേൽ കർമ്മലീത്താ മിഷനറി സഭയുടെ പൊതുതിരഞ്ഞെടുപ്പു ഈ മാസം 8, 9, 10 എന്നീ തീയതികളിൽ നടന്നിരിക്കുന്നു. പ്രൊവിൻഷ്യാളായി വെ റവ. ഫാദർ ബൊനവഞ്ചർ ഒ. സി. ഡി. എം. അവർകളും ഡെഫനിറററർമാരായി വെ. റവ. ഫാദേഴ്സ് ജെറോം, ജോസഫ് റോക്കി, അഗസ്റ്റിൻ, പൊർസിയാന്തൂസ് എന്നിവരും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഓരോ ആശ്രമങ്ങളുടെ ശ്രേഷ്ഠന്മാരേയും മററു പൊതു ഉദ്യോഗഭാരവാഹികളേയും പൊതുസമ്മേളനം തിരഞ്ഞെടുക്കുകയുണ്ടായി.

### ഏജൻസി അറിയിപ്പ്

ശ്രീ കെ. ഐ. ആൻറണി, പ്രസിഡൻറു സെൻറു വിൻസെൻറു ഡി പോൾ സൊസൈററി, എരവു്, അരിമ്പൂർ അവർകളെ സത്യദീപം ഏജൻറായി നിയമിച്ചിരിക്കുന്നു.

**മാനേജർ, സത്യദീപം**

---

**കോടിക്കുളം:** എറണാകുളം സഹായമെത്രാൻ റൈററു് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി ഇടവകസന്ദർശനാർത്ഥം മേയ് 6-ാംനു വൈകുന്നേരം ഇവിടെ ആഗതനായി. സ്ഥലം പഞ്ചായത്തു പ്രസിഡൻറും, ചെറുപുഷ്പം ഗ്രന്ഥശാലാ പ്രസിഡൻറും, ബ. വികാരിയച്ചനും കസവുമാലകൾ അണിയിച്ച് തിരുമേനിയെ സ്വാഗതം ചെയ്തു. 7-ാംതീയതി ശനിയാഴ്ച രാവിലെ 125 കുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യസ്വീകരണവും 500-ൽപ്പരമാളുകളുടെ സ്ഥൈര്യലേപനവും നടക്കുകയുണ്ടായി. ഉച്ചകഴിഞ്ഞു സ്ഥലം ചെറുപുഷ്പലൈബ്രറി, ആരാധനമഠം, ചെറുപുഷ്പമിഷൻ ഹൗസു് എന്നിവ സന്ദർശിച്ചശേഷം തിരുമേനി കാളിയാർ ഇടവകസന്ദർശനാർത്ഥം സ്ഥലം വിട്ടു.

ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന മാതൃസംഘത്തിൻെറ വാർഷികം ശ്രീ വക്കി മാണി പള്ളിക്കാപ്പറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ മേയ് 9-ാംനു ഞായറാഴ്ച വൈകിട്ടു് നടത്തപ്പെട്ടു. യോഗത്തിൽ റവ. ഫാദർ ജോൺ പയ്യപ്പിള്ളി ശ്രീമതി അന്നമ്മ കുര്യൻ ചാലിൽ, കുമാരി ത്രേസ്യാമ്മ കെ. കാപ്പൻ എന്നിവർ പ്രസംഗിച്ചു.

**കുടക്കച്ചിറ:** ഈ പള്ളിയിൽ ആണ്ടുതോറും ജൂൺ 21-ാം തീയതി നടത്തിവരുന്ന പതിമൂന്നുമണി ആരാധന, ചില പ്രത്യേക കാരണങ്ങളാൽ, ഇക്കൊല്ലം, ജൂൺ 11-ാംതീയതി നടത്തുന്നതിനു് തീരുമാനിച്ചിരിക്കുന്നു. ധ്യാനം, ജൂൺ, 7-8-9-10, ഈ തീയതികളിലായിരിക്കും.

**വാഴക്കുളം:** സ്ഥലം കർമ്മലീത്താശ്രമത്തിൽ മരിയജൂബിലി മഹം മേയ് 21, 22, 23 തീയതികളിൽ ആഘോഷപൂർവ്വം കൊണ്ടാടുന്നതാണ്. പാലാമെത്രാൻ, എറണാകുളം സഹായമെത്രാൻ എന്നീ അഭിവന്ദ്യതിരുമേനിമാരുടെയും ജസ്റ്റിസു് ജോസഫ് വിതയത്തിൽ മുതലായ മഹാന്മാരുടേയും പ്രസിദ്ധ വാഗ്മികളുടെയും സാന്നിദ്ധ്യം പരിപാടികളിൽ ഉൾപ്പെടുന്നുണ്ട്.

**അറക്കുളം:** സെൻറു് തോമസ്സ് മിഡിൽ സ്കൂളിൽവച്ച് മേയ് 10-ാംതീയതി തിങ്കളാഴ്ച "മരിയഗോരേത്തി" എന്ന നവീന ചലച്ചിത്രപ്രദർശനങ്ങൾ നടത്തപ്പെട്ടു. മൂലമററം മിഡിൽസ്കൂളിൽവച്ചും മേയ് 9-ാംതീയതി ഇതേപ്രദർശനം നടത്തപ്പെട്ടിരുന്നു.

**കൊച്ചി:** കൊച്ചി രൂപതയിലെ മരിയൻ ജൂബിലി ആഘോഷപരിപാടികളെപ്പററി ഒരു കാര്യാലോചനായോഗം മെത്രാസനമന്ദിരത്തിൽവച്ച് അഭിവന്ദ്യ മെത്രാൻ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. ഒരു മരിയൻ തീർത്ഥകദേവാലയമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന പള്ളുരുത്തി അത്ഭുതമാതാവിൻെറ ദേവാലയത്തിലേക്കു് ഇതരദേവാലയങ്ങളിൽനിന്നു് തീർത്ഥകപ്രദക്ഷിണങ്ങൾ മേയ് 30-ാംനു ആനയിക്കപ്പെടുന്നതാണ്. വൈകുന്നേരം 5മണിക്കു തീർത്ഥാടനപ്രദക്ഷിണങ്ങൾ എത്തിച്ചേരുമ്പോൾ തോപ്പുംപടിയിൽ മെത്രാനച്ചൻ തിരുമേനി ഒരു സായാഹ്നദിവ്യബലി അർപ്പിക്കുകയും അതോടൊപ്പം സംഗീതജപമാല നടത്തപ്പെടുന്നതും അനന്തരം പ്രസംഗവു ദിവ്യകാരുണ്യാശീർവാദവും ഉണ്ടായിരിക്കുന്നതുമാണ്.

**മനാശേരി:** മുണ്ടംവേലി സെൻറു് ലൂയീസ് ഫൊറോനാപ്പള്ളിയിലെ മരിയസഖ്യവിഭാഗങ്ങളുടെ സംയുക്തവാർഷികം മേയ് 9-ാംതീയതി അത്യാഡംബരപൂർവ്വം ആഘോഷിച്ചിരിക്കുന്നു. കൊല്ലം ഫാത്തിമാകോളെജ് പ്രിൻസിപ്പാൾ റവ. ഫാദർ കുററിയാത്തു് എം. എ. അവർകൾ അദ്ധ്യക്ഷതവഹിച്ചു. റവ. ഫാദർ തോമസു് പുത്തൻവീട്ടിൽ അവർകളുടെ സ്വാഗതപ്രസംഗം, കുമാരി എം. ജെ. സെബീനാ എം. ഏ, ശ്രീ കെ എ്സ്. ജോൺ ബി. എ. (ഓണേഴ്സ്) എന്നിവരുടെ പ്രസംഗങ്ങൾ ശ്രീ എം. ജെ. ജെയിക്കബ്ബ് ബി. എ. യുടെ കൃതജ്ഞത എന്നീ ചടങ്ങുകൾ യഥാവിധി നിർവ്വഹിക്കപ്പെട്ടു. പെൺകുട്ടികളുടെ പ്രഹസനവും ലൂർദ്ദിലെ അത്ഭുതദർശനത്തിൻെറ "ടാബ്ലോ"യും ഉണ്ടായിരുന്നു. യോഗാനന്തരം സഖ്യാംഗങ്ങളായ യുവാക്കന്മാർ "പരിവർത്തനം" എന്ന സാമുദായിക ഗദ്യനാടകം ഏററവും തന്മയത്വത്തോടുകൂടി അഭിനയിച്ചു.

**പുത്തൻചിറ:** സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന സെൻറു് തോമസു് മിഷൻലീഗിൻെറ ദ്വിതീയവാർഷികവും മരിയസഖ്യത്തിൻെറ 23-ാംവാർഷികവും സംയോജിച്ച് മേയ് 9-ാംനു ഉച്ചതിരിഞ്ഞു് 5മണിക്കു "സ്ഥലം പള്ളി അങ്കണത്തിൽവച്ച്" റവ. ഫാദർ ജേക്കബ്ബ് അടമ്പുകുളം ബി. എ. ബി. ടി. അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. യോഗത്തിൽ ശ്രീമാൻ കെ. ജെ. ആൻഡ്രൂസ് ബി. എ. യുടെ ഉജ്ജ്വലമായ പ്രസംഗമുണ്ടായിരുന്നു. തദനന്തരം ശ്രീ ഒ. അയ്യനേത്തിൻെറ "ഭിക്ഷു" എന്ന നാടകം സ്ഥലത്തെ നടനകലാസമിതി അഭിനയിക്കുകയുണ്ടായി.

## റോമാവാർത്തകൾ

### പരിശുദ്ധ പിതാവ് ദൈനംദിനകൃത്യങ്ങളിൽ ഏർപ്പെട്ടുതുടങ്ങി

ഈയിടെ ബാധിച്ച ആലസ്യത്തിൽനിന്നു സുഖംപ്രാപിച്ചുവരുന്ന പരിശുദ്ധ പിതാവുതിരുമേനി തൻെറ ദിനകൃത്യങ്ങളിൽ പതിവുപോലെ ഏർപ്പെട്ടുതുടങ്ങിയതായി റോമിലെ അധികൃതകേന്ദ്രങ്ങൾ പ്രസ്താവിക്കുന്നു. എന്നാൽ തിരുമേനി തീർത്ഥകർക്കു അഭിമുഖസന്ദർശനം അനുവദിച്ചുതുടങ്ങിയിട്ടില്ല.

### റോമിലെ മേയ്ദിനാചരണം

മേയ് ഒന്നാംതീയതി ഇററലിയുടെ നാനാഭാഗത്തുനിന്നുമുള്ള 8000 ത്തിൽപ്പരം കത്തോലിക്കാ ട്രേഡ്യൂണിയൻ തൊഴിലാളികൾ സെൻറു് പീറേറഴ്സ് ദേവാലയത്തിൽവച്ചു നടത്തപ്പെട്ട മേയ്ദിനദിവ്യബലിയിൽ സംബന്ധിച്ചു. അനന്തരം അവർ വിദേശീയരായ തീർത്ഥകരും റോമിലെ മററു തൊഴിലാളികളും ഒരുമിച്ച് ബസ്സിലിക്കായുടെ അങ്കണത്തിൽ കൂടിനിന്നു ഭക്തഗാനങ്ങൾ ആലപിച്ചു. മാർപ്പാപ്പാ തിരുമേനി അവിടുത്തെ മുറിയുടെ മട്ടുപ്പാവിൽനിന്നു് അവരുടെ അഭിവാദ്യം സ്വീകരിക്കയും പുഞ്ചിരി തൂകിക്കൊണ്ടും കൈകൾ ഉയർത്തിക്കൊണ്ടും അവർക്കു മംഗളാശംസ നടത്തുകയുംചെയ്തു. കുറെക്കഴിഞ്ഞു് തൊഴിലാളികളെല്ലാം അവരുടെ തൊഴിൽവേഷത്തിൽ പ്രത്യക്ഷപ്പെടുകയും പരിശുദ്ധ പിതാവിനു് സമർപ്പിക്കുവാനായി കൊണ്ടുവന്നിരുന്ന കാഴ്ചകൾ വത്തിക്കാനിൽ നിക്ഷേപിക്കുകയും ചെയ്തു. തൊഴിലാളികൾ കൈയൊപ്പുവച്ചിട്ടുള്ളതും മനോഹരമായി ബയൻറുചെയ്തിട്ടുള്ളതുമായ ഒരു പുസ്തകവും, പരിശുദ്ധ പിതാവിൻെറ പ്രഭാഷണങ്ങളിലെ പ്രധാനപ്പെട്ട വാക്യങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള കളിമണ്ണുകൊണ്ടുള്ള സ്ലാബുകളും, മേയ്ദിനാഘോഷങ്ങളുടെ സ്മാരകമായി അടിച്ചിറക്കിയിട്ടുള്ള മെഡലും ശ്രദ്ധാർഹമായ കാഴ്ചസാധനങ്ങളിൽ പെടുന്നു.

### ആലസ്യവിമുക്തനായ മാർപ്പാപ്പായുടെ ആദ്യപൊതുസന്ദർശനം

രോഗസ്ഥിതിയിൽനിന്നു് വിമുക്തനായ പരിശുദ്ധ മാർപ്പാപ്പാ മേയ് 2-ാംനു ഞായറാഴ്ച ഒരു പൊതുസന്ദർശനം അനുവദിച്ചിരിക്കുന്നു. തിരുമനസ്സിലെ ആലസ്യംനിമിത്തം മൂന്നുമാസമായി പൊതുസന്ദർശനങ്ങൾ മുടങ്ങിക്കിടക്കുകയായിരുന്നു. മരിയവത്സരതീർത്ഥാടനത്തിനായി ഇററലിയിലെ പ്രൈമറിസ്കൂൾ കുട്ടികൾ സംഘടിപ്പിച്ചതായിരുന്നു പ്രസ്തുത ചടങ്ങ്. 20,000 കുട്ടികൾ അതിൽ പങ്കെടുത്തു. അവരുടെ പ്രതിനിധികളായി 6 കുട്ടികൾ പരിശുദ്ധ പിതാവിൻെറ സിംഹാസനത്തിങ്കലേക്കു് കയറിച്ചെല്ലുകയും വെള്ളയും നീലയുമായ പൂച്ചെണ്ടുകളും, അവരുടെ പ്രാർത്ഥനകളെ രേഖപ്പെടുത്തിയിട്ടുള്ള ഒരു ആൽബവും, പരിശുദ്ധ കന്യകമറിയത്തിൻെറ ഒരു തിരുപ്പടവും കാഴ്ച സമർപ്പിക്കുകയുംചെയ്തു.

വെള്ളവസ്ത്രങ്ങൾ ധരിച്ചിരുന്ന പരിശുദ്ധ മാർപ്പാപ്പായെ "സേഡിയ ജെസ്റ്റത്തോറിയ"യിൽ എടുത്തു ബസ്സിലിക്കായിലേക്കാനയിച്ചു. "പാപ്പാ നീണാൾ ജീവിക്കട്ടെ" എന്നുള്ള ആർപ്പുവിളികളും, പുഷ്പവൃഷ്ടിയും, തൂവാലവീശലും ഇടതടവില്ലാതെ പത്തുമിനിട്ടുനേരം നീണ്ടുനിന്നു. "കൺഫഷൻ" അൾത്താരയുടെ മുൻഭാഗത്തിട്ടിരുന്ന സിംഹാസനത്തിൽനിന്നും തിരുമേനി കുട്ടികൾക്കു ഒരു ചെറിയ ഉപദേശം നൽകുകയും അവരെ ആശീർവ്വദിക്കുകയുംചെയ്തു. അവിടുന്നു ഓരോ തീർത്ഥകവിഭാഗത്തിൻേറയും പേരുകൾ വിളിക്കുകയും അവർ പരി. പിതാവിനു് "ജെയ്" വിളിക്കുകയും ചെയ്തു. പരി. പിതാവു് അവരുടെ തൂവാലവീശൽ സന്തോഷത്തോടുകൂടി വീക്ഷിച്ചുകൊണ്ടിരുന്നു. കുട്ടികൾക്കു പുറമെ 10,000 ത്തിൽപ്പരം തീർത്ഥകരും അവിടെ വന്നുകൂടിയിരുന്നു. തിക്കും തിരക്കുംമൂലം പല കുട്ടികൾക്കും മോഹാലസ്യമുണ്ടായി. അവർ പ്രഥമശുശ്രൂഷയ്ക്കുവേണ്ടിയുള്ള സ്ഥലങ്ങളിലേക്കു് ഉടൻ കൊണ്ടുപോകപ്പെട്ടു.

പരിശുദ്ധ മാർപ്പാപ്പാ മടങ്ങിപ്പോയതിനുശേഷവും തീർത്ഥകർ പിരിഞ്ഞുപോകാതെ വീണ്ടും പരിശുദ്ധ പിതാവിനെ കാണുന്നതിനാഗ്രഹിച്ചുകൊണ്ടു കാത്തുനിന്നു. അവിടുന്നു വീണ്ടും പാനമുറിയുടെ ജനാലയിൽ പ്രത്യക്ഷപ്പെടുകയും അവരെ ആശീർവ്വദിക്കുകയുംചെയ്തു.

### വത്തിക്കാൻപ്രക്ഷേപണം തടസ്സപ്പെടുത്തുന്നു

പോളണ്ടിലേക്കുള്ള വത്തിക്കാൻ പ്രക്ഷേപണങ്ങളെ തടസ്സപ്പെടുത്തുന്നതിനുള്ള റഷ്യൻ പ്രവർത്തനങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നു ബർലിനിൽനിന്നുള്ള റിപ്പോർട്ടുകളിൽ കാണുന്നു. റഷ്യൻ ഭാഷയിലും, പൂർവ്വയൂറോപ്യൻ ഭാഷകളിലും യൂറോപ്പിൻെറ മററു ഭാഗങ്ങളിൽനിന്നുമുള്ള പ്രക്ഷേപണങ്ങളുടെ കാര്യത്തിൽ അവരുടെ തടസ്സപ്പെടുത്തൽ അല്പം കുറഞ്ഞിട്ടുണ്ടെന്നും പറയപ്പെടുന്നു.

—o—

### ഫ്രാൻസിൽ 1000-ത്തിൽപ്പരം മരിയതീർത്ഥങ്ങൾ

പരിശുദ്ധ കന്യകമറിയത്തിനു പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ആയിരത്തിലധികം പുണ്യതീർത്ഥങ്ങൾ ഫ്രാൻസിലുണ്ടു്. മരിയവത്സരത്തിലെ തീർത്ഥാടനങ്ങൾക്കുവേണ്ടി പരിശുദ്ധപിതാവിൻെറ നിർദ്ദേശമനുസരിച്ചു സജ്ജമാക്കപ്പെട്ട ഒരു വിവരണഗ്രന്ഥത്തിലാണു് അവയെപ്പററിയുള്ള വിവരങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നതു്. പ്രസ്തുത ഗ്രന്ഥം മൂന്നു വാല്യങ്ങളായിട്ടാണു് പ്രസിദ്ധീകരിച്ചിട്ടുള്ളതു്.

### മെത്രാൻ വികാരിയാകുന്നു

ആൽപ്സ് പർവ്വതപ്രാന്തങ്ങളിൽ ടർനോൺ വില്ലേജിൽ ഒരു ചെറിയ ദേവാലയം 25കൊല്ലങ്ങളായി ഇടവകവികാരി ഇല്ലാതെ കഴിഞ്ഞുകൂടുകയായിരുന്നു. 70 വയസ്സു പ്രായമുള്ള ബിഷപ്പു ഡക്കു് ഇപ്പോൾ ആ പള്ളിയുടെ വികാരിയായി ജോലി സ്വീകരിച്ചിരിക്കുന്നു. അദ്ദേഹം അനാരോഗ്യം നിമിത്തം സെൻറു് ജീൻ ദെ മൗരീൻ രൂപതയുടെ ഭരണത്തിൽനിന്നും വിരമിച്ചിരിക്കയായിരുന്നു.

മരിയപംക്തി

# ലീജ്യൻ ഓഫ് മേരി

(ദേവസ്യാ ജെ. പടനിലം ബി. എസ്സ്‌സി.)

"ആച്ചീയസ്" (Acies) എന്ന റോമൻ സംജ്ഞയ്ക്ക് സൈന്യനിരയെന്നു മലയാളത്തിൽ അർത്ഥം കല്പിക്കാം. തോററാലും ശത്രുക്കൾക്കു കീഴടങ്ങാതെ, റോമൻ ശൂരത്വം അഭംഗം കാത്തുസൂക്ഷിച്ചിരുന്ന വീരയോദ്ധാക്കളുടെ രണശൂരതയിൽ, ദേശാഭിമാനത്തിൽ, സുശിക്ഷിതമായ സമരതന്ത്രങ്ങളിൽ റോമൻ രാഷ്ട്രം ഒരു കാലത്തു അഭിമാനം പൂണ്ടിരുന്നു. ധീരമതികളായ സേനാവ്യൂഹങ്ങളെ കണ്ടപ്പോൾ അന്നത്തെ ബാഹ്യലോകം അത്ഭുതപ്പെടുകയും റോമാസാമ്രാജ്യം ഒരിക്കലും നശിക്കുകയില്ലെന്നു ഉദ്ഘോഷിക്കുകയും ചെയ്തിരുന്നു. റോമാസാമ്രാജ്യത്തിൻെറ അഭിമാനസ്തംഭങ്ങളായിരുന്ന യോദ്ധാക്കൾ അത്യാഡംബരപൂർവ്വം ആഘോഷിച്ചിരുന്ന ഒരു ചടങ്ങാണ് ആച്ചീയസ്. ഏതൊരു പ്രേക്ഷകനേയും രോമാഞ്ചമണിയിക്കുന്ന ഗാംഭീര്യവും, പ്രൗഢിയും മാതൃകാപരമായ അച്ചടക്കബോധവും ആ ചടങ്ങിനുണ്ടായിരുന്നു. ഈ പരിപാടികളെ മോടിപിടിപ്പിക്കുന്നതിനു് ഓരോ സേനാനിയും തന്നാൽ കഴിവതു പരിശ്രമിച്ചുപോന്നു.

കാലചക്രത്തിൻെറ സംഭ്രമജനകമായ തിരിവിൽ മനുഷ്യർ നിത്യത്വമാരോപിച്ചിരുന്ന റോമാസാമ്രാജ്യം തകർന്നു തരിപ്പണമായിപ്പോയി. റോമാ ചരിത്രപുസ്തകങ്ങളിൽ വർണ്ണിച്ചിരിക്കുന്ന പ്രശസ്തിയോടുകൂടി ഒരുകാലത്തു വിരാജിച്ചിരുന്നോ എന്നു സംശയിക്കത്തക്കവിധം അതിൻെറ അവശിഷ്ടങ്ങളെപ്പോലും വിസ്മൃതി ഗ്രസിച്ചിരിക്കുന്നു. റോമൻ സൈന്യവും അവരുടെ ആച്ചീയസും ഇന്നു വെറും ചരിത്രരേഖകൾമാത്രം.

നൂതനങ്ങളായ പ്രവൃത്തിപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും, പുതിയ പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനും മനുഷ്യർ വെമ്പൽപ്പെടുന്ന ഇക്കാലത്തു്, പൗരാണികലോകത്തിലുണ്ടായിരുന്ന ചടങ്ങുകളെ വിവരിച്ചു തൃപ്തിപ്പെടുന്നതു് ഒരുപക്ഷേ പുരോഗമനപരമായിരിക്കുകയില്ല. അതുകൊണ്ടു് റോമൻസൈന്യം ആച്ചീയസ് ആചരിച്ചിരുന്നവിധം വിവരിക്കുന്നതു് അസ്ഥാനത്തായിരിക്കും.

മനുഷ്യൻെറ വിചാരങ്ങളിലും ആചാരങ്ങളിലും പുരോഗമനം കയറിപ്പററിയിരിക്കുന്ന ഇക്കാലത്തും ഒരു സേനാവ്യൂഹം ഈ ആച്ചീയസ് ആഡംബരപൂർവ്വം ആഘോഷിച്ചുപോരുന്നുണ്ടു്. നൂററാണ്ടുകൾക്കുമുമ്പ് റോമാസാമ്രാജ്യത്തിൽമാത്രം ആച്ചീയസ് ആഘോഷിച്ചിരുന്നെങ്കിൽ, ഇന്നു്, ലോകത്തിൻെറ എല്ലാഭാഗങ്ങളിലും ഈ ചടങ്ങു് ആഘോഷിക്കുന്നുണ്ടു്. വിശ്വാസചൈതന്യമുള്ള കത്തോലിക്കാപുരോഹിതശ്രേഷ്ഠന്മാരും, വിശ്വാസികളും ഇന്നു് അതിൽ ഭാഗഭാക്കുകളാകുന്നുണ്ടു്. കാലങ്ങളുടെ പുരോഗതിയിൽ പല പരിഷ്കാരങ്ങളും ആ ചടങ്ങിനോടു ചേർന്നിട്ടുണ്ടു്. റോമൻ സൈന്യപരിപാടികളോടു് ഇത്ര ബഹുമാനം പ്രദർശിപ്പിക്കുന്നവർ ആരാണു്? അതു് മറെറാരുകൂട്ടം സേനാനികളാണു്. റോമൻ ലീജ്യൻെറ നാമം സ്വീകരിച്ചിട്ടുള്ള മരിയൻ ലീജ്യനംഗങ്ങളാണു്. റോമൻ സൈന്യത്തിൻെറ കർമ്മശൂരതയിൽ ആകൃഷ്ടരായതുമൂലം ലീജ്യൻ ഓഫ് മേരിയുടെ സ്ഥാപകർ ഈ സംഘടനയെ റോമൻമാതൃകയിൽ ആക്കിത്തീർക്കണമെന്നാഗ്രഹിച്ചു. ഈ സേനാവ്യൂഹം തങ്ങളുടെ സൈന്യനായികയോടുള്ള വിശ്വസ്തത സ്വയം പ്രകാശിപ്പിക്കുന്ന മനോഹരമായ ചടങ്ങാണു് ഇന്നത്തെ ആച്ചീയസ്, കത്തോലിക്കരിൽ ഭൂരിപക്ഷത്തിനും മരിയസൈന്യത്തെക്കുറിച്ചും, അവരുടെ ആച്ചീയസിനെ സംബന്ധിച്ചും കാര്യമായ അറിവില്ലെന്നു പറയാം.

ആഗോളവ്യാപകമായ രീതിയിൽ, ജീവകാരുണ്യപരങ്ങളായ പരസ്നേഹപ്രവർത്തനങ്ങൾ നടത്തിപ്പോരുന്ന ഒരു ആദ്ധ്യാത്മികസേനാവ്യൂഹമാണു് ലീജ്യൻ ഓഫ്മേരി. മുപ്പതുവർഷം മുൻപ് കത്തോലിക്കാ ചൈതന്യസമ്പുഷ്ടമായ അയർലണ്ടിൽ അതുത്ഭവിച്ചു; മറിയത്തിൻെറ മേലങ്കിയുടെ തണലിൽ നിന്നുകൊണ്ടു്. ദിവ്യസേനയെന്നവണ്ണം അതു വളർന്നുകൊണ്ടിരിക്കുന്നു. ഇന്നു ലോകത്തിൻെറ ഏതൊരുഭാഗത്തും ഈ സൈന്യത്തിൻെറ ശാഖകൾ പ്രവർത്തിച്ചുപോരുന്നുണ്ടു്; ഈ സേനാവ്യൂഹം ബാഹ്യപ്രകടനങ്ങളിൽ വിശ്വസിക്കുന്നില്ല; അതു സ്വന്തസ്തുതി പാടുന്നില്ല; സ്വകൃത്യം ലോകസമക്ഷം പ്രത്യക്ഷമാക്കണമെന്നു് ആഗ്രഹിക്കുന്നില്ല. നിസ്വാർത്ഥമായ സേവനത്തിനും പ്രവർത്തനങ്ങൾക്കും വാടാത്ത കാന്തിപ്രസരിമയുണ്ടു്; മായാത്ത മാധുര്യമുണ്ടു്. ലീജ്യനംഗങ്ങൾക്കല്ലാതെ അവർചെയ്യുന്ന പ്രവൃത്തികൾ എന്തെല്ലാമെന്നു വെളിപ്പെടുത്തരുതെന്നു അതിനു നിർബന്ധമുണ്ടു്.

## ആച്ചീയസ്

തങ്ങളുടെ സൈന്യനായികയോടു വിശ്വസ്തത രേഖപ്പെടുത്തുന്നതിനുവേണ്ടി പല ലീജ്യൻശാഖകൾ ഒരുമിച്ചുചേർന്നു് ഒരിടത്തു സമ്മേളിക്കുന്നു. ഉയർന്നുവരുന്ന പ്രഭാതംപോലെ ശുഭപ്രതീക്ഷകൾ വിതരണം ചെയ്യുന്നവളും മനോഹരചന്ദ്രനെപ്പോലെ ശീതളച്ഛായയിൽ സ്വസൈനികരെ കാത്തുകൊള്ളുന്നവളും, യുദ്ധസന്നദ്ധമായ സൈന്യനിരപോലെ ഭയം ജനിപ്പിക്കുന്നവളുമായ അമലോത്ഭവനായികയുടെ സമലംകൃതമായ അൾത്താരയുടെ മുൻപിൽ സൈനികർ അണിനിരക്കുന്നു. ലീജ്യൻ പതാക പരിശുദ്ധാത്മാവിൻെറ പരമമായ സംരക്ഷണത്തെ ചിത്രീകരിച്ചുകൊണ്ടു പീഠത്തിൻെറ ഇടതുവശത്തു നിലകൊള്ളുന്നു. പല സൈന്യശാഖകൾ സമ്മേളിക്കുന്നയവസരത്തിൽ സൈന്യശാഖയുടെ പ്രായമനുസരിച്ചു് ക്രമമായി സൈനികർ ഉപവിഷ്ടരാകുന്നു. അതിനുശേഷം ലീജ്യൻ സഹായാംഗങ്ങളും ആസനസ്ഥരാകുന്നു. പരിശുദ്ധ മറിയത്തോടുള്ള ഒരു ഗീതത്തോടുകൂടി ചടങ്ങുകൾ ആരംഭിക്കുന്നു. ലീജ്യൻെറ പ്രാരംഭപ്രാർത്ഥനയും ജപമാലയും കഴിയുമ്പോൾ അദ്ധ്യക്ഷൻ അംഗങ്ങളെ സംബോധനചെയ്തു പ്രസംഗിക്കുന്നു. പ്രസംഗാനന്തരം അംഗങ്ങൾ രണ്ടുപേർവീതം സൈനികപതാകയെ സമീപിക്കുന്നു. തങ്ങളുടെ വലതുകരങ്ങൾ പതാകയുടെ തണ്ടിൽ വച്ചിട്ടു്, താഴെപ്പറയുന്ന പ്രതിജ്ഞാവാക്യം ഏകസ്വരത്തിൽ ഉച്ചരിക്കുന്നു. "എൻെറ മാതാവും രാജ്ഞിയുമായ മറിയമേ! ഞാൻ മുഴുവൻ നിൻേറതാകുന്നു; എനിക്കുള്ളതെല്ലാം നിൻേറതാകുന്നു." ഭക്തിനിർഭരമായ ഈ ചടങ്ങിനുശേഷം അംഗങ്ങൾ സ്വസ്ഥാനങ്ങളിൽ പ്രവേശിക്കുന്നു. പ്രതിജ്ഞാവസരത്തിൽ താണസ്വരത്തിൽ ഗീതങ്ങൾ ആലപിക്കുന്നുണ്ടാവും. ലീജ്യനു് മറെറാരു പ്രത്യേകതയുള്ളതു് സൈന്യശാഖകളുടെ ആദ്ധ്യാത്മികോപദേഷ്ടാക്കളും, സൈന്യാംഗങ്ങളാകയാൽ ഈ പ്രതിജ്ഞ തന്നെ നടത്തുന്നു എന്നുള്ളതാണു്. പ്രതിജ്ഞയ്ക്കുശേഷം, പരിശുദ്ധകുർബാനയുടെ വാഴ്വു്; വാഴ്വിൻെറ ആരംഭത്തിൽ സൈനികർ എഴുന്നേററുനിന്നു് കറേറനാ (Catena Legionis) പാടുന്നു. ആശീർവ്വാദത്തിനുശേഷം ലീജ്യൻെറ അവസാനപ്രാർത്ഥന; പിന്നീടു മനോഹരമായ മരിയസ്തവം എന്നിവയോടുകൂടി ചടങ്ങുകൾ സമാപിക്കുന്നു. ഇവയാണു് ആച്ചീയസിൻെറ സാധാരണ പരിപാടികൾ.

## പ്രസീദിയം

റോമൻ സൈന്യത്തിൻെറ ഘടനയനുസരിച്ചാണു്, ലീജ്യൻ സേനാവ്യൂഹവും പ്രവർത്തിക്കുന്നതു് എന്നു പറഞ്ഞുവല്ലോ. റോമൻസൈന്യത്തിൻെറ ഏററവും ചെറിയ വിഭാഗത്തെയാണു് പ്രസീദിയം (Presidium) എന്നു വിളിച്ചിരുന്നതു്. ഒരിടവകയിൽ, അല്ലെങ്കിൽ ഒരു ചാപ്പലിൽ സ്ഥാപിതമാകുന്ന ലീജ്യൻ സംഘടനയുടെ ഏററവും ചെറിയഭാഗവും ഈ പേരിൽ അറിയപ്പെടുന്നു. ഒരു ലീജ്യൻ പ്രസീദിയത്തിൽ 6 മുതൽ 25വരെ അംഗങ്ങൾക്കു പ്രവർത്തിക്കാവുന്നതാണു്. 25-ൽ കൂടുതൽ അംഗങ്ങളുണ്ടാകുമ്പോൾ പ്രവർത്തനസൗകര്യവും, കാര്യക്ഷമതയും ലാക്കാക്കി അതിനെ രണ്ടായി തിരിക്കുന്നു.

ചൈനയിൽ കമ്മ്യൂണിസത്തിനെതിരായി പ്രവർത്തനം നടത്തിപ്പോരുന്നതും, കമ്മ്യൂണിസ്റ്റുകൾ അധികം ഭയപ്പെടുന്നതും ലീജ്യനംഗങ്ങളേയാണു്. വൈദികരേയും, ലീജ്യനംഗങ്ങളേയും ശിക്ഷിക്കുന്നതിൽ യാതൊരു ദാക്ഷിണ്യവും അവർക്കില്ല.

# കമ്മ്യൂ: ചൈനയിലെ കാൽവരിഗിരി

(വിവർത്തകൻ: ഡോമിനിക്ക കൊച്ചുപറമ്പിൽ)

ചൈനയിൽ ലീജിയൻ ഓഫ് മേരി എന്ന സംഘടനയുടെ ആത്മീയോപദേഷ്ടാവായിരുന്ന റവ. ഫാദർ റോബർട്ട് ഗ്രീൻ അറസ്റ്റു ചെയ്യപ്പെട്ടശേഷം ഉണ്ടായ അദ്ദേഹത്തിൻെറ അനുഭവങ്ങളെ വിവരിച്ചെഴുതിയ "Calvary in China" എന്ന ഗ്രന്ഥത്തിൽ ഒരു ഭാഗത്തു് അദ്ദേഹത്തെ വിസ്തരിച്ച രംഗം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

* * *

അടുത്തദിവസം അതിരാവിലെ തടവുകാർ വിലപിക്കുന്നതു ഞാൻ കേട്ടു. മിഷൻ രംഗങ്ങളിൽ സേവനം നടത്തിയെന്നതായിരുന്നു അവരുടെമേൽ ആരോപിക്കപ്പെട്ടിരുന്ന കുററം. അപ്പോഴും എൻെറ തല കറങ്ങിക്കൊണ്ടിരുന്നു. എഴുന്നേററുനില്ക്കുക മിക്കവാറും എനിക്കു അസാദ്ധ്യമായിരുന്നു. ഒരു മിനിററുസമയത്തേക്കു് എൻെറ മുറിയിൽ പോകുവാൻ എന്നെ അനുവദിക്കണമെന്നു് കാവൽ പടയാളിയോടു വീണ്ടും ഞാൻ യാചിച്ചു. "നിങ്ങളുടെ കുററം സമ്മതിക്കുക, അപ്പോൾ എല്ലാം ശരിയാക്കാം." ഇതായിരുന്നു മറുപടി.

ഞാൻ പറഞ്ഞു: "ഞാൻ യാതൊരു തെററും ചെയ്തിട്ടില്ല. ഏതെങ്കിലും നിയമത്തെ ഞാൻ ലംഘിച്ചിട്ടുണ്ടെങ്കിൽത്തന്നെ അതെൻെറ മനസ്സറിവോടുകൂടിയല്ല."

ജഡ്ജിയുടെ മുമ്പിൽ നില്ക്കേണ്ട രംഗത്തിൻെറ ഭീകരതയെ ചിന്തിച്ചു് ഞാൻ ആ ദിവസം മുഴുവനും കഴിച്ചുകൂട്ടി. എന്തെങ്കിലും സാദ്ധ്യതയുണ്ടെങ്കിൽ ആ മനുഷ്യൻെറ മുമ്പിൽ വീണ്ടും പോകുവാൻ ഇടവരുത്തരുതെന്നു് ഞാൻ പ്രാർത്ഥിച്ചു.

ദാഹംകൊണ്ടു് പരവശനും മാനസികാസ്വാസ്ഥ്യങ്ങളാൽ ക്ഷീണിതനുമായിരുന്ന ഞാൻ ആ കെട്ടിടത്തിൻെറ മുകളിലത്തെ മുറിയിലേക്കു വീണ്ടും ആനയിക്കപ്പെട്ടു. അല്പസമയം ഞാൻ വാതില്ക്കൽ നിന്നു. ജഡ്ജിയുടെ മുമ്പിലെ മേശമേൽ ഒരു ജപമാലയും ലീജിയൻ പതാകയും ഞാൻ കണ്ടു.

"ഇവ എന്താണെന്നു നിങ്ങൾക്കറിയാമെന്നു ഞാൻ കരുതുന്നു." ജഡ്ജി പറഞ്ഞു.

"ഉവ്വ്, അതു ലീജിയൻെറ പതാകയാണു്."

"കഴിഞ്ഞ രാത്രിയിൽ നിങ്ങൾ സമ്മതിച്ചുകഴിഞ്ഞു, ഈ ലീജിയൻ ഇവിടെ സ്ഥാപിച്ചതു് നിങ്ങളാണെന്നു്."

"അതു ശരിയാണു്, എൻെറ മിഷൻ കേന്ദ്രമായ ഈ "ടുങ്ങാനി"ൽ ലീജിയൻ സ്ഥാപിച്ചതു് ഞാനാണു്."

എൻെറ കൈയിൽ ഒരു പേനാ തന്നിട്ടയാൾ പറഞ്ഞു: "ഈ കടലാസിൽ അക്കാര്യം എഴുതുക."

ഞാനെഴുതി. പേനാ മടക്കിക്കൊടുത്തു. അയാളുടെ ഉള്ളിൽ പ്രവർത്തിച്ചിരുന്ന വികാരം അയാളുടെ ദൃഷ്ടികളിൽ നിഴലിച്ചിരുന്നു. അയാൾ അത്യധികം അവജ്ഞ പ്രകടിപ്പിച്ചു. എൻെറ ജീവിതത്തിൽ ആദ്യമായി ഞാൻ ഒരു മനുഷ്യനെ ഭയപ്പെട്ടതു് ആ സന്ദർഭത്തിലായിരുന്നു. അയാളിൽ അസ്വാഭാവികമായ ഒരു ദുഷ്ടത നിഴലിച്ചിരുന്നു.

പതാകയെ ചൂണ്ടിക്കാണിച്ചിട്ടയാൾ ക്രൂരമായി പറഞ്ഞു: "ഈ തെളിവു് നിങ്ങളുടെ ക്രിസ്ത്യാനികൾതന്നെ തന്നതാണു്. ഈ സംഘടനയുടെ അപകടത്തെപ്പററി ഞങ്ങൾ പറഞ്ഞവയെല്ലാം ശരിയാണെന്നു തെളിയിക്കുവാൻ ഈ പുസ്തകം തന്നെ ഒന്നാംതരം തെളിവാണു്."

പ്രസ്തുത പുസ്തകത്തിൻെറ കവറിൽ വലിയ ചൈനീസ് അക്ഷരങ്ങളിൽ ഇങ്ങനെ എഴുതപ്പെട്ടിരുന്നു: "കത്തോലിക്കാസഭയുടെ വിപ്ലവകരമായ പ്രവർത്തനകൾ."

"ആ പുസ്തകം എൻെറ വകയല്ല. ഇതിനുമുമ്പു് അതു ഞാൻ കണ്ടിട്ടേയില്ല." ഞാൻ ഉടനെ പറഞ്ഞു.

"ഇതു ഞങ്ങളുടെ പുസ്തകമാണു്. ഇതിൽ അമേരിക്കൻ ഗവർമ്മെൻറു് സഹായധനം നൽകിയുവിടെ നടത്തുന്ന അമേരിക്കൻ ചാരസംഘത്തിൻെറ പ്രവർത്തനങ്ങൾ വിശദമായി വിവരിച്ചിരിക്കുകയാണു്" എന്നായിരുന്നു മറുപടി.

അനന്തരം അയാൾ പത്താം പ്രാവശ്യം ചോദിച്ചു: "മൊക്കസിനെ (Moke-Sin) അറിയുകയില്ലെന്നുതന്നെ നിങ്ങൾ ഇനിയും വാദിക്കുകയാണോ?"

ആ ആളെ അറിയുകയില്ലെന്നു ഞാൻ വീണ്ടും ഉറപ്പിച്ചുപറഞ്ഞു. തത്സമയം ഒരു സൈനികൻ ഒരു ദിനപ്പത്രവുമായി എൻെറ അടുക്കലേക്കു കടന്നുവന്നു. അതിൻെറ മുൻപേജിൽ ചൈനാക്കാരനല്ലാത്ത ഒരാളിൻെറ ഫോട്ടോ വച്ചിരുന്നു. സൂക്ഷിച്ചുനോക്കിയപ്പോൾ ഞാനറിയുന്ന ഒരാളിൻെറ ഫോട്ടോയാണതെന്നു് തിരിച്ചറിഞ്ഞു. അദ്ദേഹം കൊളംബൻ (Columban) വൈദികസമൂഹത്തിൽപ്പെട്ട ഫാദർ മക്ഗ്രാത്തു് (Fr. McGrath) ആയിരുന്നു.

"ശരി, മൊക്കാസിനെ ഇപ്പോൾ നിങ്ങൾ തിരിച്ചറിഞ്ഞതായി ഞാൻ മനസ്സിലാക്കുന്നു." ജഡ്ജി പറഞ്ഞു.

ഫാദർ മക്ഗ്രാത്തു് എനിക്കു പരിചിതനാണെന്നു ഞാൻ സമ്മതിച്ചു. പക്ഷെ അദ്ദേഹത്തിൻെറ ചൈനീസ് നാമത്തിൽ ഞാനറിഞ്ഞിരുന്നില്ല.

ജഡ്ജി:- "ഈ മനുഷ്യൻെറ അടുക്കൽനിന്നും നിങ്ങൾക്കു് നിർദ്ദേശങ്ങൾ കൊണ്ടുവന്നിരുന്ന ഏജൻറാരാണു്?"

"നിങ്ങൾ കരുതുന്നതുപോലെ ഫാദർ മക്ഗ്രാ


NIRMALA COLLEGE
MUVATTUPUZHA

**College reopens on 14th June 1954**

Offers instruction in the following subjects for the Intermediate course:—

Part I English Language & Literature
Part II Hindi, Syriac and Malayalam
Part III:—
Group i Mathematics, Physics & Chemistry
" ii Biology, Physics & Chemistry
" iii a) World History, Modern History and Indian History
b) World History, Modern History and Logic.

Application Forms and Prospectus can be obtained from the College Office on remittance of Rs. 2/- either by Money Order or locally, to the Principal. The Registration Fee will not be refunded. Full address of the student should be written in the M. O. coupon.

Fr. Thomas Nedumkallel, M. A.,
Principal

Muvattupuzha,
13-5-1954

ത്തുമായി എനിക്കു യാതൊരു കത്തിടപാടുകളുമില്ല. അദ്ദേഹത്തിൽനിന്നും യാതൊരു നിർദ്ദേശങ്ങളും ഞാൻ സ്വീകരിച്ചിട്ടുമില്ല."

അനന്തരം ആ ന്യായാധിപതി ചൈനയിൽ ലീജിയൻ ഓഫ് മേരി നടത്തുന്ന ചാരവൃത്തികളെപ്പററി സുദീർഘമായി പ്രസ്താവിച്ചു. മറുപടി പറയുവാൻ ശ്രമിച്ചു് അയാളുടെ പ്രസംഗത്തെ തടസ്സപ്പെടുത്തിയ ഓരോ പ്രാവശ്യവും എന്റെ വാരിയെല്ലുകൾക്കു ശക്തിയായ പ്രഹരമോ അല്ലെങ്കിൽ മുഖത്തു് നിവർത്ത കൈകൊണ്ടു് അടിയോ ലഭിച്ചിരുന്നു. ജഡ്ജി അദ്ദേഹത്തിന്റെ കൈയിലിരുന്ന പുസ്തകത്തിൽനിന്നു് ലീജിയന്റെ പ്രവർത്തനങ്ങളെപ്പററി പറഞ്ഞപ്പോൾ ഞാൻ ഉച്ചസ്വരത്തിൽ പറഞ്ഞു: "ആ പുസ്തകത്തിൽ പച്ചക്കള്ളമാണുള്ളതു്. കത്തോലിക്കർക്കു് അവരുടെ ആദ്ധ്യാത്മികകാര്യങ്ങളിൽ സഹായം നൽകുന്നതിനു് സംഘടിപ്പിച്ചിരിക്കുന്ന തികച്ചും ആദ്ധ്യാത്മികമായ ഒരു സംഘടനയാണു് ലീജിയൻ. ഞങ്ങൾ മീററിംഗുകളിൽ രാഷ്ട്രീയം ചർച്ചചെയ്യുന്നില്ല."

ജഡ്ജിയുടെ അടുക്കൽ നിന്നിരുന്ന കമ്മ്യൂണിസ്റ്റുദ്യോഗസ്ഥന്മാരിൽ ഒരാൾ കോപത്തോടുകൂടി, ലീജിയന്റെ കമ്മ്യൂണിസ്റ്റ് ടെക്സ്റ്റ്ബുക്കു കൈയിലെടുത്തുകൊണ്ടട്ടഹസിച്ചു: "നോക്കു, സൈനികകാര്യങ്ങളെക്കുറിച്ചും രാഷ്ട്രീയത്തെപ്പററിയും നിങ്ങൾക്കു കാര്യമൊന്നുമില്ലെങ്കിൽ ഇതിന്റെ അർത്ഥമെന്താണു്? "ഉയർന്നുവരുന്ന പ്രഭാതംപോലെ പുറപ്പെടുന്നവളും ചന്ദ്രനെപ്പോലെ സുന്ദരിയും സൂര്യനെപ്പോലെ പ്രശോഭിതയും അണിനിരന്ന സൈന്യനിരപോലെ ഭയങ്കരിയുമായ ഇവൾ ആരാകുന്നു?" ഇതു നിങ്ങളുടെ പുസ്തകത്തിലെ ഒരു ഭാഗമല്ലേ?"

"അതെ, അതൊരു പ്രാർത്ഥനയുടെ ആദ്യഭാഗമാണു്. പക്ഷെ, ആ വാക്കുകൾക്കു് വാച്യമായ അർത്ഥമല്ല, ആദ്ധ്യാത്മികമായ അർത്ഥമാണുള്ളതു്."

"ശരി, ഈ മേരി ഏതാണു്? അവൾ എവിടെയാണു്?"

ഞാൻ മറുപടി പറയുന്നതിനു മുമ്പു് ജഡ്ജി പുസ്തകത്തിൽനിന്നു "മേരി അവളുടെ ലീജിയനു് ലോകത്തെ ജയിച്ചടക്കുവാനുള്ള വിശ്വാസത്തിന്റെ പൂർണ്ണത നൽകുന്നു" എന്ന വാക്യം വായിച്ചിട്ടു ചോദിച്ചു: "ഈ വാക്കുകൾ നിങ്ങൾ എങ്ങനെ വ്യാഖ്യാനിക്കുന്നു? അതിനും ഒരു ആദ്ധ്യാത്മികാർത്ഥമാണോ ഉള്ളതു്?"

ഞാൻ പറഞ്ഞു: "തീർച്ചയായും, ആദ്ധ്യാത്മികമായ അർത്ഥത്തിലാണു് അതു മനസ്സിലാക്കേണ്ടതു്. തുടർന്നു വായിക്കുകയാണെങ്കിൽ, നാം ലോകത്തെ ജയിച്ചടക്കേണ്ടതു് സ്നേഹംകൊണ്ടാണെന്നും, അയല്ക്കാരനെ സഹായിച്ചുകൊണ്ടാണെന്നും നിങ്ങൾക്കു കാണുവാൻ സാധിക്കും."

ഡസ്കിൽ മുഷ്ടിചുരുട്ടി ഇടിച്ചു് അവജ്ഞയോടെ എന്നെ നോക്കിക്കൊണ്ടു് ജഡ്ജി പറഞ്ഞു: "അതുകൊണ്ടാണു് നിങ്ങളുടെ നേതൃത്വത്തിൽ തെക്കുപടിഞ്ഞാറെ ചൈനയിൽ പ്രവർത്തനം നടത്തുന്ന ഈ ദുഷ്ടചാരശക്തിയെ ഞങ്ങളുടെ രാജ്യത്തുനിന്നും നിർമ്മാർജ്ജനം ചെയ്യണമെന്നു് ഞങ്ങൾ തീരുമാനിച്ചിരിക്കുന്നതു്. അതു് ആദ്ധ്യാത്മികമായതുകൊണ്ടാണു് അതിനെ തുടച്ചുനീക്കുവാൻ ഞങ്ങളാഗ്രഹിക്കുന്നതു്. മോഷ്ടാക്കളെ ഞങ്ങൾക്കു തോക്കുകൾകൊണ്ടു കീഴടക്കാം. പക്ഷെ ചാരവൃത്തിയനുഷ്ഠിക്കുന്ന നിങ്ങളുടെ ലീജിയനെ മററായുധങ്ങൾകൊണ്ടാണു് ഞങ്ങൾ അമർത്തുവാൻ പോകുന്നതു്."

(തുടരും)

സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം

# സംയോജനം

## (ഡേവിഡ് മഹാപിള്ള)

സെ. വി ഡി പോൾ സഖ്യം വിപുലമായ ഒരു കുടുംബമാണു്. ഇതിലെ ഘടകങ്ങളായ കൗൺസിലുകളും കോൺഫറൻസുകളും കേന്ദ്രസമിതിയായ കൗൺസിൽ ജനറലുമായി സംയോജിപ്പിച്ചെങ്കിൽ മാത്രമേ ഈ കുടുംബത്തിലെ (ഔദ്യോഗിക) അംഗമായിത്തീരുകയുള്ളു. പരിശുദ്ധ സിംഹാസനത്തിൽനിന്നു സഖ്യത്തിനനുവദിച്ചിട്ടുള്ള വിവിധ ദണ്ഡവിമോചനങ്ങൾ പ്രാപിക്കുന്നതിനു ഇതു അനിവാര്യവുമാകുന്നു. ഇതിനുള്ള അധികാരം കൗ. ജനറലിനുള്ളതാണു്.

സഖ്യത്തിന്റെ നിയമവും പാരമ്പര്യങ്ങളുമനുസരിച്ചു് പ്രവർത്തനംനടത്തുന്ന ഏതു കോൺഫറൻസും കൗൺസിലും സംയോജനത്തിനർഹമാണു്. കോൺഫറൻസുകളെ നയിച്ചും പ്രേരിപ്പിച്ചും സംയോജനത്തിനു യോഗ്യമാക്കുകയും, ശുപാർശചെയ്യുകയും ചെയ്യേണ്ടതു സെൻട്രൽ കൗൺസിലിന്റെ പ്രത്യേക ചുമതലയായി കരുതപ്പെടുന്നു. കോൺഫറൻസുകൾ ക്രമാനുസരണം കൗൺസിലുകൾവഴി അപേക്ഷിക്കണം. ഓരോ കൗൺസിലും അതതിന്റെ ശുപാർശയോടുകൂടി മേലുള്ള കൗൺസിലിനയക്കേണ്ടതാണു്. ഒരു കോൺഫറൻസു് നിയമവും പാരമ്പര്യങ്ങളുമനുസരിച്ചു് പ്രവർത്തനം നടത്തുകയും ശരിയായി തുടർന്നുകൊണ്ടുപോകാമെന്നു ബോദ്ധ്യമുണ്ടാകയും ചെയ്യുന്നപക്ഷം സംയോജനത്തിനപേക്ഷിക്കാം. എങ്കിലും മൂന്നുമാസത്തെ പ്രവർത്തനത്തിനുശേഷമേ സംയോജനത്തിനപേക്ഷിക്കുവാനർഹമാകയുള്ളുവെന്നു സുപ്പീര്യർ കൗൺസിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്.

കേരളത്തിൽ ഇപ്പോൾ ഇരുനൂറെറഴുപതോളം കോൺഫറൻസുകളുണ്ടു്. ഇതിൽ ഭൂരിഭാഗവും സംയോജിപ്പിക്കാത്തതാണു്. ഒന്നും രണ്ടും നാലും വർഷം പഴക്കമുള്ള കോൺഫറൻസുകളും ഇതിൽപ്പെടുന്നു. ഈ കോൺഫറൻസുകളെ ഇത്രയും കാലമായിട്ടും സംയോജിപ്പിക്കാത്തതു ആശ്ചര്യകരമായി തോന്നിയേക്കാം. ഇപ്പോൾ മിക്ക കോൺഫറൻസുകളും സംയോജിപ്പിച്ചുകിട്ടുവാൻ ധൃതിപ്പെടുന്നുണ്ടു്. പക്ഷെ പലതും ഇതിനർഹമല്ലെന്നുള്ളതു പരിതാപകരമായ ഒരു യാഥാർത്ഥ്യമാണു്. സംയോജനത്തിനുള്ള പല അപേക്ഷകളും കൗൺസിൽ ജനറലും, തുടർന്നു ഇൻഡ്യയിലെ സുപ്പീര്യർ കൗൺസിലും മടക്കിയയക്കുന്നതു ഈ അഭിപ്രായത്തിനു് ഉപോൽബലകമായിരിക്കുന്നു. സഖ്യത്തിന്റെ അരൂപി, പാരമ്പര്യങ്ങളാദിയായവ ഗ്രഹിക്കാതെയോ, ഗ്രഹിച്ചിട്ടും ശ്രദ്ധിക്കാതെയോ കേവലം പരസഹായസംഘമായി വർത്തിക്കുന്നതാണിതിനു മുഖ്യകാരണം.

കോൺഫറൻസുകളുടെ മാററുരക്കുന്നതു ആണ്ടുവട്ടത്തിലുള്ള ആകെ തുകനോക്കിയിട്ടല്ല അംഗങ്ങളുടെ സാധുസന്ദർശനത്തിന്റെ എണ്ണവും രഹസ്യപ്പിരിവുതുകയും പരിഗണിച്ചിട്ടാണു്. നമ്മുടെ മിക്ക കോൺഫറൻസുകളും ഈ രണ്ടു കാര്യങ്ങളിലും അത്ര യോഗ്യമായ നിലയിലല്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. സംയോജിപ്പിക്കുവാനാഗ്രഹിക്കുന്ന കോൺഫറൻസുകളുടെ സത്വരശ്രദ്ധക്കു ഇതും താഴെപറയുന്ന കാര്യങ്ങളും വിഷയീഭവിപ്പിച്ചുകൊള്ളട്ടെ.

കോൺഫറൻസുകൾ പ്രതിവാരം യോഗംചേരുന്നതിലും യോഗങ്ങളിൽ ഹാജരാകുന്നതിലും അംഗങ്ങൾ നിഷ്കർഷയുള്ളവരായിരിക്കണമെന്നത്രെ കൗൺസിൽ ജനറലിന്റെ സുദൃഢമായ അഭിപ്രായം. ഈ കാര്യങ്ങളിൽ ശ്രദ്ധയില്ലാത്ത കോൺഫറൻസുകൾ സാധുസന്ദർശനത്തിലും രഹസ്യപ്പിരിവിലും മററു പ്രവർത്തനങ്ങളിലും അലസമായിരിക്കുമെന്നുള്ളതു അവിതർക്കിതമാണു്. പ്രതിവാരം യോഗംകൂടാത്ത കോൺഫറൻസുകൾ നമ്മുടെയിടയിൽ അപൂർവ്വമാണു്. എന്നാൽ അംഗങ്ങളുടെ ഹാജർ, രഹസ്യപ്പിരിവു്, സാധുഗൃഹസന്ദർശനം ആദിയായ കാര്യങ്ങളിൽ മിക്ക കോൺഫറൻസുകളുടേയും നില അപലപനീയമാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ഈവിധ കോൺഫറൻസുകളുടെ സംയോജനം അത്ര എളുപ്പമല്ല.

ഓരോ അംഗവും ആഴ്ചയിൽ ഒരു സാധുസന്ദർശനമെങ്കിലും നടത്തിയിരിക്കണമെന്നു നിയമം അനുശാസിക്കുന്നു. അപ്പോൾ 20 അംഗങ്ങളുള്ള ഒരു കോൺഫറൻസിൽ ചുരുങ്ങിയതു 20 × 4 × 12 = 960 സന്ദർശനങ്ങളുണ്ടായിരിക്കണം. ഇല്ലെങ്കിൽ സംയോജനത്തിനർഹമല്ല നമ്മുടെ മിക്ക കോൺഫറൻസുകളും ഇങ്ങനെ നോക്കുമ്പോൾ അനർഹമെന്നുവരും. ഇതിനു് പ്രധാനകാരണം അംഗങ്ങളുടെ അനാസ്ഥയാണു്. എന്നാൽ പല കോൺഫറൻസുകളിലും പ്രബലമായ മറെറാരു കാരണവുമുണ്ടു്. സാധാരണയായി രജിസ്റ്ററിൽ കുറേ അംഗങ്ങളുടെ പേരുകാണും. ഇവരിൽ പലരും വല്ലപ്പോഴും ഒരു യോഗത്തിൽ വന്നെന്നും ഇല്ലെന്നുംവരും. അപൂർവ്വം ചിലർ മാത്രമായിരിക്കും യോഗങ്ങൾക്കു ഹാജരാകുന്നതും, പ്രവർത്തനങ്ങൾ വല്ലതുമുണ്ടെങ്കിൽ അതു നടത്തുന്നതും. ഉദ്യോഗസ്ഥാംഗങ്ങൾപോലും വല്ലപ്പോഴും മാത്രം ഹാജരാകുന്ന കോൺഫറൻസുകളും ഇല്ലാതില്ല. ഈവിധ കോൺഫറൻസുകൾ സംയോജനത്തിനു യോഗ്യമല്ല. അതിനുദ്യമിക്കുന്നതു സാഹസവുമായിരിക്കും. രജിസ്റ്ററിൽ 20 അംഗങ്ങളുള്ള ഒരു കോൺഫറൻസിൽ ശരാശരി 8 അംഗങ്ങൾമാത്രം ഹാജരാകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുവെന്നു വിചാരിക്കുക. (ഇതൊട്ടും അപൂർവ്വമല്ല, സാധാരണവും ധാരാളവുമാണ.) അപ്പോൾ, 8 × 4 × 12 = 384 സന്ദർശനങ്ങളാണുണ്ടായിരിക്കുക. എന്നാൽ രജിസ്റ്ററിലുള്ള അംഗങ്ങളുടെ എണ്ണമനുസരിച്ചു ചുരുങ്ങിയതു് 960 സന്ദർശനങ്ങളുണ്ടായിരിക്കണം. ഈ കോൺഫറൻസു് സംയോജനത്തിനു് തീർത്തും അനർഹമാണു്.

രഹസ്യപ്പിരിവിന്റെ കാര്യത്തിലും ഈ നില തന്നെയാണുള്ളതു്. അംഗമൊന്നിനു് ശരാശരി ചുരുങ്ങിയതു 2 അണവച്ചു കണക്കാക്കിയാൽ മാസം 10 രൂപ അതായതു് ആണ്ടിൽ 120 രൂപ വരും. എന്നാൽ രജിസ്റ്ററിൽ 20 പേരുണ്ടെങ്കിലും യഥാർത്ഥത്തിൽ എട്ടോ പത്തോപേർ മാത്രമാണു വരുന്നതെങ്കിൽ, 4 രൂപ. അതായതു് ആണ്ടിൽ 48 രൂപയായിരിക്കും. ഈവിധ കോൺഫറൻസുകൾ സംയോജനത്തിനു് അനർഹമായിത്തീരുന്നു.

ഇതുപോലെ തന്നെയുള്ള ഒന്നത്രെ കുടുംബങ്ങളുടെ ദത്തെടുപ്പു്. പാവപ്പെട്ട കുടുംബങ്ങളെ സഹായത്തിനു സ്ഥിരമായി സ്വീകരിക്കുന്ന (ദത്തെടുക്കുന്ന) നടപ്പു് നമ്മുടെ മിക്ക കോൺഫറൻസുകളിലുമില്ല. സഹായാർത്ഥികളായി വരുന്നവർക്കു എന്തെങ്കിലും സഹായം അപ്പഴപ്പോഴോ, തുടർന്നു ഏതാനും വാരക്കാലത്തേക്കോ കൊടുക്കുന്ന പതിവാണു് പലേടത്തുമുള്ളതു്. ഇതു ഒട്ടും ആശാസ്യമല്ല. 20 അംഗങ്ങളുള്ള ഒരു കോൺഫറൻസിൽ 5 കുടുംബങ്ങളെയാണു് ദത്തെടുക്കുന്നതെങ്കിൽ 5 × 2 = 10 പേർക്കു് മാത്രമേ സന്ദർശനത്തിനവസരം ലഭിക്കുന്നുള്ളു. ബാക്കി അംഗങ്ങൾക്കു് സന്ദർശനമോ അതിനുള്ള സന്ദർഭമോ ഇല്ലെന്നു അനുമാനിക്കപ്പെടും. ലിസ്റ്റിൽ മാത്രമായുള്ള അംഗങ്ങളുൾപ്പെട്ട കോൺഫറൻസുകളുടെ നില കൂടുതൽ കഷ്ടതരമായിരിക്കും. ഇതും കോൺഫറൻസുകളെ സംയോജനത്തിനു് അനർഹമാക്കുന്നതാണു്.

സഖ്യത്തിന്റെ മാനുവലും ബുള്ളററിനും—(അയർലണ്ടിലെ സുപ്പീരിയർ കൗൺസിലിൽനിന്നു ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തുന്ന ഔദ്യോഗികമാസിക) — ഇല്ലാത്ത കോൺഫറൻസുകളെ സുപ്പീര്യർ കൗൺസിൽ ശുപാർശചെയ്യുന്നതല്ല. മേൽവിവരിച്ചിട്ടുള്ള കാരണങ്ങളെ ആസ്പദമാക്കി ബോംബെയിലുള്ള ഇൻഡ്യയിലെ സുപ്പീര്യർ കൗൺസിൽ സംയോജനത്തിനുള്ള പല അപേക്ഷകളും ഈയിടെയായി മടക്കിഅയച്ചുവരുന്നുണ്ടു്. അതിനാൽ കോൺഫറൻസുകൾ സംയോജനത്തിനപേക്ഷിക്കുന്നതിനു മുമ്പായി പ്രസ്താപിത ന്യൂനതകൾ പരിഹരിച്ചു സ്വയം യോഗ്യമാക്കിത്തീർക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. അതിനു താഴെ പറയുന്ന കാര്യങ്ങളിലേക്കു കോൺഫറൻസുകളുടെ സത്വരശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

1) കോൺഫറൻസിലെ രജിസ്റ്ററിൽ എണ്ണം വർദ്ധിപ്പിക്കുവാൻ മാത്രം ഉതകുന്നവരും, സന്ദർശകരെപ്പോലെ വല്ലപ്പോഴും മാത്രം യോഗങ്ങളിൽ സംബന്ധിക്കുന്നവരുമായിട്ടുള്ളവരെ പ്രോത്സാഹകാംഗങ്ങളാക്കി മാററുകയോ, ലിസ്റ്റിൽനിന്നു നീക്കുകയോ ചെയ്തു അംഗങ്ങളുടെ ലിസ്റ്റു ക്രമപ്പെടുത്തുക. ശരാശരി ഹാജർ, സാധുഗൃഹസന്ദർശനം, രഹസ്യപ്പിരിവു് ആദിയായ കാര്യങ്ങളിൽ കോൺഫറൻസിന്റെ മാററു കുറയ്ക്കുന്ന ഇക്കാര്യം ഉടനടി പരിഹരിക്കണം. 2) അംഗങ്ങൾ കൂട്ടമായി ഗൃഹസന്ദർശനം നടത്തുകയും, സന്ദർശനഹാജരിനോടുകൂടി രേഖപ്പെടുത്തി കണക്കു ക്രമമായി സൂക്ഷിക്കുകയും ചെയ്യുക. (മാനുവലിൽ അനുബന്ധം "...1" ഹാജർ ഫാറം നോക്കുക.) 3) രഹസ്യപ്പിരിവു കേവലം ഒരാചാരമാക്കാതെ, മനസ്സാക്ഷിക്കനുസരിച്ചു ഓരോ അംഗവും ഉദാരമായി സംഭാവനചെയ്തു പോഷിപ്പിക്കണം. കേരളത്തിലെ അംഗങ്ങൾ ഇക്കാര്യത്തിൽ വളരെ താണനിലയാണു പാലിച്ചുവരുന്നതെന്നു പറയേണ്ടിയിരിക്കുന്നു. നമ്മുടെ നിലവാരം ഉയർത്തേണ്ടതു് അനിവാര്യമാണു്. 4) താല്ക്കാലികസഹായങ്ങൾ കുറച്ചുകൊണ്ടു കുടുംബങ്ങളെ സ്ഥിരമായി സ്വീകരിച്ചു (ദത്തെടുത്തു) സഹായിക്കണം. ഇങ്ങനെ സഹായിക്കപ്പെടുന്നവരുടെ രജിസ്റ്റർ ശരിയായി സൂക്ഷിക്കുകയുംവേണം. (നിയമം 11-ാംവകുപ്പിന്റെ വിശദീകരണം മാനുവൽ പേ. 56—നോക്കുക.) 5) മാനുവലിന്റെ ഈ രണ്ടുകോപ്പിയെങ്കിലും വാങ്ങി അംഗങ്ങൾക്കു വായിക്കുവാൻ കൊടുക്കുക. ബുള്ളററിൻ വരുത്താത്ത കോൺഫറൻസുകൾ അതിനുടനെ പണമയക്കുക. അതിനു 4 Sh. (2 രൂ. 7 ണ) വരിസംഖ്യയാണു് Society of St. Vincent de Paul, 64 Grafton Street, Dublin Ireland എന്ന മേൽവിലാസത്തിൽ പണമയച്ചാൽമതി. ഒരു കോൺഫറൻസിലെ മിക്ക അംഗങ്ങളും ഇംഗ്ലീഷറിയാത്തവരാണെങ്കിൽ ഈ വിവരം അറിയിച്ചു സെൻട്രൽ കൗൺസിലിനെക്കൊണ്ടു തങ്ങളെ ഒഴിവാക്കിക്കുവാൻ ശുപാർശ ചെയ്യിക്കണം.

മേൽകാര്യങ്ങൾ ക്രമീകരിച്ചുകൊണ്ടു സംയോജനത്തിനുള്ള അപേക്ഷാഫാറം കൃത്യമായും വ്യക്തമായും പൂരിപ്പിച്ചയക്കണം. ഫാറം അതതു സെൻട്രൽ കൗൺസിലിൽ നിന്നോ, ബോംബെയിലെ സുപ്പീര്യർ കൗൺസിലിൽനിന്നോ കിട്ടുന്നതാണു്. Society of St. Vincent de Paul, Superior Council of India 49, New Marine Lines, Fort-Bombay-1. ഫാറം ശ്രദ്ധാപൂർവ്വം പൂരിപ്പിക്കണം. അടുത്തകാലത്തു മിക്ക കോൺഫറൻസുകളും പ്രതിജ്ഞാപത്രം ഒപ്പിട്ടു അയച്ചിട്ടുണ്ടല്ലോ. അതിലുള്ളതിൽ കൂടുതൽ അംഗങ്ങളുടെ എണ്ണം അപേക്ഷയിലുണ്ടാകരുതു്. പ്രതിജ്ഞാപത്രത്തിൽ ഒപ്പിട്ടിട്ടില്ലാത്തവരെ പ്രവർത്തകാംഗങ്ങളുടെ സ്ഥാനത്തുനിന്നു നീക്കേണ്ടതാണു്. ആരംഭിച്ചിട്ടു പ്രവർത്തനരഹിതമായോ, മന്ദഗതിയിലോ, നിയമാനുസരണമല്ലാതെയോ കഴിഞ്ഞിരുന്ന കോൺഫറൻസുകൾ, സ്ഥാപിച്ച തീയതി എന്നുള്ളിടത്തു revived എന്നുകൂടെ എഴുതി പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയ തീയതി ചേർത്തുകൊള്ളണം. വൈദികാധികാരികളും ഗവർമ്മെൻറധികാരികളുമായുള്ള ബന്ധം എങ്ങിനെ എന്നുള്ള ചോദ്യത്തിനു cordial എന്നെഴുതുവാൻ യോഗ്യതയുള്ളവർ മാത്രം അപേക്ഷ അയച്ചാൽ മതി. അപേക്ഷ പർട്ടിക്കലർ കൗൺസിൽ ഉള്ളിടത്തു അതിന്റെ പ്രസിഡൻറവർകളുടെ ശുപാർശയോടുകൂടി സെൻട്രൽ കൗൺസിലിനയക്കണം. സെൻട്രൽ കൗൺസിൽ രൂപീകരിച്ചുകഴിഞ്ഞിട്ടില്ലാത്തിടത്തു രൂപതാദ്ധ്യക്ഷരുടെ അപേക്ഷയച്ചാൽ അദ്ദേഹം സുപ്പീര്യർ കൗൺസിലിനയച്ചു വേണ്ടതു ചെയ്തുകൊള്ളും.

(11-ാം പേജ് തുടർച്ച)

യോടു അഭ്യർത്ഥിക്കുന്നതു് ഏററവും സമുചിതമാകുന്നു. ആ കമ്മററിയിലെ ചെയർമാനായ ഡോക്ടർ നിയോഗി വിദേശമിഷനറിമാരെപ്പററി ചെയ്യുന്ന അടിസ്ഥാനരഹിതമായ ആരോപണങ്ങളുടെ ഒരു മാതൃക മുകളിൽ കണ്ടുവല്ലോ. അത്രയ്ക്കു വർഗ്ഗീയമനഃസ്ഥിതിയും പക്ഷപാതബുദ്ധിയുമുള്ള ഒരു വ്യക്തി ഹൈക്കോർട്ടുജഡ്ജിയുടെ സ്ഥാനം വഹിച്ചിട്ടുള്ള ആളായിരുന്നാലും, പ്രസ്തുത അന്വേഷണക്കമ്മററിയിൽ അദ്ധ്യക്ഷതവഹിക്കാൻ എന്നല്ല, അംഗമായിരിക്കാൻപോലും അയോഗ്യനാണെന്നു സ്പഷ്ടമാണല്ലോ. അദ്ദേഹത്തെ ചെയർമാനായി തുടരുന്നതിനെ ശക്തിയായി സർവ്വത്ര പ്രതിഷേധിക്കേണ്ടതാണു്. ഒരു നിഷ്പക്ഷക്കമ്മീഷനെ നിയമിക്കണമെന്നുള്ള വാദം അധികാരസ്ഥാനങ്ങളിലുന്നയിക്കാൻ ക്രിസ്ത്യൻ എം. പി മാരുമായി സമ്പർക്കം പാലിക്കുന്നതിനും ആലോചന നടത്തുന്നതിനുംവേണ്ടി സമസ്തേന്ത്യാ കാത്തലിക്കു് യൂണിയൻ സിക്രട്ടറി നാഗപ്പൂരിലെ ശ്രീ ഫ്റാൻസിസ് ന്യൂഡൽഹിയിലെത്തി പരിശ്രമിക്കുന്നതു് സന്ദർഭോചിതമായിരിക്കുന്നു. എം. പി മാരുടെ നിവേദനം സത്യം വെളിപ്പെടുത്താൻ സഹായകമാകട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

വിമർശനവീഥി

# ഹിന്ദുഭൂരിപക്ഷം ന്യൂനപക്ഷങ്ങൾക്കെതിരായി

വിദേശക്രൈസ്തവമിഷനറിമാരെപ്പററിയും, അവരുടെ മതപരിവത്തനശ്രമങ്ങളെപ്പററിയും ഇൻഡ്യയിൽ ഭൂരിപക്ഷവിഭാഗമായ ഹിന്ദുക്കളുടെയിടയിലുള്ള വിരുദ്ധമനോഭാവം അവരിൽ പ്രമുഖന്മാരായ പലരുടേയും പരസ്യപ്രസ്താവനകളിൽനിന്നും ചില സംസ്ഥാനീകഗവർമ്മെൻറുകളുടെ നടപടികളിൽനിന്നും കുറെനാളായി സ്പഷ്ടമായിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രപാർലമെൻറിലെ ചോദ്യങ്ങളിലും അവയ്ക്കു ഹൈന്ദവമന്ത്രിമാരിൽനിന്നുള്ള മറുപടിയിലും അവരുടെ പ്രസ്താവനകളിലും ഈ വിരുദ്ധമനോഭാവം പലപ്പോഴും പ്രതിഫലിച്ചുകാണുന്നു. വിദേശക്രൈസ്തവമിഷനറിമാരുടെ മതപരിവത്തനശ്രമങ്ങളെ തടയുവാനുള്ള ആഗ്രഹത്താൽ, മതപ്രചരണം അനുവദിക്കുന്ന ഇൻഡ്യൻ ഭരണഘടനയിലെ വ്യവസ്ഥകളെ ദുർവ്യാഖ്യാനം ചെയ്യുവാൻപോലും ഈ വിരുദ്ധമനസ്ഥിതിക്കാർ മടിക്കുന്നില്ല. ആ ദുർവ്യാഖ്യാനങ്ങൾ വിലപ്പോവുകയില്ലെന്നു കണ്ടു് മിഷനറിമാരുടെമേൽ രാഷ്ട്രീയങ്ങളായ സംശയങ്ങളും, ആരോപണങ്ങളും കോരിച്ചൊരിയുവാനും പുറപ്പെട്ടിരിക്കുന്നു.

## ദേശീയഐക്യം അപകടത്തിലാണെന്നു്

"ടൈംസ് ഓഫ് ഇൻഡ്യാ"പത്രത്തിൻെറ ഏപ്രിൽ 20-ാം തീയതിയിലെ ലക്കത്തിൽ പ്രത്യക്ഷപ്പെട്ട കുറിപ്പു കണ്ടാലും. "മദ്ധ്യപ്രദേശത്തിൽ മിഷനറി പ്രവത്തനങ്ങളെപ്പററി അന്വേഷിക്കാൻ സ്റ്റേററ് ഗവർമ്മെൻറ് നിയമിച്ച ആറംഗ കമ്മററിയുടെ ചെയർമനായ ഡോക്ടർ ഭവാനീശങ്കർ നിയോഗി പ്രസ്താവിച്ചു, സാമ്രാജ്യവാദികൾക്കു് മിഷനറിപ്രവത്തനങ്ങളിൽ എല്ലായ്പ്പോഴും ചില സ്ഥാപിതതാല്പയ്യങ്ങൾ ഉണ്ടായിരുന്നെന്നു്. ഈ രാജ്യത്തുള്ള ചെറുസംഘം മിഷനറിമാരെ പൊക്കിക്കാണിക്കുന്നതിൽ സാമ്രാജ്യവാദികൾക്കുള്ള ഗൂഢോദ്ദേശങ്ങൾക്കെതിരായി ശ്രദ്ധയുള്ളവരായിരിക്കണമെന്നു് അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിക്കുകയും, മതത്തിൻെറ നാമത്തിൽ ദേശീയഐക്യം ശിഥിലീകരിക്കുന്ന അപകടത്തിനെതിരായി ജനങ്ങൾക്കു് മുന്നറിവു നൽകുകയുംചെയ്തു. ജെയിൻ ലൈബ്രറിയുടെ ഒരു ചടങ്ങിൽ ഡോക്ടർ നിയോഗി സംസാരിക്കുകയായിരുന്നു. തങ്ങൾക്കു് രാഷ്ട്രീയമായ ഉറച്ചനില കൈവരിക്കുവാൻ സാധിച്ചിട്ടില്ലാത്ത സ്ഥലങ്ങളിലെല്ലാം സാമ്രാജ്യവാദികൾ ചെയ്യുന്നതു് മിഷനറിമാരെ ഉപകരണങ്ങളാക്കിക്കൊണ്ടു് രാജ്യത്തിലെ ദേശീയഐക്യം തല്ലിത്തകക്കാൻ ശ്രമിക്കുകയാണെന്നു് അദ്ദേഹം പറഞ്ഞു. ഈ പ്രകൃതത്തിൽ കൊറിയായിലേയും ഇൻഡോചൈനായിലേയും ദൃഷ്ടാന്തങ്ങൾ അദ്ദേഹം ഉദ്ധരിച്ചു. ഈ രാജ്യത്തു നിവസിക്കുന്ന ഓരോ ഇൻഡ്യാക്കാരനും ഏതു മതവിശ്വാസത്തിലുൾപ്പെട്ടവനായിരുന്നാലും ഈ രാജ്യത്തിലെ ഒരു ദേശീയവ്യക്തിയാണെന്നും തന്മൂലം ഈ ദേശീയഐക്യം സുസ്ഥിരമാക്കുവാൻ ശ്രമിക്കേണ്ടതു് ഇപ്പോൾ നമ്മുടെ കത്തവ്യമാണെന്നും ഡോക്ടർ നിയോഗി പ്രസ്താവിച്ചു

ഏഷ്യയിൽ എല്ലായിടത്തും ദേശീയവാദം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന ഒരു കാലമാണിതു്. അതോടൊപ്പം സാമ്രാജ്യവാദികളോടുള്ള ദ്വേഷം വർദ്ധിച്ചുംവരുന്നു. തന്മൂലം ദേശീയഐക്യത്തെ ഉടച്ചുകളയുന്നവരെന്നും സാമ്രാജ്യവാദികളെസഹായിക്കുന്നവരെന്നുമുള്ള ആരോപണങ്ങൾ വിദേശമിഷനറിമാക്കെതിരായി ഏഷ്യൻജനതയെ കുത്തിയിളക്കാൻ ഏററവും പററിയ ഉപകരണങ്ങളാണ്. ചൈനായിലും, കൊറിയായിലും, ഇൻഡോചൈനായിലും മററും വിദേശമിഷനറിമാക്കെതിരായി കമ്മ്യൂണിസ്റ്റുകാർ പ്രയോഗിച്ചുകൊണ്ടിരിക്കുന്ന ആയുധം ഇതുതന്നെയാണ്. വിദേശമിഷനറിമാരുടെ മതപരിവത്തനശ്രമങ്ങളെ ഇഷ്ടപ്പെടാത്തവരും അവയെ തടയണമെന്നു ആഗ്രഹമുള്ളവരുമായ അഖിലേന്ത്യാ ഹിന്ദുമതസഭക്കാർ ഈ ആരോപണമാണ് മിഷനറിമാരുടെ പേരിൽ ചുമത്താൻ തുടങ്ങിയിരിക്കുന്നതു്.

### ഹിന്ദുമഹാസഭാദ്ധ്യക്ഷൻെറ ആരോപണങ്ങൾ

സമസ്തേന്ത്യാ ഹിന്ദുമഹാസഭയുടെ 31-ാമതു സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ച മി. എൻ. സി. ചാറർജി വിദേശമിഷനറിമാരെ അപലപിച്ചു ചില പ്രസ്താവങ്ങൾ ഈയിടെ ചെയ്യുകയുണ്ടായി. പാക്കു്-അമേരിക്കൻ സഖ്യത്തിൻെറ അടിസ്ഥാനത്തിലാണ് ഇൻഡ്യയിലെ വിദേശ

For favours received
Through Sr. Alphonsa
by
John Figueiredo
Palluruthy

മിഷനറിമാരുടെ പ്രവത്തനങ്ങളെ വീക്ഷിക്കേണ്ടതെന്നു് അദ്ദേഹം ചൂണ്ടിക്കാണിച്ചു. സാമ്പത്തികമായി അധഃസ്ഥിതരും വിദ്യാഭ്യാസഹീനരുമായ ജനങ്ങളുടെ ഇടയിലാണ് മതപരിവത്തനം നിർബാധം നടക്കുന്നതെന്നു പറഞ്ഞുകൊണ്ടു്, ഹിന്ദുമഹാസഭ ശുദ്ധികമ്മത്തിൽ സവ്വപ്രധാനമായ ശ്രദ്ധ പതിക്കണമെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. ശുദ്ധികമ്മപ്രസ്ഥാനം എല്ലായിടത്തും പ്രത്യേകിച്ചു് അതിത്തിവഗ്ഗക്കാരുടെ ഇടയിലും മദ്ധ്യഭാരതത്തിലും ഹൈദ്രബാദിലും തിരുകൊച്ചിയിലും ശക്തിയായി സംഘടിപ്പിക്കണമെന്നു് ഹിന്ദുമതസഭക്കാരോടും ആര്യസമാജക്കാരോടും അദ്ദേഹം അഭ്യത്ഥിച്ചു. കത്തോലിക്കരെയോ പ്രോട്ടസ്റ്റൻറുകാരെയോ ഇസ്ലാമികളേയോ ആക്ഷേപിച്ചിട്ടു കായ്യമില്ലെന്നും, തങ്ങളുടെ കത്തവ്യത്തിൽ ശ്രദ്ധപതിക്കുകയും ഫലപ്രദമായി പ്രവത്തിക്കുകയുമാണ് വേണ്ടതെന്നും അദ്ദേഹം പ്രസ്താവിച്ചു.

### ഹിന്ദുമിഷനറിമാരെ പരിശീലിപ്പിക്കുക

പട്ടികജാതിക്കാരുടേയും അധഃസ്ഥിതരുടേയും ഇടയിൽ ഹിന്ദുമതം പ്രചരിപ്പിക്കുന്നതിലും, അവക്കു വിദ്യാഭ്യാസവും വൈദ്യസഹായവും മററു ജീവിതസൗകയ്യങ്ങളും നൽകുന്നതിലും സമത്ഥമായി പ്രവത്തിക്കുവാൻ പ്രാപ്തിയുള്ള മിഷനറിമാരെ പരിശീലിപ്പിക്കുന്നതിനു് ഹിന്ദുമഹാസഭ യത്നിക്കണമെന്നും അദ്ദേഹം ശക്തിയായി ഉദ്ബോധിപ്പിച്ചു. ഹിന്ദുസമുദായത്തിനു് ശാപമായ അയിത്തത്തെ നിർമ്മൂലമാക്കുക, പ്രാദേശികതയും ജാതിവ്യത്യാസവും അവഗണിച്ചുള്ള വിവാഹസമ്പ്രദായം നടപ്പിൽ വരുത്തുക, സ്ത്രീധനസമ്പ്രദായവും വരന്മാക്കു വിലകൊടുക്കുന്ന ഏപ്പാടും ഉപേക്ഷിക്കുക എന്നീ പരിഷ്കാരങ്ങൾ നടപ്പിലാക്കുവാൻ ഹിന്ദുജനങ്ങൾ ശ്രദ്ധപതിക്കണമെന്നും അദ്ദേഹം പ്രസ്താവിച്ചു.

ഇൻഡ്യയിലെ വലിയ ന്യൂനപക്ഷങ്ങളിലൊന്നാണ് ക്രിസ്ത്യാനികൾ. ഹിന്ദുമഹാസഭയുടെ അദ്ധ്യക്ഷൻെറ മേലുദ്ധരിച്ച അപലപനവും ആഹ്വാനവും ന്യൂനപക്ഷങ്ങളോടു് ഭൂരിപക്ഷത്തിനു് ഒരു ഡമോക്രസിയിലുണ്ടായിരിക്കേണ്ട നീതിബോധത്തിനും സമഭാവനയ്ക്കും കടകവിരുദ്ധമാണെന്നു് സ്പഷ്ടമാണല്ലോ. ഹിന്ദുമഹാസഭാദ്ധ്യക്ഷൻ ആഗ്രഹിക്കുന്ന ദേശീയഐക്യത്തെ ശിഥിലീകരിക്കാൻ അദ്ദേഹം പ്രതിദ്ധ്വനിപ്പിക്കുന്ന ഈ ന്യൂനപക്ഷവിരുദ്ധത ഏററവും പററിയമാർഗ്ഗമാണ്. അതിനാലായിരിക്കാം, യഥാത്ഥമായ ദേശീയഐക്യത്തെ കാംക്ഷിക്കുന്ന കോൺഗ്രസ് സംഘടന ന്യൂനപക്ഷങ്ങളുടെപേക്കു് പ്രത്യേകമായ ആദരവുപ്രകടിപ്പിക്കുവാൻ ഈയിടെ സന്നദ്ധമായതു്.

### ന്യൂനപക്ഷങ്ങളെ അടുപ്പിക്കുവാൻ ഭൂരിപക്ഷം ശ്രമിക്കണമെന്നു്

അഖിലേന്ത്യാ കോൺഗ്രസ് കമ്മററിയിൽനിന്നു എല്ലാ പ്രാദേശികക്കമ്മററി പ്രസിഡൻറുമാക്കും ഏതാനും ദിവസങ്ങൾക്കു മുൻപു് ഒരു സക്കുലർ അയച്ചു ഭൂരിപക്ഷമായ ഹിന്ദുക്കൾ മുസ്ലീമങ്ങളും ക്രിസ്ത്യാനികളും മററും ഉൾപ്പെട്ട ന്യൂനപക്ഷങ്ങളോടു് ഔദ്യോഗികമായും അല്ലാതേയും പെരുമാറേണ്ടവിധം സക്കുലറിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു.

"ഒരു തരം അസുഖവിചാരങ്ങൾ ന്യൂനപക്ഷസമൂഹങ്ങളിൽ വർദ്ധിച്ചുവരുന്നതായി കാണുന്നു. കോൺഗ്രസിൽനിന്നു ഇവരെ വിടത്തി എടുക്കുവാൻ രാഷ്ട്രീയപാർട്ടികൾ പല തരം പ്രചരണങ്ങൾ നടത്തുന്നുണ്ടു്. ഗവമ്മെൻറു് സവ്വീസിലും കോൺഗ്രസ് സംഘടനയിലും തങ്ങളോടു ന്യായമായി പ്രവത്തിക്കുന്നില്ലെന്നൊരു വിചാരം ന്യൂനപക്ഷങ്ങളിൽ വളൎന്നുവരുന്നു. ഇതു സകാരണമോ അകാരണമോ ആണെന്നുവരാം. എങ്കിലും അങ്ങനെ ഒന്നുണ്ടെങ്കിൽ അതിനു പ്രതിവിധി കാണേണ്ടിയിരിക്കുന്നു. ഒരു പ്രോവിൻസിൽനിന്നു 400 പ്രതിനിധികൾ തെരഞ്ഞെടുക്കപ്പെട്ടതിൽ മുസ്ലീമങ്ങളും ഇതരന്യൂനപക്ഷങ്ങളുമായി അഞ്ചോ ആറോ പേരു മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും, വളരെ പഴക്കമുള്ള കോൺഗ്രസ് മുസ്ലീമങ്ങൾക്കുപോലും തെരഞ്ഞെടുപ്പിൽ വിജയിക്കുവാൻ കഴിഞ്ഞില്ലെന്നും ഉത്തരവാദിത്വമുള്ള കോൺഗ്രസുകാർ തന്നെ പറയുന്നു. സാമൂഹ്യമായ സമ്പക്കങ്ങളാൽ മുസ്ലീമങ്ങളേയും ഇതരന്യൂനപക്ഷങ്ങളേയും തങ്ങളോടു അടുപ്പിക്കുവാൻ ഭൂരിപക്ഷസമുദായം ശ്രമിക്കേണ്ടതാണ്."

ന്യൂനപക്ഷസമുദായങ്ങളിൽ വളൎന്നുവരുന്നതു് സക്കുലറിൽ പറയുന്നതുപോലെ "ഒരു തരം അസുഖവിചാരങ്ങൾ" മാത്രമല്ല. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം, അവർ ഭീതിയോടുകൂടിയാണ് യഥാത്ഥത്തിൽ ജീവിക്കുന്നതെന്നു പറയാം. അവരുടെ ഭീതി ഉദ്യോഗമോ, സ്ഥാനമാനങ്ങളോ കിട്ടാത്തതിനെപ്പററി മാത്രമല്ല; ആലോചനസഭകളിൽ തങ്ങൾക്കു പ്രാതിനിദ്ധ്യം ലഭിക്കുന്നില്ലെന്നുള്ളതിനെപ്പററി മാത്രവുമല്ല. അവരുടെ വ്യക്തിപരവും മതപരവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ നീതിക്കു ചേന്ന വിധത്തിലെങ്കിലും ആദരിക്കപ്പെടുമോ എന്നാണ് ഭീതി. ഇതെല്ലാം അടിസ്ഥാനരഹിതമായ ഭീതിയല്ലെന്നുള്ളതിനു് ഹിന്ദുമഹാസഭയുടെ അദ്ധ്യക്ഷൻെറ പ്രസംഗംതന്നെ ഒന്നാംതരം തെളിവാണല്ലോ.

## നെഹ്റുസമക്ഷം ക്രിസ്ത്യൻ എം. പി. മാരുടെ നിവേദനം

വിദേശമിഷനറിമാരുടേയും ഇൻഡ്യൻ മിഷനറിമാരുടേയും സമാധാനപരമായ പ്രവത്തനങ്ങൾക്കെതിരായി പുറപ്പെട്ടിരിക്കുന്ന ഹിന്ദു ഭൂരിപക്ഷത്തിൻെറ ഈ വഗ്ഗീയവൈരത്തെ നിയന്ത്രിക്കുന്നതിനു ആവശ്യമായ നടപടികളെടുക്കണമെന്നു് അഭ്യത്ഥിക്കാൻ പാർലമെൻറിലെ ക്രിസ്ത്യൻ എം. പി. മാരുടെ ഒരു ഡെപ്യൂട്ടേഷൻ അടുത്തുതന്നെ പ്രധാനമന്ത്രി നെഹ്റുവിനെ സന്ദർശിക്കുവാൻ തീർച്ചയാക്കിയിരിക്കുന്നതു് സന്തോഷാവഹംതന്നെ. പ്രധാനമന്ത്രിക്കു സമപ്പിക്കേണ്ട മെമ്മോറാണ്ഡത്തിലെ പോയിൻറുകൾ ന്യൂഡൽഹിയിൽവച്ചു നടന്ന ക്രിസ്ത്യൻ എം. പി. മാരുടെ യോഗത്തിൽ തയ്യാറാക്കി. ഒട്ടധികം ക്രിസ്ത്യൻ എം. പി. മാരും കേന്ദ്രത്തിലെ ഏകക്രിസ്ത്യൻ മന്ത്രിപദം അലങ്കരിക്കുന്ന ശ്രീമതി രാജകുമാരി അമൃതകോറും യോഗത്തിൽ സംബന്ധിച്ചു. ക്രിസ്ത്യൻമിഷനറിമാർ അനുഭവിക്കുന്ന അവശതകൾ, അവക്കെതിരായി ആരംഭിച്ചിരിക്കുന്ന പ്രക്ഷോഭണത്തിൻെറ വഗ്ഗീയസ്വഭാവം, അതു് ഭരണഘടനാവിരുദ്ധമാണെന്ന വസ്തുത, ഇക്കായ്യങ്ങൾ മെമ്മോറാണ്ഡത്തിൽ പ്രത്യേകം ചൂണ്ടിക്കാണിക്കുന്നതു ആവശ്യംതന്നെ ക്രിസ്ത്യൻ പൗരന്മാക്കു് അവരുടെ സഹായത്തിനു വേണ്ടി വിദേശമിഷനറിമാരെ—അവരുടെ പേരിൽ രാഷ്ട്രീയമായ ആക്ഷേപങ്ങളൊന്നുമില്ലാത്തിടത്തോളം കാലം—ക്ഷണിക്കുവാൻ അവകാശമുണ്ടെന്നു് ഡെപ്യൂട്ടേഷൻ വാദിക്കുന്നതു ന്യായം മാത്രമായിരിക്കും. മദ്ധ്യപ്രദേശത്തെ ക്രിസ്ത്യൻമിഷനറിമാരുടെ പ്രവത്തനങ്ങളെപ്പററി അന്വേഷിക്കുവാൻ നിയമിച്ചിരിക്കുന്ന കമ്മീഷനിലെ ചില അംഗങ്ങൾ വഗ്ഗീയമനഃസ്ഥിതിയുള്ളവരാണെന്നും, കമ്മീഷനിലേക്കു നോമിനേററു ചെയ്തിരിക്കുന്ന ക്രിസ്ത്യൻ പ്രതിനിധി യഥാത്ഥ ക്രിസ്ത്യൻ പ്രതിനിധിയല്ലെന്നും അതുകൊണ്ടു മറെറാരാളെ നോമിനേററു ചെയ്യേണ്ടതാണെന്നും ഡെപ്യൂട്ടേഷൻ പ്രധാനമന്ത്രി

(ശേഷം 10-ാം പേജിൽ)



Reg. No. M. 2293

# Sathya Deepam

Vol. 27 Ernakulam, May 19, 1954 No. 37

# —വിവിധവൃത്താന്തങ്ങൾ—

### ടെലിവിഷനിലൂടെ വത്തിക്കാൻ രംഗങ്ങൾ

## പ്രദർശിക്കപ്പെടും

വത്തിക്കാനിൽ അടുത്ത ജൂൺ 6-ാംനു ഒരു ടെലവിഷൻ നിലയം സമുൽഘാടനം ചെയ്യപ്പെടുമെന്നറിയുന്നു. അതോടനുബന്ധിച്ച സെൻറ് പീറേഴ്സ് ബസ്ലീക്കായുടേയും വത്തിക്കാൻ അരമനയുടേയും ചിത്രങ്ങൾ പ്രദർശിക്കപ്പെടുന്നതും അന്നു പരിശുദ്ധ പിതാവു യൂറോപ്പിനു മുഴുവനും ടെലിവിഷൻവഴി സന്ദേശം നൽകിയേക്കാവുന്നതുമാണ്. പരിശുദ്ധപിതാവു വത്തിക്കാൻ അരമനയിലെ കൺസിസ്റ്റോറിയൽ ഹോളിൽ ആഗതനായി ഇംഗ്ലീഷ്, ഫ്റഞ്ച്, ജർമ്മൻ, ഇറ്റാലിയൻ എന്നീ ഭാഷകളിൽ പ്രസംഗിച്ചേക്കുമെന്നാണറിയുന്നത്. വത്തിക്കാനധികൃതർ അംഗീകരിക്കുകയാണെങ്കിൽ വാഴ്ത്തപ്പെട്ട പത്താംപീയൂസ് മാർപ്പാപ്പായുടെ വിശുദ്ധപദപ്രഖ്യാപനം തുടങ്ങിയ പരിപാടികൾ ബ്രിട്ടൻ, ഫ്രാൻസ്, ബൽജിയം, ഹോളണ്ട്, പശ്ചിമജർമ്മനി, ഡെൻമാർക്ക്, സ്വിററ്സർലണ്ട്, ഇററലി എന്നിവിടങ്ങളിലെ ജനങ്ങൾക്ക ജൂൺ 29-ാംനു ടെലിവിഷനിൽ കാണുവാൻ കഴിയുന്നതാണെന്നും അറിയുന്നു.

### 10-ാംപീയൂസിൻെറ

## നാമകരണസ്മാരകം

വാഴ്ത്തപ്പെട്ട പത്താം പീയൂസ് തിരുമനസ്സിലെ വിശുദ്ധപദപ്രഖ്യാപനസ്മാരകമായി മിലാനിൽ ഒരു ദേവാലയം പണികഴിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ദിവ്യകാരുണ്യപാപ്പാ എന്നറിയപ്പെടുന്ന 10-ാംപീയൂസ് തിരുമനസ്സിലേക്ക് കുട്ടികളുടെ ഒരു സ്നേഹസമ്മാനമായി ഈ ദേവാലയം സമർപ്പിക്കപ്പെടുന്നതാണ്. ഭൗതികതവും പാഷണ്ഡതകളും യുവതലമുറയെ അഭൂതപൂർവ്വമായവിധം ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ദിവ്യകാരുണ്യത്തിൽ അഭയം തേടുന്ന അനേകായിരം ബാലികാബാലന്മാരുടെ ഒപ്പുകളടങ്ങിയ ഒരു വലിയ ഗ്രന്ഥം പ്രസ്തുത ദേവാലയത്തിൻെറ അൾത്താരയിൽ സ്ഥാപിതമാകുന്നതാണ്.

### മരിയഭക്തരായ

## പ്രോട്ടസ്റ്റൻറുകാർ

മരിയൻജൂബിലി സ്മാരകമായി ബൽഫാസ്റ്റിലെ സെൻറ് മേരീസ് ദേവാലയത്തോടനുബന്ധിച്ച പണിയുവാനുദ്ദേശിച്ചിരിക്കുന്ന മണിമാളികയ്ക്കും ലൂർദ്ദ്ഗ്രോട്ടോയ്ക്കുംവേണ്ടി ഉത്തരഐർലണ്ടിലെ പ്രോട്ടസ്റ്റൻറുകാർ നിർലോഭം സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്നതായി സെൻറ് മേരീസ് ഇടവക വൈദികൻ വെളിപ്പെടുത്തിയിരിക്കുന്നു. "സ്ഥലത്തെ പ്രോട്ടസ്റ്റൻറുകാർ ഇപ്പോഴും കന്യകാമറിയത്തോടു ഭക്തിയുള്ളവരാണ്" എന്നദ്ദേഹം തൻെറ പ്രസ്താവനയിൽ പറയുകയുണ്ടായി. നവോത്ഥാനത്തിനുശേഷം നിർമ്മിക്കപ്പെട്ട ബൽഫാസ്റ്റിലെ പ്രഥമ കത്തോലിക്കാ ദേവാലയമായ സെൻറ് മേരീസ് 1784-ൽ ഉൽഘാടനം ചെയ്യപ്പെട്ടപ്പോഴും ഐർലണ്ടിലെ ബഹുഭൂരിഭാഗം പ്രോട്ടസ്റ്റൻറുകാരും പ്രസ്തുത ചടങ്ങുകളിൽ ആദരപൂർവ്വം സംബന്ധിക്കയുണ്ടായി. പുതിയ മണിമാളികയ്ക്ക് 50 അടി ഉയരമുണ്ടാകുമെന്നു പറയപ്പെടുന്നു.

### ദക്ഷിണ കൊറിയായിൽ

## സഭ വളരുന്നു

ഇക്കഴിഞ്ഞ ദുഃഖശനിയാഴ്ച ദക്ഷിണകൊറിയായിൽ 2000 അകത്തോലിക്കർ മാനസാന്തരപ്പെട്ട മാമ്മോദീസാ സ്വീകരിക്കയുണ്ടായെന്നു റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. അവരിൽ 50 പേർ സിയോൾ കത്തീഡ്രലിലും 57 പേർ തെക്കുപടിഞ്ഞാറൻ കൊറിയായിലെ വി. മോക്പോ ദേവാലയത്തിലും 90 പേർ ഉത്തരമദ്ധ്യകൊറിയായിലെ ചൂഞ്ചാൺ എന്ന സ്ഥലത്തുവച്ചുമാണു ജ്ഞാനസ്നാനം സ്വീകരിച്ചതു്. കഴിഞ്ഞ നാലു വർഷങ്ങൾക്കിടയിൽ ഇത്തവണ ആദ്യമായി സമാധാനാന്തരീക്ഷത്തിൽ ഈസ്റ്റർ ആഘോഷിക്കുവാൻ ഭാഗ്യം ലഭിച്ച കൊറിയാക്കാർ വിശുദ്ധവാരം പ്രമാണിച്ച് ദേവാലയങ്ങളിൽ പതിവില്ലാത്തവിധം തിങ്ങിക്കൂടിയിരുന്നു.

### ബ്രിട്ടനിൽ

## റഷ്യൻ ചാരന്മാർ

ബ്രിട്ടനിലെ റഷ്യൻ എംബസിയിലെ രണ്ടു ഉദ്യോഗസ്ഥന്മാർ ചാരവൃത്തിയിലേർപ്പെട്ടിരിക്കുന്നതായി ബ്രിട്ടൻ കണ്ടുപിടിച്ചിരിക്കുന്നു. മേയ് 7-ാംനു മുതൽ പത്തു ദിവസത്തിനകം അവരെ തിരികെ വിളിക്കണമെന്നു ബ്രിട്ടൻ റഷ്യയോടാവശ്യപ്പെട്ടിട്ടുണ്ട്.

### റഷ്യയുടെ രാഷ്ട്രീയ

## കൊലപാതകങ്ങൾ

പശ്ചിമജർമ്മനിയിൽ അഭയം പ്രാപിച്ച റഷ്യൻ രഹസ്യപ്പോലീസ് ഏജൻറ് നിക്കോളായ് ഖോക്ലോവ് വെളിപ്പെടുത്തിയ നിഷ്ഠൂരമായ സോവ്യററ് കൊലപാതകസംരംഭം സ്വതന്ത്രലോകത്തിനു ഞെട്ടലുണ്ടാക്കിയിരിക്കുന്നു. ഒരു റഷ്യൻ അഭയാർത്ഥിസംഘത്തിൻെറ നേതാവിനെ കൊലപ്പെടുത്തുന്നതിനുള്ള ക്രെംലിൻെറ ആജ്ഞയനുസരിക്കാതെ ഖോക്ലോവ് പശ്ചിമജർമ്മനിയിൽ അഭയംപ്രാപിക്കയാണുണ്ടായതു്.

ക്രെംലിൻ ഭയപ്പെടുത്തിയാണ് ഭരിക്കുന്നതെന്നു് ഇതിനുമുൻപുണ്ടായ ആരോപണങ്ങൾ വാസ്തവമാണെന്നു് ഈ സംഭവം തെളിയിക്കുന്നുവെന്നു് ലണ്ടൻ ഡെയ്‌ലി ടെലഗ്രാപ്പ് പറയുന്നു. സോവ്യററുകൾ റഷ്യക്കുള്ളിൽ അധികാരം പിടിച്ചടക്കിയതും മററു രാജ്യങ്ങളിൽ രാഷ്ട്രീയകൊലപാതകങ്ങൾ നടത്തുന്നതും റഷ്യൻ ജനത എതിർക്കാതിരിക്കുന്നതു് കമ്മ്യൂണിസത്തോടുള്ള സ്നേഹംകൊണ്ടല്ലെന്നും, സ്വന്തം കുടുംബങ്ങളെ സോവ്യററ് അധികൃതർ നശിപ്പിക്കുമെന്ന ഭീതികൊണ്ടാണെന്നും പ്രസ്തുത പത്രം ചൂണ്ടിക്കാട്ടുന്നു.

### റഷ്യയുടെ

## സൈനികച്ചെലവ്

സുപ്രീംസോവ്യററ് ഏതാനും ദിവസം മുൻപു് അംഗീകരിച്ച 1954-ലെ റഷ്യൻ ബഡ്ജററിൻെറ മൊത്തംതുക 56,270 കോടി റൂബിളോളമാണ്. ഇതിൽ 10,030 കോടി റൂബിൾ സൈനികാവശ്യങ്ങൾക്കത്രെ. ഇതു് 1953-ലെ രാജ്യരക്ഷാച്ചെലവിനേക്കാൾ 9 ശതമാനം കുറവാണെന്നു് "നിയമനിർമ്മാതാക്കളെ" അറിയിക്കുകയുണ്ടായി. പക്ഷെ, 9100 കോടി റൂബിളിൻെറ വകതിരിക്കാത്ത ഒരിനം എന്തിനാണെന്നു അവരോടു് പറഞ്ഞില്ല. ഇതിൻെറ മുഖ്യഭാഗവും പ്രത്യേക സൈനികപദ്ധതികൾക്കു് ചെലവഴിക്കാനുള്ളതാണ്. ഇതും സൈനികഗവേഷണം പോലുള്ള പദ്ധതികൾക്ക് നീക്കിവച്ചിട്ടുള്ള രഹസ്യത്തുകകളുംകൂടി കൂട്ടുകയാണെങ്കിൽ ഇപ്പോഴത്തെ സോവ്യററ് സൈനികച്ചെലവ് മുൻകൊല്ലങ്ങളെ അപേക്ഷിച്ച് കൂടുതലാണെന്നു വ്യക്തമാകും.

### കമ്മ്യൂ. ചൈനയിലും

## അടിമവേല

കമ്മ്യൂണിസ്റ്റ് ചൈനയിൽ അടിമവേലസമ്പ്രദായം നിലവിലുണ്ടെന്നുള്ളതിനു മതിയായ തെളിവുകൾ തങ്ങൾക്കു കിട്ടിയിട്ടുണ്ടെന്നു് തടങ്കൽ താവളസമ്പ്രദായങ്ങൾക്കെതിരായുള്ള സാർവ്വദേശീയ കമ്മീഷനിലെ രണ്ടു നിരീക്ഷകന്മാർ റിപ്പോർട്ടുചെയ്തിരിക്കുന്നു. ഫ്റഞ്ച് സാഹിത്യകാരനായ ഡേവിഡ് റൂസ്സെററും, റഷ്യയിൽ ജനിച്ച ഫ്റഞ്ച് ശാസ്ത്രജ്ഞനായ പ്രൊഫ. ആൽഫ്റഡ് ബലാംചോവ്സ്കിയുമാണ് നിരീക്ഷകന്മാർ. ഇവർ കമ്മീഷൻെറ ആഭിമുഖ്യത്തിൽ വിദൂരപൗരസ്ത്യദേശത്തു് പത്താഴ്ചത്തെ പര്യടനം നടത്തിയശേഷം അടുത്തയിടയാണു് മടങ്ങിയെത്തിയതു്. ടോക്കിയോ, ടയ്പേ, ഹോങ്കോങ്ങ്, റംഗൂൺ എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് ഇവർ ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരുമായി അഭിമുഖസംഭാഷണങ്ങൾ നടത്തുകയും അവരിൽനിന്നും ചൈനയിലെ അടിമവേലത്താവളങ്ങളെപ്പററി വിവരങ്ങൾ ശേഖരിക്കുകയുംചെയ്തു. കമ്മ്യൂണിസ്റ്റുചൈനയിൽ അടിമവേലസമ്പ്രദായം ഉണ്ടെന്ന വസ്തുത സംശയാതീതമായവിധം തെളിഞ്ഞിട്ടുണ്ടെന്നു റൂസ്സെററ് ചൂണ്ടിക്കാട്ടി. സമ്പൂർണ്ണമായ ഒരന്വേഷണം നടത്തണമെന്നു് ഇവർ കമ്മീഷനോടു് ശുപാർശചെയ്യുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

---

15-ാംതീയതിമുതൽ "കാളൻ'സ് ബുള്ളററിൻ" സ്കൂൾ ലൈബ്രറികൾക്കു സൗജന്യമായി കൊടുക്കുന്നതാണ്. ഉടനെ വിലാസങ്ങൾ അറിയിക്കുക.

കാളൻ, നെല്ലായി

---

### റഷ്യൻതൊഴിലാളിയുടെ

## വരുമാനം

1954 ഏപ്രിൽ 1-ാംനു റഷ്യ സാധനങ്ങളുടെ വിലനിരക്കുകൾ വെട്ടിക്കുറച്ചെങ്കിലും ഒരു സോവ്യററ് തൊഴിലാളിയുടെ യഥാർത്ഥവരുമാനം 1928-ലേതിനേക്കാൾ വളരെ കുറവാണെന്നു് യു. എസ്. ലേബർ ഡിപ്പാർട്ടുമെൻറ് നടത്തിയ ഒരു പഠനത്തിൽനിന്നു് വ്യക്തമാകുന്നു. ഒരു സോവ്യററ് തൊഴിലാളിക്ക് ഒരാഴ്ചത്തേക്ക് ആവശ്യമുള്ള റൊട്ടി, ഉരുളക്കിഴങ്ങ്, മാംസം, വെണ്ണ, മുട്ട, പാൽ, പഞ്ചസാര എന്നീ ഏഴു പ്രധാന ഭക്ഷ്യപദാർത്ഥങ്ങൾ വാങ്ങാൻ അയാൾ 1928-ൽ ജോലിചെയ്യേണ്ടിയിരുന്നതിനേക്കാൾ 43 ശതമാനം കൂടുതൽ സമയം ജോലിചെയ്യണമെന്നു് പ്രസ്തുത പഠനം വെളിപ്പെടുത്തുന്നു. സോവ്യററുറഷ്യയിലെ സ്ത്രീകളിൽ ഒരു വലിയ ശതമാനം വീട്ടിനുവെളിയിൽ ജോലിക്കു് പോകുന്നതിൻെറ ഒരു കാരണം, ഭക്ഷ്യപദാർത്ഥങ്ങൾക്കു് പണമുണ്ടാക്കാൻ കൂടുതൽ സമയം വേലചെയ്യണം എന്നതാണെന്നു് റിപ്പോർട്ടിൽ പറയുന്നു.

### വൈദികപദത്തിലേക്കു് വൈകിയ

## ദൈവവിളികൾ

കത്തോലിക്കാ മതത്തിലേക്കു് മാനസാന്തരപ്പെട്ടവരും വിവിധ ജീവിതവൃത്തികളിൽ ഏർപ്പെട്ടിരുന്നവരുമായ മൂന്നുപേർ ഈയിടെ വൈദികരായി. ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ ചരിത്രലക്ചററായിരുന്ന ഫാദർ ജോൺ ഓവൽ ഫാർഡ്വെൽ, ഒരു ബിസിനസ്സു പ്രവർത്തകനായിരുന്ന ഫാദർ ഫ്റാങ്കു കാവനാഫും, ഒരു കെമിസ്റ്റായിരുന്ന ഫാദർ ഗ്രിൽ ജോൺസുമാണ് ഈ മൂന്നു വൈദികർ. കഴിഞ്ഞ യുദ്ധത്തിനുശേഷം അവർ ബീഡാകോളേജിൽചേർന്നു് വൈദികപഠനം നടത്തുകയും കേണൽ ഫ്റാൻസിസിനോടൊപ്പം വൈദികപട്ടം നൽകപ്പെടുകയുമാണുണ്ടായതു്.

### യോദ്ധാവു്

## വൈദികനായി

കേണൽ ഫ്റാൻസിസ് ഓസ്‌വിൻ ഒ. ബി. ഈ, എം. സി. അവർകൾ കഴിഞ്ഞ വലിയ ശനിയാഴ്ച വിശുദ്ധ മർച്ചെല്ലാസിൻെറ ദേവാലയത്തിൽ വച്ചു വൈദികനായി അഭിഷേകം ചെയ്യപ്പെട്ടു. അദ്ദേഹത്തിനു 57 വയസ്സു പ്രായമുണ്ട്. അദ്ദേഹം ഒന്നാംലോകമഹായുദ്ധത്തിൽ റൈഫിൾ ബ്രിഗേഡിൽ "സൈനികക്കുരിശു്" ബഹുമതിമെഡൽ കൈക്കലാക്കി. രണ്ടാംലോകമഹായുദ്ധത്തിൽ ഒ. ബി. ഈ. സ്ഥാനത്തിനർഹനായി. ഓണററി കേണൽ കമാൻറ് എന്ന സ്ഥാനത്തോടുകൂടിയാണു് അദ്ദേഹം ഉദ്യോഗത്തിൽനിന്നു വിരമിച്ചതു്. 4കൊല്ലം മുമ്പു അദ്ദേഹം പോണ്ടിഫിക്കൽ ബീഡാ കോളെജിൽ ചേർന്നു വൈദികവിദ്യാഭ്യാസം ആരംഭിക്കുകയും ഇപ്പോൾ ഒരു വൈദികനായിത്തീരുകയും ചെയ്തിരിക്കുന്നു.

---

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

